2015 സെപ്റ്റംബർ 10
വാല്യം 08
ലക്കം 17
ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

# ചർച്ച് ഓഫ് ഗോഡ് ഓവർസീയർ ഇലക്ഷൻ തെറ്റിദ്ധാരണ പരത്തുന്നു

**അടുത്ത സെപ്റ്റംബറിൽ മാത്രം പുതിയ ഓവർസീയർ നിയമനം വരാനിരിക്കെ ഏകപക്ഷീയമായി സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചുകൊണ്ട് പാസ്റ്റർ പി. സി. ചെറിയാൻ നടത്തുന്ന തരം താണ പ്രചാരവേലകളാണ് പ്രതിഷേധത്തിനിടയാക്കിയത്.**

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ നടക്കാൻ പോകുന്ന ഓവർസീയർ ഇലക്ഷൻ സംബന്ധിച്ച് ഒരു മാധ്യമം നടത്തിയ വിചിത്രമായ നിരീക്ഷണത്തിനെതിരെ വ്യാപക പ്രതിഷേധം. അടുത്ത സെപ്റ്റംബറിൽ മാത്രം പുതിയ ഓവർസീയർ നിയമനം വരാനിരിക്കെ ഏകപക്ഷീയമായി സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചുകൊണ്ട് പാസ്റ്റർ പി. സി. ചെറിയാൻ നടത്തുന്ന തരം താണ പ്രചാരവേലകളാണ് പ്രതിഷേധത്തിനിടയാക്കിയത്. ചർച്ച് ഓഫ് ഗോഡിന്റെ മുൻനിരയിൽ നേതൃത്വ ദാരിദ്ര്യം ഉണ്ടെന്ന മട്ടിൽ എല്ലാവരെയും വെട്ടി നിരത്തിയും തരം താഴ്ത്തിയും നടത്തുന്ന പെയ്ഡ് ന്യൂസും കാമ്പയിനും സഭാനേതൃത്വം വളരെ ഗൗരവത്തോടെയാണ് നിരീക്ഷിക്കുന്നത്. ചിലർ ഈ വാർത്ത പരിഭാഷപ്പെടുത്തി വേൾഡ് മിഷന് അയച്ചുകൊടുത്തതായും അറിയുന്നു.

പാസ്റ്റർ പി. ജെ. ജെയിംസിന്റെ കാലാവധി അടുത്ത സെപ്റ്റംബർ വരെയുണ്ട്. എന്നാൽ അടുത്ത വർഷം ആദ്യം നടക്കുന്ന പ്രിഫറൻസ് ബാലറ്റിൽ 66% വോട്ട് നേടിയാൽ മാത്രമേ അദ്ദേഹത്തിന് തുടരാൻ കഴിയുകയുള്ളൂ. എന്നാൽ നിലവിലുള്ള നേതൃത്വത്തെ അസ്ഥിരപ്പെടുത്തുന്ന നീക്കങ്ങളാണ് പി. സി. ചെറിയാൻ നടത്തുന്നത്. പ്രിഫറൻസ് ബാലറ്റിന് മുമ്പ് നടക്കേണ്ട കൗൺസിൽ ഇലക്ഷനിൽ പ്രമുഖരായ നേതാക്കന്മാരെ തോല്പിക്കാനുള്ള ശ്രമത്തിലാണ് പി. സി. ചെറിയാൻ. പി.ജെ. ജെയിംസ് ഒരു ടേം കൂടി തുടരുവാൻ ഉള്ള ആഗ്രഹം പ്രകടിപ്പിച്ചു കഴിഞ്ഞിട്ടാണ് പി. സി. ചെറിയാൻ ഈ തന്ത്രം പ്രയോഗിക്കുന്നത്.

ഓവർസീയർ സ്ഥാനത്തേക്ക് സജീവമായി മത്സരരംഗത്ത് ഉണ്ടെന്നാണ് പി. ജി. മാത്യൂസ് പലരോടും പറഞ്ഞിരിക്കുന്നത്. പി. ജി. മാത്യൂസിന്റെ റിട്ടയർമെന്റ് സംബന്ധിച്ച് ചിലർ ബോധപൂർവ്വം തെറ്റിദ്ധാരണ പരത്തുകയാണ്. പി. ജി. മാത്യൂസിന് ഇനിയും വിരമിക്കാൻ രണ്ട് വർഷംകൂടി ഉണ്ട്. മാത്രമല്ല, റിട്ടയർമെന്റ് ലിഖിതമായ ഒരു നിയമവുമല്ല. ഇന്ത്യയിൽ ഇത് സംബന്ധിച്ച ഒരു ഏകീകൃത നിയമവും ഇല്ല. ഉത്തരേന്ത്യൻ ഓവർസീയർമാർ 65 വയസ് കഴിഞ്ഞും തുടർന്നിട്ടുണ്ട്. ഇപ്പോൾ തുടരുന്നുമുണ്ട്. കാരി സായ്പ് 80 വയസുവരെ വേൾഡ് മിഷൻ സ്റ്റാഫായിരുന്നു. 65 വയസ് എന്ന വിരമിക്കൽ പ്രായത്തിന് നിയമപരമായ സാധുതയില്ല. ഓവർസീയർ കസേരയിലേക്കുള്ള പി. സി. ചെറിയാന്റെ പാത എളുപ്പമാക്കാൻ വേണ്ടി മറ്റുള്ളവരെയെല്ലാം വെടക്കാക്കി തനിക്കാക്കാനുള്ള കുടില തന്ത്രമാണ് പ്രയോഗിക്കുന്നത്. പാസ്റ്റർ പി. ജി. മാത്യൂസിന് ഒരു അവസരം കൊടുക്കണമെന്ന ചിന്ത പരക്കെയുണ്ട്.

പാസ്റ്റർ സി. സി. തോമസും ഓവർസീയർ സ്ഥാനത്തേക്ക് സാധ്യത കൂടുതൽ ഉള്ള ആളാണ്. ഡിസ്ട്രിക്ട് പാസ്റ്റർ, കൗൺസിൽ അംഗം, സെമിനാരി അഡ്മിനിസ്ട്രേറ്റർ, വൈ. പി. ഇ. പ്രസിഡന്റ് എന്നീ നിലകളിൽ മികച്ച പ്രകടനം കാഴ്ചവെച്ച സി. സി. തോമസിന് ശുശ്രൂഷകന്മാരുടെ ഇടയിൽ വ്യക്തിപരമായ സ്വാധീനമാണുള്ളത്. യുവശുശ്രൂഷകന്മാരുടെ പിന്തുണ സി. സി. തോമസിനാണ്. വേൾഡ് മിഷന് താല്പര്യവും ഇദ്ദേഹത്തോടാണ്. ചർച്ച് ഓഫ് ഗോഡിലെ ഏത് ഓർഡൈന്റ് ബിഷപ്പിനും ഓവർസീയർ സ്ഥാനത്തേക്ക് മത്സരിക്കാം എന്ന കാഴ്ചപ്പാടാണ് വേൾഡ് മിഷനുള്ളത്. പോളിസിയിലും ജനറൽ അസംബ്ലി മിനിട്സിലും ഇത് വ്യക്തമാണ്. ചർച്ച് ഓഫ് ഗോഡ് ഒരു ആഗോള സഭയാണ്. കേന്ദ്രീകൃത ജനാധിപത്യമാണ് സഭയിൽ നിലനിൽക്കുന്നത്. പിരമിഡിക്കൽ ഭരണരീതി നിലനിൽക്കുന്ന എപ്പിസ്ക്കോപ്പൽ സിസ്റ്റമാണ് ചർച്ച് ഓഫ് ഗോഡിന്റേത്. വേൾഡ് മിഷന്റെ തീരുമാനങ്ങൾക്ക് പ്രസക്തി വളരെയാണ്. കേരളാ

09

## പി.എം.ജി. ചർച്ച് ഭാരവാഹികൾ


പാസ്റ്റർ കെ. കെ. ജോസഫ്


പാസ്റ്റർ ജോ ജോസഫ്


പാസ്റ്റർ പി.എം.പാപ്പച്ചൻ

**തിരുവനന്തപുരം:** ഏപ്രിൽ 23-ന് നടന്ന പി.എം.ജി. സഭയുടെ മിനിസ്റ്റീരിയൽ ബോഡി യോഗം പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ കെ. കെ. ജോസഫ് (ജനറൽ പ്രസിഡന്റ്), പാസ്റ്റർ ജോ ജോസഫ് (ജനറൽ സെക്രട്ടറി), പാസ്റ്റർ പി.എം.പാപ്പച്ചൻ (ജനറൽ ട്രഷറർ), പാസ്റ്റർ എം.എ.വർഗീസ് (മെമ്പർ), പാസ്റ്റർ കെ. എം.ജോർജ് (മെമ്പർ), പാസ്റ്റർ ജേക്കബ് നേസമണി (മെമ്പർ), പാസ്റ്റർ എസ്. ഹാരീസ് (മെമ്പർ), പാസ്റ്റർ ജോൺ ജോർജ് (മെമ്പർ), പാസ്റ്റർ വൈ. ശമുവേൽ (മെമ്പർ), പാസ്റ്റർ ജി.ജെ.അലക്സാണ്ടർ (കേരള സ്റ്റേറ്റ് പ്രസിഡന്റ്), പാസ്റ്റർ തോമസ് വർഗീസ് (കേരള സ്റ്റേറ്റ് സെക്രട്ടറി), പാസ്റ്റർ ജെയിംസ് ഉമ്മൻ (തമിഴ്നാട് സ്റ്റേറ്റ് സെക്രട്ടറി), പാസ്റ്റർ എസ്. മാത്യു (മഹാരാഷ്ട്ര സ്റ്റേറ്റ് പ്രസിഡന്റ്), പാസ്റ്റർ തോമസ് ജോൺ (മഹാരാഷ്ട്ര സ്റ്റേറ്റ് സെക്രട്ടറി), പാസ്റ്റർ കെ.വൈ. ബാബു (ഡൽഹി സ്റ്റേറ്റ് പ്രസിഡന്റ്), പാസ്റ്റർ ഷിബു ജേക്കബ് (ഡൽഹി സ്റ്റേറ്റ് സെക്രട്ടറി)

## ഭാരതപ്രാർത്ഥന യാത്ര സെപ്റ്റംബർ 14 മുതൽ കേരളത്തിൽ

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ നയിക്കുന്ന ഭാരത പ്രാർത്ഥന യാത്ര വിവിധ സംസ്ഥാനങ്ങൾ പിന്നിട്ട് സെപ്റ്റംബർ 14ന് കേരളത്തിലെത്തും. സെപ്റ്റംബർ 14ന് കാസർഗോഡ് ജില്ലയിൽ എത്തിച്ചേരുന്ന പ്രാർത്ഥനാ യാത്ര കേരളാ സ്റ്റേറ്റ് കൗൺസിൽ, പ്രസ്ബിറ്ററി, പ്രയർ ബോർഡ്, ഇവാഞ്ചലിസം ബോർഡ്, പി. വൈ. പി. എ. സംസ്ഥാന കമ്മറ്റി എന്നിവർ ചേർന്ന് സ്വീകരിക്കും. തുടർന്ന് സ്റ്റേറ്റ് കൗൺസിലിന്റെ നേതൃത്വത്തിലും ചുമതലയിലും കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, സുൽത്താൻബത്തേരി, നിലമ്പൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം, പെരുമ്പാവൂർ, വാളകം, കോട്ടയം, മുണ്ടക്കയം, കട്ടപ്പന, കുമളി, ആലപ്പുഴ, മാവേലിക്കര, കൊട്ടാരക്കര, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ വലിയ പ്രാർത്ഥനാ സമ്മേളനങ്ങൾ നടക്കും.

25ന് രാവിലെ 10 മണിക്ക് പത്തനംതിട്ട ജില്ലയിൽ പ്രവേശിക്കും. തുടർന്ന് കുമ്പനാട് ഹെബ്രോൻപുരത്ത് സമാപന പ്രാർത്ഥനാ സമ്മേളനം നടക്കും. 'ഭാരതത്തെ പ്രാർത്ഥനയിലൂടെ നേടാം' എന്നതാണ് ചിന്താവിഷയം. കേരളത്തിൽ വർദ്ധിച്ചു വരുന്ന സുവിശേഷ വിരോധികളുടെ അക്രമങ്ങൾ, ഹാളുകൾ പണിയുന്നതിനുള്ള അനുമതിയില്ലായ്മ, ദീർഘ വർഷങ്ങൾ പഴക്കമുള്ള സെമിത്തേരികൾ തടസ്സപ്പെടുത്തുക എന്നിവയക്ക് നിശ്ചയമായും പ്രാർത്ഥനാ മൂലം പരിഹാരം കാണുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാർത്ഥനാ സമ്മേളനങ്ങൾ നടക്കുന്ന സ്ഥലവും സമയവും സ്റ്റേറ്റ് കൗൺസിൽ കത്തു മുഖേന അറിയിക്കുന്നതാണ്. കേരളത്തിൽ നടക്കുന്ന ഈ പ്രാർത്ഥനാ യോഗങ്ങളുടെ വിജയത്തിനായി എല്ലാ സഭകളിലും കർത്തൃദാസന്മാർ പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് കേരളാ സ്റ്റേറ്റ് ആക്ടിംഗ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല ആക്ടിംഗ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലി എന്നിവർ അറിയിച്ചു.

## സാക്ഷി



പെയ്ഡ് ന്യൂസ് എന്നാൽ എന്ത്?

*ഓവർസിയർ സ്ഥാനത്തേക്ക് ഒരാൾ മാത്രം യോഗ്യനാണെന്ന് പത്രത്തിൽ വാർത്ത എഴുതിയത് ഇതിന് ഉദാഹരണം.*

## ആഷ്‌ലി മാഡിസൺ ഹാക്കിംഗ്: 400സഭാ നേതാക്കന്മാർ ലിസ്റ്റിൽ

പ്രകാശ് പി. കോശി

**കു**പ്രസിദ്ധമായ ഡേറ്റിംഗ് സൈറ്റായ ആഷ്‌ലി മാഡിസൺ ഹാക്ക് ചെയ്യപ്പെട്ടപ്പോൾ ഇവരുടെ സേവനം ഉപയോഗിച്ചിരുന്ന നാനൂറോളം സഭാനേതാക്കന്മാരുടെയും സഭാ പ്രവർത്തകരുടെയും പേരുകൾ പരസ്യമായി. അവിഹിത ബന്ധങ്ങൾക്കും വ്യഭിചാരത്തിനും വേണ്ടി പ്രവർത്തിക്കുന്ന ആഷ്‌ലി മാഡിസൺ ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് ഹാക്ക് ചെയ്യപ്പെട്ടത്. മൂന്ന് കോടി ഏഴുപത് ലക്ഷം പേരാണ് ഈ സൈറ്റിൽ രജിസ്റ്റർ ചെയ്ത് ഇവരുടെ സേവനം ഉപയോഗിച്ചത്. ഹാക്കർമാർ ഇവരുടെ പേരുകൾ വെളിപ്പെടുത്തിയപ്പോൾ ഏറ്റവും കൂടുതൽ ഞെട്ടൽ ഉണ്ടായത് ക്രൈസ്തവ സഭാ കേന്ദ്രങ്ങളിൽ നിന്ന് ആയിരുന്നു.




അമേരിക്കയിലും കാനഡയിലും ഉള്ള 400-ാളം പാസ്റ്റർമാർ, മൂപ്പന്മാർ, ഡീക്കൻസ് തുടങ്ങിയവരാണ് ഈ കുരുക്കിൽപ്പെട്ട് സഭയിൽ നിന്ന് പുറത്താവുകയോ അല്ലെങ്കിൽ രാജി സമർപ്പിക്കാൻ നിർബന്ധിതരാവുകയോ ചെയ്തത്. ഈ സൈറ്റിന്റെ മറ്റൊരു സർവ്വേയിൽ ഇതുപയോഗിക്കുന്ന 25% പേരും വിശ്വാസികളാണെന്ന് സൈറ്റ് അവകാശപ്പെടുന്നു. അനേകരുടെ രഹസ്യം പരസ്യമായതുകൊണ്ട് ഇതിലെ അംഗങ്ങൾ പലരും ആത്മഹത്യ ചെയ്തു. അനേകം കുടുംബങ്ങൾ തകർക്കപ്പെട്ടു. സഭകൾ ശിഥിലമായി.

അറിയപ്പെടുന്ന ദൈവശാസ്ത്രജ്ഞനും ലിഗ്നീർ മിനിസ്ട്രീസിന്റെ വക്താവുമായ റോബർട്ട് ക്രെയ്ഗ് ഈ വ്യഭിചാര സൈറ്റ് സന്ദർശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തി. റീഫോർമേഷൻ ബൈബിൾ കോളേജിൽ നിന്ന് ഇദ്ദേഹത്തെ പുറത്താക്കി.

മെമ്പർഷിപ്പ് ഫീസ് വാങ്ങി അവിഹിത ബന്ധത്തിനുള്ള സേവനങ്ങൾ നൽകുകയാണ് ആഷ്‌ലീ മാഡിസൺ. "ജീവിതം

04

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# ഐക്യമായി മുന്നേറാം



**ബ്രദർ രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**

യേശുക്രിസ്തു തന്റെ അനുഗാമികളെ പഠിപ്പിച്ചത് ഐക്യത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശമാണ്. പരസ്പരം ഭിന്നിക്കുന്നതും ഭിന്നിപ്പിക്കുന്നതും പൈശാചിക പ്രവർത്തിയാണ്. യോഹന്നാൻ 17-ാം അദ്ധ്യായത്തിൽ യേശുക്രിസ്തുവിന്റെ പ്രാർത്ഥനയിൽ താൻ പിതാവിനോട് അപേക്ഷിക്കുന്നത് ഇപ്രകാരമാണ്. പിതാവേ ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ ഇവരും നമ്മിൽ ഒന്നാകേണം. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ തന്റെ അനുഗാമികൾ ഒന്നായിരിക്കുവാൻ താൻ പ്രാർത്ഥിക്കുകയാണ്. ഫലം കായ്ക്കേണ്ടതിന് കൊമ്പ് മുന്തിരിവള്ളിയോട് ചേർന്നിരിക്കണമെന്ന് കർത്താവ് പറഞ്ഞതും ഐക്യത്തെ കാണിക്കുന്നതാണ്. യേശുക്രിസ്തു ആ മാതൃക നമുക്ക് കാട്ടിത്തന്നവനാണ്. തങ്ങളിൽ ആരാണ് വലിയവനെന്ന് പരസ്പരം വാദിച്ചു നടന്ന ശിഷ്യന്മാരുടെ മുമ്പിൽ ഒരു ശിശുവിനെ നിർത്തിയിട്ട് ശിശുവിനെപ്പോലെ ആകുവാൻ അവരോട് പറയുന്നു. അധികാര കസേരയ്ക്കുവേണ്ടി പരസ്പരം പോരടിക്കുന്ന പെന്തെക്കോസ്ത് സമൂഹം ഈ പാഠങ്ങൾ ഉൾക്കൊള്ളേണ്ടതാണ്. ആരാധിക്കുമ്പോഴും പ്രാർത്ഥിക്കുമ്പോഴും സുവിശേഷ പ്രവർത്തനത്തിനു പോകുമ്പോഴുമെല്ലാം ഒന്നിലധികം പേർ ഒന്നിച്ച് നിൽക്കുവാൻ ആണ് വചനത്തിൽ കാണുന്നത്. സുവിശേഷീകരണത്തിനായി ശിഷ്യന്മാരെ ഈരണ്ടു പേരായി അയച്ചു. പ്രാർത്ഥിക്കുമ്പോൾ രണ്ടു പേർ ഐക്യമത്യപ്പെട്ട് പ്രാർത്ഥിക്കുവാൻ പറഞ്ഞു. ആലയത്തിലേക്ക് പോകുമ്പോൾ മധുരസമ്പർക്കം ചെയ്ത് പോയതിനെക്കുറിച്ച് ദാവീദ് സങ്കീർത്തനത്തിൽ പറയുന്നുണ്ട്.

ഇവിടെയെല്ലാം കാണുന്നത് ദൈവജനം ഒന്നിച്ച് നിൽക്കേണ്ടതിന്റെ ആവശ്യകതയാണ്. ദൈവരാജ്യം നിങ്ങളുടെ ഇടയിൽ ഉണ്ടല്ലോ എന്ന കർത്താവിന്റെ വാക്കുകൾ ശിഷ്യന്മാരോടുണ്ടായത് ഓർക്കുക. വലിയവനാകുവാൻ ആഗ്രഹിക്കുന്നവനെല്ലാം താഴ്മ ധരിക്കുവാനാണ് വചനം പഠിപ്പിക്കുന്നത്. മറ്റുള്ളവരെ ശ്രേഷ്ഠനായി എണ്ണുവാൻ കഴിയണം.

ഇന്ന് പിശാച് ദൈവജനത്തിനിടയിൽ ഏറ്റവും അധികം ഉപയോഗിക്കുന്ന ആയുധം ഭിന്നതയുടേതാണ്. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൻ കീഴിൽ ആയിരിക്കുന്നു എന്ന് അവകാശപ്പെടുന്ന പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ സ്വയപരിശോധന നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇന്ന് നേതാക്കന്മാർ തമ്മിൽ തമ്മിലും ശുശ്രൂഷകർ തമ്മിലും എന്തിന് പ്രസ്ഥാനങ്ങൾ തമ്മിലും ഐക്യത ലവലേശം കാണ്മാനില്ല. മുഖ്യധാര പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളായ ഐ. പി. സി., ചർച്ച് ഓഫ് ഗോഡ്, അസംബ്ലീസ് ഓഫ് ഗോഡ് എന്നിവിടങ്ങളിലെല്ലാം അധികാരത്തിന്റെ അപ്പക്കഷണത്തിനുവേണ്ടി പരസ്പരം പോരടിക്കുന്ന നേതാക്കന്മാരെയാണ് കാണുവാൻ കഴിയുന്നത്. ഞായറാഴ്ചകളിൽ മാത്രം ഇക്കൂട്ടരിൽ വ്യാപരിക്കുന്ന ഒന്നാണോ പരിശുദ്ധാത്മാവ് എന്ന് സംശയിച്ചുപോയാൽ അത് തെറ്റാണെന്ന് പറയാനൊക്കുമോ?

ഇത് അന്ത്യകാലമാണ്. ദൈവജനം പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്നുപോകുകയാണ്. എന്നാൽ ഇത് തിരിച്ചറിഞ്ഞ് ഐക്യമായി നിൽക്കേണ്ടവർ പരസ്പരം ഭിന്നിച്ചുനിൽക്കുകയാണ്. എവിടെയും ഒരുതരം നിസംഗതയാണ് ദർശിക്കുവാൻ കഴിയുന്നത്. ഇവിടെ ലഭിക്കുന്ന സ്ഥാനമാനങ്ങൾക്കുവേണ്ടി ക്രിസ്തീയ മൂല്യങ്ങളെ ബലികഴിച്ചുകൊണ്ട് നയമാനെപ്പോലെ ലോകത്തിനുപിന്നാലെ ഓടുകയാണ്. വസ്തുവകകളും തോട്ടങ്ങളും കെട്ടിടങ്ങളും സമ്പാദിപ്പാൻ ഉള്ള വ്യഗ്രതയാണ് എവിടെയും. യഥാർത്ഥ ക്രിസ്തീയ ദൗത്യത്തെക്കുറിച്ച് തിരിച്ചറിഞ്ഞ് ദർശനം പ്രാപിച്ച് മടങ്ങിവരുവാൻ നമുക്ക് കഴിയേണം. ദൈവജനം ഐക്യമായി നിന്നാൽ ദൈവപ്രവർത്തി നമ്മുടെ ദേശത്ത് വെളിപ്പെടും. അധികാരത്തിന്റെ പിന്നാലെ പാഞ്ഞ് ദർശനം നഷ്ടപ്പെടുത്താതെ ദൈവവചനത്തിന് അനുസൃതമായി മാനസാന്തരത്തോട് കർത്താവിനെ പിൻപറ്റുവാൻ ഏവർക്കും കഴിയട്ടെ. വീശുമുറം കൈയിലുള്ളവൻ വരുവാൻ സമയമായിരിക്കുന്നു. ഓരോരുത്തനും അവനവന്റെ പ്രവർത്തിക്ക് തക്കവണ്ണം പ്രതിഫലം കൊടുക്കുന്നവന്റെ മുമ്പിൽ തല കുനിക്കാതെ നിൽപ്പാൻ നമുക്കൊരുങ്ങാം.

**യുവജന പംക്തി**

# പിശാചിനോട് എതിർത്തു നിൽക്കുക



**ബിനു ജോസഫ്**
**വടശ്ശേരിക്കര**

**യേശു പിശാചിനെ ജയിച്ചിരിക്കുന്നു**

മറ്റ് ചിലർ സ്വയം പറയും ഇന്ന് ഞാൻ പ്രാർത്ഥിച്ചില്ലെങ്കിൽ, ആരാധനയ്ക്ക് പോയില്ലെങ്കിൽ, സാത്താൻ പ്രവർത്തിക്കും എന്ന്. മടിയനായ സാത്താൻ താൻ ചെയ്യേണ്ട ചില കാര്യങ്ങളെപ്പറ്റി നാം ബോധവത്കരിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് പൌലോസ് പറയുന്നത്. "പിശാചിന് ഇടം കൊടുക്കരുത്" ഇടം കൊടുത്താൽ ഒട്ടകത്തിന് തലവെയ്ക്കുവാൻ സ്ഥലം കൊടുത്തതുപോലെയാകും. പിന്നെ ദൈവാത്മാവ് പുറത്തും സാത്താൻ അകത്തും ആകും.

കർത്താവിന്റെ നാമം വൃഥാ എടുക്കരുതെന്ന പോലെ പിശാചിന്റെ നാമവും വൃഥാ എടുക്കരുത്. നാം ഭയപ്പെടേണ്ടതും ആരാധിക്കേണ്ടതും ദൈവത്തെയാണ്. പിശാചിനെയല്ല, ഒരു ക്രിസ്തുഭക്തന് പിശാചിനെ പേടിക്കേണ്ട കാര്യം ഇല്ല. കാരണം പിശാചിന്റെ തലയെ കാൽവറിയിൽ യേശു തകർത്തിരിക്കുന്നു. ദൈവത്തോട് അടുത്ത് വസിക്കുന്നവനെ പിശാചിന് ഒരിക്കലും പരാജയപ്പെടുത്തുവാന് കഴിയുകയില്ല. കാരണം യേശുവാണ് അവനെ സംരക്ഷിക്കുന്നത്. യേശുവിലുള്ള വിശ്വാസക്കുറവാണ് ഭയത്തിനും ആശങ്കയ്ക്കും ആധാരം. അതുകൊണ്ടാണ് യേശു പറയുന്നത്, "നിങ്ങളുടെ ഹൃദയം കലങ്ങി പോകരുത്"(യോഹ.14:1)എന്ന്. കർത്താവിൽ ആശ്രയം വെക്കുന്നത് വെറും വാക്കിലാവരുത്. ജീവിതത്തിന്റെ എല്ലാ തുറയിലും വെളിവായി കാണണം. ചിലർ വാക്കാൽ മാത്രം വിശ്വാസം പ്രകടമാക്കുന്നവരാണ്. ഇത്തരക്കാർ ചെറിയ പ്രശ്നങ്ങളിൽ ക്ഷീണിതരായി പോകും. ദൈവത്തിലുള്ള വിശ്വാസം അളക്കുന്നത്, നാം നേരിടുന്ന പ്രതിസന്ധികളെ എപ്രകാരം നേരിടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്.



പ്രശ്നങ്ങൾ നേരിടുമ്പോൾ ചിലർ അതിനെ വിധിയായി കാണും. മറ്റ് ചിലർ പോരാട്ടമായി ചിത്രീകരിക്കും. എന്നാൽ ദൈവാശ്രയമുള്ളവൻ പറയും എന്റെ നന്മയ്ക്കായി ദൈവം തന്നതാണിതെന്ന്.

ജീവിതത്തിലെ പ്രശ്നങ്ങളെ പോരാട്ടമായി കണ്ട് പോകാതെ ദൈവത്തിലാശ്രയിക്കുക. പ്രശ്നങ്ങൾ ജീവിതത്തിന്റെ ഭാഗമാണ്. അതിനാൽ പഴിചാരി-ക്ഷീണിച്ച് പോകരുത്. പിശാചിനെക്കാൾ ശക്തനും ബലവാനുമായ യേശു എന്നോടു കൂടെയുണ്ട് എന്ന ബോദ്ധ്യം പ്രാപിക്കുവാൻ ശ്രമിക്കാം. ഭീതിയും ആകുലതയും വെടിയാം. പിശാചിനെയല്ല, ദൈവത്തെ ഭയക്കുക. ദൈവം നമ്മെ അതിനായിട്ട് ഒരുക്കട്ടെ.

**ഭയം എന്ന ആയുധം**

ഭയം (fear) ഇന്നൊരു വ്യാധി പോലെ മനുഷ്യനെ കീഴടക്കിയിരിക്കുന്നു. എന്തിനെയും ഏതിനെയും മനുഷ്യൻ ഭയക്കുന്നു. ഇന്നത്തെ ശാസ്ത്രം മനുഷ്യനുണ്ടാകുന്ന വ്യത്യസ്തഭയങ്ങളെ (phobias) പറ്റി പഠനം നടത്തി, പല തരം ഭയങ്ങൾക്ക് പേരും ഇട്ടിട്ടുണ്ട്. നടക്കാൻ സാദ്ധ്യതയുള്ളതോ, ഇല്ലാത്തതോ ആയവയെപ്പറ്റി സ്വന്തം മനസ്സിൽ ഉണ്ടാക്കുന്ന ഒരു തരം അങ്കലാപ്പാണ് ഭയം.

വിശുദ്ധബൈബിളിൽ ഭയത്തിനടിമപ്പെട്ട ഭക്തനാണ് ഇയ്യോബ്. തന്റെ ഭയം പോലെ കാര്യങ്ങൾ നടന്നുവെന്ന് താൻ അവസാനമായി സമാശ്വസിക്കുന്നു. എന്തെല്ലാമായിരുന്നു ഇയ്യോബിന്റെ ഭയങ്ങൾ എന്നത് നമുക്ക് വ്യക്തമല്ല, പക്ഷേ തന്റെ ജീവിതത്തിൽ എന്തോ സംഭവിക്കുമെന്ന തോന്നൽ (ഭയം) തന്നിൽ ഉണ്ടായിരുന്നു.

**ഭയം പിശാചിൽനിന്നോ?**

ഭയത്തിനുറവിടം പിശാചാണോ എന്ന് സംശയിക്കുന്നവർ ഉണ്ട്. എന്നാൽ ഭയം നാം തന്നെ ചിന്തിച്ച് ഉണ്ടാകുന്നതാണ്, അതിൽ പിശാച് കയറി ഇരിക്കുന്നുവെന്നു മാത്രം. നല്ലത് ചിന്തിക്കുവാൻ സമയം കണ്ടെത്താതെ ഭയപ്പെടുത്തുന്നതും ഭീകരവുമായത് ചിന്തിക്കാനും, തുടർന്ന് അതിനടിമപ്പെടുവാനും ശ്രമിക്കുന്നവരാണ് പലരും, ഭയം സ്നേഹംപോലെ തന്നെ ഒരു വികാരമാണ്. പക്ഷേ അതിരുവിട്ടാൽ അവൻ പിശാചിന് താവളമൊരുക്കുകയാണ്. 'ദൈവഭയം' എന്നത് നാം സാധാരണ ഉപയോഗിക്കുന്ന പദമാണ്. അതിന് അർത്ഥവത്തായ ഒരാശയം ഉണ്ടുതാനും. എന്നാൽ ദൈവത്തെ ഭയക്കേണ്ടത്, ദൈവം കോപിക്കും, ശിക്ഷിക്കും എന്ന ചിന്തയിലല്ല, മറിച്ച് ദൈവം എന്നെ സ്നേഹിക്കുന്നു. ഞാൻ തെറ്റ് ചെയ്താൽ ദൈവസ്നേഹം എന്നിൽനിന്ന് അകന്നുപോകും എന്ന ഭയമാണ് ആവശ്യം.

ചിലർ പിശാചിനെ ഭയക്കുന്നതിനാലാകാം പ്രാർത്ഥിക്കുന്നതും, ആരാധനയിൽ സംബന്ധിക്കുന്നതും. അതും നന്നല്ല.

പിശാചിന് ഇടം കൊടുക്കുന്ന തരത്തിലുള്ള ഭയത്തിനെയാണ് നാം പുറത്താക്കേണ്ടത്.

പണ്ട് ഒരു സ്ത്രീക്കുണ്ടായതും ഇതേ അനുഭവമാണ്. കട്ടിലിൽ ഉറങ്ങിക്കിടക്കുന്ന കുഞ്ഞിനെ ഒന്ന് നോക്കി, തുടർന്ന് മുകളിലേക്കും. അപ്പോഴാണ് കുഞ്ഞിന് മുകളിലായി തൂക്കി ഇട്ടിരിക്കുന്ന ഉറി കണ്ടത്. ആ ഉറി കയർപൊട്ടി താഴെ വീണാലോ? അയ്യോ അത് എന്റെ കുഞ്ഞിന്റെ മുകളിൽ വീഴും! കുഞ്ഞിന് അപകടം ഉണ്ടാകും. ചിന്തകൾ കാടു കയറി ആ സ്ത്രീ പെട്ടെന്ന് നിലവിളിക്കാൻ തുടങ്ങി. കേട്ടവരെല്ലാം ഓടിക്കൂടി.. എന്താ കാര്യം എന്നന്വേഷിച്ചു. കാര്യം കേട്ടവർക്കെല്ലാം സംഭവം ശരിയാണല്ലോ എന്ന് തോന്നി, അവരെല്ലാം ചേർന്ന് നിലവിളിക്കുവാൻ തുടങ്ങി. അപ്പോഴാണ് കൂട്ടത്തിൽനിന്ന് വൃദ്ധ

05

**എനിക്കും പറയാനുണ്ട്...**

# കെൻ ആൻഡേഴ്സനെതിരെ ഊമക്കത്ത്



**പാസ്റ്റർ സാംകുട്ടി മാത്യു**
**ചീഫ് എഡിറ്റർ**

കഴിഞ്ഞ ദിവസം ഒരു ക്രൈസ്തവ മാധ്യമത്തിൽ വന്ന വാർത്തയാണ് ഈ കുറിപ്പിന് ആധാരം. ചർച്ച് ഓഫ് ഗോഡ് ഏഷ്യാ പസഫിക് സൂപ്രണ്ടായ റവ. കെൻ ആൻഡേഴ്സനെതിരെ ഉണ്ടായ ഊമക്കത്ത് പ്രചാരണമാണ് ആ വാർത്തയിലെ വിഷയം. അഴിമതിക്കും സഭാരാഷ്ട്രീയത്തിനുമെതിരെ കർശനനിലപാടാണ് കെൻ ആൻഡേഴ്സനുള്ളത്. ഊമക്കത്തിൽ മുൻ സൂപ്രണ്ട് ഹെപ്നറെ പുകഴ്ത്തിയിട്ടുണ്ടത്രേ. ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് സഭകളുടെ ഇപ്പോഴത്തെ നിലവാര തകർച്ചയ്ക്ക് ഹെപ്നറും കാരണക്കാരനാണെന്ന ആരോപണം മുന്നമേ ഉയർന്നിരുന്നു. കഴിഞ്ഞ മാറ്റത്തിന് ഹെപ്നർക്ക് സ്ഥാനചലനം സംഭവിക്കുകയും കെൻ ആൻഡേഴ്സൻ കർശനനിലപാടോടെ രംഗത്ത് വരികയുമായിരുന്നു. അതുകൊണ്ടുതന്നെ ഈ ഊമക്കത്തിന്റെ പിന്നിൽ അധികാരം നഷ്ടപ്പെടാൻ സാധ്യതയുള്ളവരുടെ പങ്ക് തള്ളിക്കളയാനാവില്ല എന്നാണ് പറഞ്ഞ് കേൾക്കുന്നത്.

കഴിഞ്ഞ അമേരിക്കൻ യാത്രയിൽ കെൻ ആൻഡേഴ്സനോട് അടുത്ത് ഇടപെടുവാൻ എനിക്ക് കഴിഞ്ഞു. മുൻകൂട്ടി അനുവാദം വാങ്ങി അദ്ദേഹത്തിന്റെ ഓഫീസിൽ എത്തുകയായിരുന്നു. ഞങ്ങളെ കാത്തിരുന്ന അദ്ദേഹം ഓഫീസിനു വെളിയിലേക്ക് ഇറങ്ങി വന്ന് അകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. അദ്ദേഹവുമായി സംസാരിച്ചിരുന്നപ്പോൾ സമയം പോയത് അറിഞ്ഞതേയില്ല. വിനയാന്വിതനായ ഒരു മഹത് വ്യക്തിയായിട്ടാണ് എനിക്ക് അദ്ദേഹത്തെ തോന്നിയത്. ഇന്ത്യയ്ക്കായി തുടിക്കുന്ന ഒരു ഹൃദയത്തിന്റെ ഉടമയാണദ്ദേഹം. ഇന്ത്യയിലെ പട്ടിണി പാവങ്ങളെ സഹായിക്കുവാൻ അദ്ദേഹത്തിന് വലിയ താല്പര്യമാണുള്ളത്. അതിന്റെ ഭാഗമായി നോർത്തിന്ത്യയിൽ വിവിധ ചാരിറ്റി പ്രവർത്തനങ്ങളാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്. നല്ല ഒരു പൈലറ്റ് കൂടിയാണ് റവ. കെൻ ആൻഡേഴ്സൻ. വളരെ താഴ്മയുള്ള ആ ദൈവഭൃത്യൻ വളരെ ത്യാഗപൂർണ്ണമായി സുവിശേഷവേല ചെയ്യുന്ന വ്യക്തികൂടിയാണ്. ഇന്ത്യയിലെ ചാരിറ്റി വർക്കിനായി പണം കണ്ടെത്തുവാൻ അദ്ദേഹം ചെയ്തത് ഇവിടുത്തെ ധനമോഹികളായ നേതാക്കന്മാർ കണ്ടുപഠിക്കേണ്ടതാണ്. വലിയ വിശാലമായ ബംഗ്ലാവിനുടമയായിരുന്ന അദ്ദേഹം അതെല്ലാം വിറ്റിട്ട് വളരെ ചെറിയ ഒരു അപ്പാർട്ട്മെന്റിലേക്ക് താമസം മാറ്റി. തന്റെ ബംഗ്ലാവ് വിറ്റ് തനിക്ക് ലഭിച്ച പണം അദ്ദേഹം ഇന്ത്യയിലെ വേലയ്ക്കായി വിനിയോഗിച്ചു. ഞാൻ അദ്ദേഹത്തെ സന്ദർശിച്ച സമയത്താണ് അദ്ദേഹം ആ ചെറിയ അപ്പാർട്ട്മെന്റിലേക്ക് താമസം മാറുന്നത്. 5000 സഭകളുള്ള സെൻട്രൽ അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് സൂപ്രണ്ട് സ്ഥാനവും 7500 സഭകളുണ്ടായിരുന്ന മെക്സിക്കോ സെൻട്രൽ അമേരിക്ക, ബ്രസീൽ എന്നിവിടങ്ങളിലെ ഫീൽഡ് ഡയറക്ട് സ്ഥാനവും അദ്ദേഹം സ്വയമേവ ഒഴിയുകയും തദ്ദേശീയരെ ആ സ്ഥാനത്ത് കൊണ്ടുവരികയുമായിരുന്നു. സഭാ പൊളിറ്റിക്സ് ഒട്ടും ഇഷ്ടപ്പെടാത്ത ആളും മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്ന വ്യക്തിയുമാണ് ഇദ്ദേഹം.

മുളക്കുഴയിലെ ഓഫീസിൽ സന്ദർശനം നടത്തുമ്പോൾ പലപ്പോഴും ഞാൻ കെൻ ആൻഡേഴ്സനെ ഓർക്കാറുണ്ട്. അതിന്റെ കാരണം പറയാം. ഒരു പ്രവർത്തനവുമില്ലാതെ ബോർഡ് മാത്രം പ്രദർശിപ്പിച്ച് അതിന്റെ കീഴിൽ ഇരിക്കുന്ന കുറെ ചുമതലക്കാരെ ഞാൻ അവിടെ കണ്ടിട്ടുണ്ട്. അവരുടെ ഇരിപ്പും ഭാവവും ഒക്കെ കാണുമ്പോൾ എനിക്ക് ഓർമ്മ വരാറുള്ളത് ഭിത്തി താങ്ങി നിർത്തുന്ന പല്ലിയേയാണ്. പ്രായമുള്ള ദൈവദാസന്മാർ കയറിവരുമ്പോഴും ഞെളിഞ്ഞിരിക്കുന്ന ഇത്തരക്കാരെ കാണുമ്പോൾ പുച്ഛമാണ് തോന്നാറുള്ളത്. മറ്റുള്ളവരെ ബഹുമാനിക്കുക എന്ന സാമാന്യ മര്യാദ എന്നാണാവോ ഇക്കൂട്ടർ പഠിക്കുക. രണ്ടാമതായി അദ്ദേഹത്തെ ഓർക്കാനുള്ള ഒരു കാരണം കൂടി പറയാം. പത്താംക്ലാസ്സ് ജയിച്ചിട്ട് സുവിശേഷ വേലയ്ക്ക് ഇറങ്ങിയവർ ചുരുക്കം ആണ്. (പത്തിൽ തോറ്റ പലർക്കും ഇന്ന് പേരിനൊപ്പം M.Div ഉണ്ട്. അത് കാശ് കൊടുത്താൽ പഠിക്കാതെ തന്നെ M.Div കൊടുക്കുന്ന പുള്ളികൾ നൽകിയതാണ് പലരുടെയും പേരിനൊപ്പം കാണുന്ന ഈ വാല്). തകരപ്പെട്ടിയും കൊണ്ട് സുവിശേഷ വേലയ്ക്ക് ഇറങ്ങിയ നേതാക്കന്മാർ ഇന്ന് ശതകോടികളുടെ ഉടമകളാണ്. ക്രിസ്തുനിമിത്തം എല്ലാം നഷ്ടപ്പെടുത്തിയ പൗലോസിനെക്കുറിച്ച് വേദപുസ്തകം പഠിപ്പിക്കുന്നുണ്ട്. എന്നാൽ ക്രിസ്തുനിമിത്തം എല്ലാം നേടിയെടുത്ത ആധുനിക പൗലോസുമാരാണ് ചുറ്റും. ഈ അടുത്ത കാലത്ത് ഒരു ചർച്ച് ഓഫ് ഗോഡ് ഉപദേശി, (അദ്ദേഹം ഒരു നേതാവുകൂടിയാണ്) പറഞ്ഞത് പണം ഉണ്ടാക്കുവാൻ അറിയാമെങ്കിൽ അത് സംരക്ഷിക്കുവാനും അറിയാമെന്നാണ്. കെൻ ആൻഡേഴ്സനെപ്പോലെയുള്ള സമർപ്പിതരായ നേതാക്കന്മാരെ ഇകഴ്ത്തുവാൻ ശ്രമിക്കുന്നത് ഇവിടുത്തെ നേതാക്കന്മാരാണെന്ന് ആ പത്രം ആരോപിക്കുമ്പോൾ പെന്തെക്കോസ്ത് സമൂഹത്തിന്റെ ഒരു നേർചിത്രമാണ് നമുക്ക് ലഭിക്കുന്നത്.

നേതൃസ്ഥാനത്തെത്താനും, അത് ലഭിച്ചുകഴിഞ്ഞാൽ നഷ്ടപ്പെടാതിരിക്കാനും ഇവർ നടത്തുന്ന ശ്രമങ്ങൾ രസാവഹം തന്നെയാണ്. കഴിഞ്ഞ ഇലക്ഷൻ കാലത്ത് റവ. പി. ജെ. ജെയിംസിനുവേണ്ടി ഒരു വ്യക്തി പാസ്റ്റർമാർക്കെല്ലാം അയച്ച മൊബൈൽ സന്ദേശം ഇതായിരുന്നു "61 കാരനായ ജെയിംസ് സാറിന് ഒരവസരം നൽകുക" എന്നാൽ ജയിച്ചു കഴിഞ്ഞപ്പോൾ പ്രായം ഒറ്റയടിക്ക് 58-ായി മാറി. ഇപ്പോൾ ആ കസേര സ്വപ്നം കാണുന്ന റാന്നിക്കാരൻ എല്ലായിടത്തും തനിക്ക് 58 ആയി, അവസരം നൽകണമെന്നാണ് പറയുന്നത്. അടുത്ത വർഷം നടക്കുവാൻ പോകുന്ന ഓവർസിയർ ഇലക്ഷനുവേണ്ടിയുള്ള അണിയറ പ്രവർത്തനമാണ് ഇപ്പോൾ എവിടെയും. കുതികാൽ വെട്ട്, ഗ്രൂപ്പുകളി, പാരവെപ്പ്, അപവാദം പറച്ചിൽ, പരസ്പരം ചെളി വാരിയെറിയൽ ഇതെല്ലാം അണിയറയിൽ തകൃതിയായി നടക്കുകയാണ്. ചർച്ച് ഓഫ് ഗോഡിലെ ഇലക്ഷനുമായി ബന്ധപ്പെട്ട് ഒത്തിരി രസകരമായ അനുഭവങ്ങൾ ഓർമ്മയിൽ ഓടിയെത്തുന്നു. അത് അടുത്ത ലക്കത്തിൽ പറയാം.

**വേദ പഠനം**

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

– തുടർച്ച–

### അദ്ധ്യായം മൂന്ന്



**എഡിസൺ തോമസ്**
**വേങ്ങൂർ, 9961336353**

ഒരു രാജ്യമായാലും വീടായാലും സഭയായാലും ഭരിക്കുവാൻ ഭരണാധികാരികളോ ഉത്തരവാദിത്വപ്പെട്ടവരോ വേണം. അല്ലായെങ്കിൽ അവിടെ ശരിയായ നിലനിൽപ്പോ സമധനമോ, അഭിവൃദ്ധിയോ പുരോഗതിയോ വളർച്ചയോ ഉണ്ടാകുകയില്ല. ഇതുപോലെ ദൈവസഭയെ പരിപാലിക്കുവാൻ വേണ്ടി ദൈവം ശുശ്രൂഷകന്മാരെ നൽകിയിട്ടുണ്ട്.

സഭയുടെ തുടക്കത്തിൽ സഭയുടെ സുഗമമായ നടത്തിപ്പിനായി അഞ്ചുവിധ ശുശ്രൂഷകന്മാരെ ദൈവം നിയമിച്ചു, എഫെ:4:8-11. പ്രഥമശതകത്തിൽ പുരോഹിതന്മാരെ നിയോഗിച്ചതായി തിരുവചനത്തിൽ ഒരിടത്തും വായിക്കുന്നില്ല, അ. പ്രവ:6:1-7. ഈ ശുശ്രൂഷകന്മാരെ ദൈവത്തിന്റെയും ദൈവസഭയുടെയും ശുശ്രൂഷകന്മാരായിട്ടാണ് കാണുന്നത്. അല്ലാതെ സംഘടനയുടെയോ വ്യക്തികളുടെയോ ശുശ്രൂഷകന്മാരായിട്ടല്ല. പുതിയ നിയമസഭയിലെ അഞ്ചുവിധ ശുശ്രൂഷകന്മാരെ മനുഷ്യരുടെ കൈയിലെ അഞ്ചു കൈവിരലുകളോടു സാദൃശ്യപ്പെടുത്തി പറയാറുണ്ട്. അപ്പോസ്തലൻ ഒരു തള്ളവിരൽ പോലെ പ്രവർത്തിക്കുന്നു, അതിനു എല്ലാ വിരലുകളുമായി ബന്ധപ്പെടാൻ കഴിയും. സ്പർശിക്കുവാൻ കഴിയും പോലെ അപ്പോസ്തലിക ശുശ്രൂഷ മറ്റെല്ലാ ശുശ്രൂഷകളെയും ബന്ധിപ്പിക്കുന്നു. അതായത് അപ്പോസ്തലൻ സകലത്തേയും നിയന്ത്രിക്കുന്നു. ചൂണ്ടുവിരൽ പ്രവാചകനെ കാണിക്കുന്നു, അർത്ഥാൽ പ്രവാചകൻ ശരിയായ ദിശയും വഴിയും ചൂണ്ടികാണിന്നു. മദ്ധ്യത്തിലെ നീളമുള്ള വിരൽ സുവിശേഷകരെ സൂചിപ്പിക്കുന്നു. അവർ സുവിശേഷം അറിയിക്കുന്നവരാണ്. മോതിര വിരൽ ഉപദേഷ്ടാക്കന്മാരെ സൂചിപ്പിക്കുന്നു. ഇത് ഏറ്റവും ചെറുത് എന്നു തോന്നിയാലും മറ്റുള്ള വിരലുകളെ നിയന്ത്രിക്കുന്നതിൽ നിർണ്ണായകമായ സ്ഥാനം വഹിക്കുന്നു. അതിനാൽ ഉപദേഷ്ടാക്കന്മാരുടെ ശുശ്രൂഷ വളരെ പ്രധാനപ്പെട്ടതാണ്.



1. അപ്പോസ്തലന്മാർ- ഗ്രീക്കുഭാഷയിലെ 'അപ്പോ' (Apo) -അകലെ + സെറ്റെലോസ് (Stellos) അയയ്ക്കുക എന്ന് അർത്ഥം. അപ്പോൾ അകലേക്ക് അയയ്ക്കുക എന്നാണ് ഈ വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. ചുരുക്കത്തിൽ ഒരു പ്രത്യേക ദൗത്യത്തിനായി അയയ്ക്കപ്പെടുക, അധികാരികളാൽ അയയ്ക്കപ്പെടുന്ന എന്നൊക്കെ പറയാം. ഇന്നു ഇതിനു പകരം മിഷണറി എന്നോ പ്രേക്ഷിതപ്രവർത്തകൻ എന്നോ സ്ഥാനപതികൾ എന്നോ വിളിക്കാറുണ്ട്. യേശുക്രിസ്തു ഒരു അപ്പോസ്തലൻ ആയിരുന്നുവെന്നു യോഹന്നാന്റെ സുവിശേഷത്തിലും (17:3), എബ്രായ ലേഖനത്തിലും വായിക്കുന്നുണ്ട്

എബ്രാ:3:1 അപ്പോസ്തലന്മാരുടെ അടിസ്ഥാനയോഗ്യതകൾ-

1. കർത്താവിനാൽ വിളിക്കപ്പെട്ടവരും നിയമിക്കപ്പെട്ടവരുമായിരിക്കണം, മർക്കൊ:3:14-16, ലൂക്കോ:6:12-13
2. കർത്താവിന്റെ മരണ പുനരുത്ഥാനത്തിനു സാക്ഷികളായിരിക്കണം, പ്രവൃ:1:21-22, 1കൊരി:9:1-3
3. ശുശ്രൂഷയിൽ അത്ഭുതങ്ങളും അതിശയങ്ങളും അടയാളങ്ങളും നടന്നിരിക്കണം, 2 കൊരി:12:12
4. പുതിയ നിയമസഭയുടെ വെളിപ്പാടുകൾ സ്വീകരിച്ചവരായിരിക്കണം, എഫെ:2:20-21
5. പുതിയ നിയമസഭ സ്ഥാപിച്ചവരായിരിക്കണം

അപ്പോസ്തലിക ദൗത്യം എന്നത് പ്രധാനമായും ഭരണപരവും അടിസ്ഥാനപരവുമാണ്. അപ്പോസ്തലന്മാർ പ്രസംഗകർ ആകണമെന്നില്ല, വാക്ചാതുര്യം ഉള്ളവനും ആകണമെന്നില്ല. എന്നാൽ ശക്തമായ നേതൃത്വം കൊടുക്കുവാൻ കഴിയുന്നവരായിരിക്കണം.

2. പ്രവാചകന്മാർ- ഗ്രീക്കുഭാഷയിൽ പ്രൊഫെറ്റെസ് എന്നു പ്രൊ (Pro) ഫെമി (Phemi) മുൻക്കൂട്ടി പറയുക എന്നുമാണ് അർത്ഥം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ദൈവത്തോടു സദാ ബന്ധപ്പെടുന്ന വ്യക്തി എന്ന് ചുരുക്കം. പ്രവാചകൻ ദൈവത്തിനുവേണ്ടി തിളച്ചുമറിയുന്നവനാണ്. യിരെ:20:7,9, 23:29. നബി, റോയേ, ഹോശേ എന്നി പദങ്ങളും പ്രവാചകനോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിട്ടുണ്ട്. പുതിയനിയമസഭയ്ക്കും പ്രവാചകന്മാരെയും പ്രവചനവരത്തേയും നൽകിയിരിക്കുന്നു.

3. സുവിശേഷകന്മാർ- സുവിശേഷകന്മാർ എന്നു പറഞ്ഞാൽ സുവാർത്ത(ദൂത്)വാഹികളാണ്). അർത്ഥാൽ ദൈവത്തിന്റെ ഏകജാതനായ പുത്രനിലൂടെ നിത്യജീവൻ നല്കുന്നു എന്നുള്ള നല്ലവാർത്ത പ്രഖ്യാപിക്കുന്നവരാണ് സുവിശേഷകന്മാർ. ശുശ്രൂഷാമണ്ഡലത്തിൽ മറ്റേതു ജോലിയെക്കാളും ശുശ്രൂഷയെക്കാളും ഉന്നതവും ശ്രേഷ്ഠവും പ്രതിഫലവുമുള്ള ശുശ്രൂഷയാണ് സുവിശേഷം അറിയിക്കുന്ന ജോലി. പൗലോസ് തിമൊഥെയൊസിനോടു പറയുന്നത്; സുവിശേഷകന്റെ പ്രവർത്തി ചെയ്യുക എന്നാണ്, 2തിമൊ: 4:5. പുതിയനിയമത്തിൽ ഫിലിപ്പോസിനെ സുവിശേഷകൻ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പ്രവൃ:8:3-5, ലോകപ്രസിദ്ധനായ ഡോക്ടർ ബില്ലിഗ്രഹാം ഒരു സുവിശേഷകനാണ്. സുവിശേഷകന്റെ പ്രവർത്തിയായ സുവിശേഷീകരണം സ്വർഗ്ഗം കുനിഞ്ഞു നോക്കുന്ന ഒരു അനുഭവവും ശുശ്രൂഷയുമാണ്.

4. ഇടയന്മാർ- സഭയുടെ പരിപാലനത്തിന് വേണ്ടി നിയോഗിക്കപ്പെട്ടവരാണ് ഇവർ. ഗ്രീക്കിൽ പൊയ്മെൻ എന്നും ഇംഗ്ലീഷിൽ പാസ്റ്റർ ഇടയൻ, ബിഷപ്പ് എന്നുമാണ്. പ്രിസ്ബിറ്റർ, മൂപ്പൻ, ഓവർസീയർ എന്നും ഉപയോഗിച്ചിരിക്കുന്നു. മേൽനോട്ടക്കാരൻ എന്ന വാക്ക് ലത്തീൻ ഭാഷയിലെ എപ്പിസ്ക്കോപ്പ എന്ന വാക്കിൽ നിന്നുമാണ് വന്നിരിക്കുന്നത്. ഇന്നു ക്രിസ്തീയ സമൂഹത്തിൽ ഉപയോഗിക്കുന്ന ആർച്ചുബിഷപ്പും തിരുമേനിയും മെട്രോപ്പോലിറ്റനും മറ്റും ബൈബിളിൽ ഉപയോഗിച്ചിട്ടില്ല. ശുശ്രൂഷകളിൽ ഏറ്റവും പ്രയാസമേറിയ ശുശ്രൂഷയാണ് പരിപാലനം. ഒരു കൂട്ടത്തെ മുഴുവൻ മേയ്ച്ച് അവയ്ക്കുവേണ്ടതെല്ലാം നൽകണം. ഇതാണ് ഇടയന്റെ ശുശ്രൂഷ, 1പത്രോ:5:1-2.

5. ഉപദേഷ്ടാക്കന്മാർ-അഞ്ചാമത് പറഞ്ഞിരിക്കുന്നത് ഉപദേഷ്ടാവാണ്, ഡിഡാസ്ക്കലോസ് എന്നാണ് മൂലഭാഷയിൽ. റബ്ബി എന്നാണ് എബ്രായഭാഷയിൽ. ഗുരു എന്നാണ് മലയാളത്തിലും ഭാരതീയഭാഷയിലും, ഇതിന്റെ അർത്ഥം അദ്ധ്യാപകൻ എന്നാണ് എങ്കിലും ഇരുട്ടു നീക്കുന്നവൻ എന്നാണ് ശരിയായ അർത്ഥം. പൗലോസ് സഭകൾക്കു ടീച്ചർ ആയിരുന്നു, 1തിമൊ:2:7 ഇടയൻ ഒരു ഉപദേഷ്ടാവും ആയിരിക്കണമെന്നു പറയുന്നതിൽ തെറ്റില്ല.

04

ലേഖനം

# പരീശന്റേയും ചുങ്കക്കാരന്റേയും പ്രാർത്ഥന; “തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും”



ജോൺസ് പി. മാത്യൂസ്
ടെന്നസ്സി

പ്രചുരപ്രചാരമായ ഉപമയാണ് ബൈബിളിലെ പരീശന്റെയും ചുങ്കക്കാരന്റെയും പ്രാർത്ഥന. ആലങ്കാരികതയും ഗർവ്വും അഴിഞ്ഞാടുന്ന പ്രാർത്ഥന ഒരു വശത്ത്. അനുതാപത്തിന്റെയും താഴ്മയുടെയും നിലവിളിയുടെയും യാചനയുടെയും വികാരം ഇടകലർന്ന കദനസ്വരം മറുവശത്തും. ഇത് മുഴങ്ങുമ്പോൾ ദൈവം എന്ന ന്യായാധിപന്റെ മുമ്പിൽ വ്യത്യസ്തരായ രണ്ടു പേരുടെ പൊങ്ങച്ചത്തിന്റെയും താഴ്മയുടെയും സംഭാഷണമാണ് ഈ ഉപമയുടെ ഇതിവൃത്തം. യേശു ഈ ഉപമ പറയുമ്പോൾ ദൈവത്താൽ നീതികരിക്കപ്പെട്ടവനെ ചൂണ്ടിക്കാട്ടുകയാണിവിടെ. ഒപ്പം ആത്മീയത്തിലെ വേലിയേറ്റവും വേലിയിറക്കവും സൃഷ്ടിക്കുന്ന പ്രതിഭാസവും. പരീശന്റെയും ചുങ്കക്കാരന്റെയും പ്രാർത്ഥനയ്ക്ക് വ്യത്യസ്ത സമീപനമാണ് ദൈവം സാധ്യമാക്കിയത്.

എപ്പോഴും മറ്റുള്ളവരുടെ മുന്നിൽ ഉയർന്ന് നിൽക്കാൻ ആഗ്രഹിക്കുന്നവനാണ് പരീശൻ. അഹങ്കാരത്തിന്റെ ഉന്നത ഭാവം ഇവനിലൂടെ പ്രകടമാവുകയാണ്. പുറമെ അവൻ ദൈവത്തോടാണ് പ്രാർത്ഥിക്കുന്നതെന്ന് തോന്നുമെങ്കിലും തന്നിൽ നിന്നും നിർഗളിക്കുന്ന വാക്കുകൾ തന്നോട് തന്നെ പ്രാർത്ഥിക്കുകയാണ്. “ദൈവമേ! നാളുകൾ ഇരുന്ന് ഞാൻ ഉപവസിക്കും. കിറുകൃത്യമായി എല്ലാ യോഗത്തിനും മുടങ്ങാതെ സംബന്ധിക്കുന്നുമുണ്ട്. അതിനാൽ തന്നെ എന്റെ സാന്നിധ്യം ഇല്ലാത്ത ഒരു സ്റ്റേജും പള്ളിയിലില്ല. ഞാൻ ധനാഢ്യനും ഉന്നതകുല ജാതനുമായതിനാൽ നിന്നെ വാഴ്ത്തുന്നു. എന്റെ പിന്നിൽ നിൽക്കുന്ന ചുങ്കക്കാരന് ഇത് വല്ലതും അവകാശപ്പെടാൻ പറ്റുമോ കർത്താവേ?. ഏഴ് തലമുറയ്ക്ക് സ്വസ്ഥമായി ജീവിക്കാനുള്ള വക ഇന്ത്യയിൽ നിന്നും അമേരിക്കയിൽ നിന്നും ഞാൻ നേടിയിട്ടുണ്ട്. ബിരുദാനാന്തര ബിരുദധാരിയായ ഞാൻ തിയോളജിയിലും മാസ്റ്റർ ബിരുദം കരസ്ഥമാക്കിയിട്ടുണ്ട്. എനിക്ക് ലക്ഷ്വറി കാറുകൾ ഉണ്ട്. എന്നാൽ ചുങ്കക്കാരന് വിലകുറഞ്ഞ കാറാണുള്ളത്. എനിക്ക് കൊട്ടാരതുല്യമായ വീടുള്ളപ്പോൾ ഈ ചുങ്കക്കാരന് ഇതൊന്നുമില്ലെന്ന് കർത്താവ് മനസ്സിലാക്കണം. അവൻ താമസിക്കുന്നത് അപ്പാർട്ട്മെന്റിലാണ്. കർത്താവേ ഞാൻ വലിയ ഉദ്യോഗസ്ഥനും ബിസിനസ്സുകാരനുമാണ്. എന്നാൽ ചുങ്കക്കാരൻ.... ഛെ! നാലാം ക്ലാസ്സ് തൊഴിലാളിയാണ്. എന്റെ പേരിൽ പള്ളിയുണ്ട് അതിനാൽ പള്ളി തുടങ്ങിയ കാലം മുതൽ കമ്മിറ്റിയിലെ ഒരു കസേര എന്റെതായി മാത്രമുണ്ട്. സ്ഥിരമായ പദവി വഹിക്കുന്നതിനാൽ സ്ഥിരമായി നിന്നെ മഹത്വപ്പെടുത്താനും അതു മൂലം കഴിയുന്നു. സിറ്റിയിലും റീജിയനിലും പോലീസ് സ്റ്റേഷനിലും കോടതിയിലും ബാറിലും അങ്ങനെ എന്റെ സേവനം ലഭ്യമാകാത്ത ഒരു സ്ഥലവും ഇല്ല കർത്താവേ. പ്രാർത്ഥനയിൽ സമയം ചെലവിടുന്നവനാണ്. മിനിസ്ട്രിയിലും റേഡിയോ പ്രോഗ്രാമിലും ഞാൻ സജീവ പ്രവർത്തകനാണ്. ഭൂതത്തെ പോലും ഇറക്കാൻ ഉള്ള കഴിവ് എനിക്കുണ്ട്. ഈ ചുങ്കക്കാരന് ഇതൊന്നുമില്ല കർത്താവേ. ഇവൻ പാപിയാണ്. എന്നാൽ ഞാൻ അങ്ങനെയല്ല. ദിനം പ്രതി നീതികരിച്ചും വിശുദ്ധീകരിച്ചും ശക്തീകരിച്ചുമുള്ള ജീവിത രീതിയാണ് എന്റേത്. മറ്റുള്ളവരോട് നുണ പറയാൻ ലഭിക്കുന്ന ഒരവസരവും ഞാൻ പാഴാക്കാത്തതിനാൽ നിന്നെ വാഴ്ത്തുന്നു. അങ്ങയെ കാൺമാൻ എന്റെ കൺകൾ കൊതിക്കുന്നു. വേഗം വരേണമേ. ആമേൻ”.

സ്വരമുയർത്തി സ്വയം നീതികരിച്ച് തന്നോട് തന്നെ പ്രാർത്ഥിച്ച പരീശൻ, തന്റെ കസർത്തെല്ലാം ഭംഗിയായി നിർവ്വഹിച്ച് കഴിഞ്ഞപ്പോൾ പിന്നിൽ നിന്നും മാറത്തടിച്ച് നിലവിളിക്കുന്ന ശബ്ദം പരീശൻ കേൾക്കുകയാണ്. അത് മറ്റാരുടേയുമല്ല. മുമ്പേ പരിഹസിച്ച ചുങ്കക്കാരന്റേതായിരുന്നു. അവന്റെ കണ്ണുകളിൽ കൂടി ധാരധാരയായി ഒഴുകിയ നീർച്ചാലുകൾ ഒരു പക്ഷെ പരീശനെ പോലും ചിന്തിപ്പിച്ചിരിക്കാം. അവൻ ദൈവത്തോട് നിലവിളിക്കുകയാണ്. “ദൈവമെ, ഞാൻ പാപിയാണ്. നിന്റെ മുഖത്തേക്ക് നേക്കുവാൻ എനിക്കാവുന്നില്ല. തിരുസന്നിധിയിൽ നിൽപ്പാൻ ഞാൻ അർഹനല്ല. പറയത്തക്ക യാതൊരു യോഗ്യതയും എനിക്കില്ല. എങ്കിലും എന്നെ തള്ളിക്കളയരുതെ”.

പരീശൻ ചുങ്കക്കാരനേക്കുറിച്ച് കുറ്റങ്ങളും കുറവുകളും നിരത്തിയപ്പോൾ ചുങ്കക്കാരൻ പരീശനേകുറിച്ച് കുറ്റം പറയുവാൻ തുനിഞ്ഞില്ല. താൻ പാപിയാണെന്നുള്ള തിരിച്ചറിവ് ചുങ്കക്കാരനുണ്ടായി. ചുങ്കം പിരിക്കുന്നവനെങ്കിലും തരികിട അറിയാത്തവനാണ് ചുങ്കക്കാരൻ. ഇണക്കത്തിൽ പറ്റിക്കുന്ന ചെറിയാച്ചന്റെയും സിദ്ധാന്തം അറിയാത്തവനാണ് ചുങ്കക്കാരൻ. ചിരിച്ചു കൊണ്ട് കഴുത്തറുക്കുന്ന ബ്ലേഡ് കമ്പനിക്കാരൻ കുട്ടപ്പന്റേയും കെട്ടിപ്പിടിക്കുകയും ഒപ്പം തന്നെ അമ്പ് എയ്യുകയും ചെയ്യുന്ന ഇറച്ചി വെട്ടുകാരൻ ദാനിയേലിന്റെ സാഹസികതയും ചുങ്കക്കാരനറിയില്ല. ഊമക്കത്ത് വീരനും ചാത്തൻ ഗുഹ ചാത്തനുമായ കുഞ്ഞനിയൻ കിടിലൻ ശുശ്രൂഷയും ഇവനറിയില്ല. കച്ചവട മറവിൽ തട്ടിപ്പ് നടത്തുന്ന തിരുട്ട് റോളും ഇവനറിയില്ല. സെക്യ്യൂലറായും തിയോളജിപരമായും യാതൊരറിവും ചുങ്കക്കാരനില്ല. സ്ഥാനമാനത്തിനു വേണ്ടി ദൈവദാസന്മാരുടെ കാല് പിടിക്കുന്ന സ്വഭാവം ചുങ്കക്കാരൻ ചെയ്തിട്ടില്ല. നാബോത്തിന്റെ മുന്തിരിതോട്ടം കൊലച്ചതിയിലൂടെ കൈക്കലാക്കിയ ആഹാബിന്റെ ശിഷ്യനാകാനും ചുങ്കക്കാരൻ പോയില്ല. കെ.ജെ.വിയിൽ ഇല്ലെങ്കിൽ എൻ.ജെ.വിയിലുടെ കറങ്ങിനടന്ന് അവസാനം സാധാരണ പുസ്തകത്തിൽ കലാശകൊട്ട് തീർത്ത് മുക്കറയിടുന്ന പണിയും ചുങ്കക്കാരനറിയില്ല. ലക്ഷ്വറി വാഹനങ്ങൾ ഇല്ല. ആകെ കൂടിയുള്ളത് ഒരു പഴയ കൊറോളമാത്രം. താമസിക്കാൻ കൊട്ടാരമില്ല. അപ്പാർട്ട്മെന്റിൽ ജീവിതകാലം കഴിച്ചു കൂട്ടാനാണ് ചുങ്കക്കാരന്റെ വിധി. പ്രൊഫഷണൽ വരുമാനമില്ലാത്തതുകൊണ്ട് ജീവിതം കഷ്ടിച്ച് മുമ്പോട്ട് കൊണ്ടു പോവുകയാണ്. ചുങ്കക്കാരൻ. സ്ഥാനമില്ല മാനമില്ല നാൾ ഇതുവരെയും യാതൊരു പദവിയും ചുങ്കക്കാരനെ തേടിയെത്തിട്ടില്ല. നവീനമായ അറിവോ ആശയങ്ങളോ ഇല്ല. മദാമ്മമാരുടെ ചെലവിൽ മിഷണറി യാത്ര എന്ന പേരിൽ വിദേശ ടൂറ് നടത്തി സല്ലപിക്കാനുള്ള സൗഭാഗ്യങ്ങളും ചുങ്കക്കാരനെ തേടിയെത്തിയില്ല. ഒറ്റ ഇന്ത്യാക്കാരന്റെ ഭൂതത്തെ പോലും ഇറക്കുവാനുള്ള വരം ചുങ്കക്കാരന് ലഭിച്ചിട്ടില്ല. യാതൊരു വിധമായ അറിവും ചുങ്കക്കാരനില്ല. ചുങ്കക്കാരന് ആകെ അറിയാവുന്നത് താൻ ഒരു പാപിയാണെന്ന് മാത്രമാണ്. അതെ! താൻ ആരെന്ന് സ്വയമറിയുന്നതാണ് ലോകത്തിലെ ഏറ്റവും വലിയ അറിവ്. മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുന്ന പ്രകീയ. ഇത് ജീവിതത്തിൽ പകർത്തിയെങ്കിൽ മാത്രമേ താഴ്മ പ്രാപിക്കാൻ കഴിയൂ. ചുങ്കക്കാൻ സ്വയം തിരിച്ചറിഞ്ഞിരിക്കുന്നു താൻ ആരാണെന്ന്. പരീശനെ പോലെ ദൈവത്തോട് മറ്റുള്ളവരെ അവൻ ഇകഴ്ത്തി പറഞ്ഞില്ല. ശാപവാക്കുകൾ ഉരുവിട്ടില്ല. മുന്നിൽ നിൽക്കുന്ന പരീശനോട് അസൂയയില്ല. പകയില്ല, പിണക്കമില്ല. അതിനാൽ തന്നെ ചുങ്കക്കാരൻ പരീശനെ ഗൗനിച്ചില്ല. അവന് ദൈവത്തോട് പറയാൻ ഒന്നു മാത്രം “ദൈവമേ ഞാനൊരു പാപിയാണ്. എന്റെ പാപങ്ങളെ ക്ഷമിക്കേണമെ”. പൗലോസിനെ പോലെ “ഞാനോ ജഡമയൻ എന്ന് വിലപിക്കുകയാണിവിടെ”. ദൈവത്തെ അനുഗമിപ്പാൻ ഇച്ഛിക്കുന്നവൻ തന്നെത്താൻ ത്യജിക്കണം. പ്രാർത്ഥന ശത്രുവിനെ മിത്രമാക്കും. എന്നാൽ പരീശന്റെ പ്രാർത്ഥന ദൈവത്തിൽ നിന്നും കൂടുതൽ കോപം നേടുവാൻ സഹായിച്ചു. എന്നാൽ ശത്രുവായിരുന്ന ചുങ്കക്കാരൻ ദൈവത്തിന് മിത്രവുമായി.

ഈ പരീശൻ വലിയ പുള്ളിയാണ്. തപാൽ മാർഗ്ഗം നീന്തൽ പഠിക്കുന്നത് പോലെ ഇന്റർനെറ്റ് വഴിയാണ് ആത്മരക്ഷ പ്രാപിച്ചത്. ശരീരത്തിന്റെ വീണ്ടെടുപ്പും പ്രീമിയറിന്റെ ഡബിൾ ദോത്തിയും ഖട്ടാവു മില്ലിന്റെ സിൽക്ക് ജൂബായും വുഡ്ലാന്റിന്റെ ഹാഫ് ഷൂവും മോണലിസ കമ്പനിയുടെ ഗോൾഡൻ ഫ്രെയിം കണ്ണടയും ധരിച്ചാണ് പള്ളിയിൽ പ്രാർത്ഥിക്കാൻ വന്നത്. ദൈവത്തെ സമയത്തിനുള്ളിൽ പിടിച്ചു നിർത്താൻ റാഡോയുടെ ബി12-സീരീസ് വാച്ചും ധരിച്ചിട്ടുണ്ട്. ആത്മാവിന് മണക്കാൻ ബ്രൂട്ടിന്റെ പെർഫ്യൂമും അവിടവിടെയായി തേച്ചിട്ടുണ്ട്. എന്നാൽ മുഷിഞ്ഞ വേഷത്തിലാണ് ചുങ്കക്കാരൻ വന്നത്. പരീശന്റെയും ചുങ്കക്കാരന്റെയും പ്രാർത്ഥനയിൽ ദൈവത്തിന് സ്വീകാര്യമായത് ചുങ്കക്കാരൻ എന്ന പാപിയുടെതായിരുന്നു. ചുങ്കക്കാരെ മഹാപാപികളായിട്ടാണ് അന്നത്തെ ലോകം കണ്ടിരുന്നത്.

പരീശൻ സ്വരമുയർത്തി തന്നോട് തന്നെ പ്രാർത്ഥിച്ചു. എന്നാൽ അകൃത്യ ബോധത്തോടെ “എന്നോട് കരുണ തോന്നണമെ” എന്ന് കെഞ്ചിയവനെ ദൈവം നീതികരിച്ചു. അതെ, തന്നെത്താൻ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും (ലൂക്കോ:14:11) (ഇതിലെ പേരുകൾ സാങ്കല്പികം)

## കൺവൻഷൻ

**പാമ്പാടി:** ചർച്ച് ഓഫ് ഗോഡ് പാമ്പാടി ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 21, 22, 23 തീയതികളിൽ 12–ാം മൈൽ കോത്തലയിൽവച്ച് കൺവൻഷൻ നടന്നു. പാസ്റ്ററന്മാരായ പി.സി. ചെറിയാൻ, ജെയ്സ് പാണ്ടനാട്, പി.ഐ. ഏബ്രഹാം (കാനം അച്ചൻ) എന്നിവർ പ്രസംഗിച്ചു. ചർച്ച് ക്വയർ ഗാനങ്ങളാലപിച്ചു.

## സി. എ. സംസ്ഥാന യുവജന ക്യാമ്പ്

**മുംബൈ:** അസംബ്ലീസ് ഓഫ് ഗോഡിന്റെ യുവജന വിഭാഗമായ ക്രൈസ്റ്റ് അംബാസിഡേഴ്സ് (സി. എ.) ന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 17,18 തീയതികളിൽ നവിമുംബൈയിലെ പൻവേലിന് സമീപം ആനിമേഷൻ ആന്റ് റിന്യൂവെൽ സെന്ററിൽ (എ. ആർ. സി.) യുവജന ക്യാമ്പ് നടക്കും. കൗൺസിലിംഗ്, ഡിബേറ്റ്, ഓപ്പൺ ഫോറം, കരിയർഗൈഡൻസ്, മിഷൻ ചലഞ്ച്, ഗയിംസ് തുടങ്ങിയവ ക്യാമ്പിന്റെ പ്രത്യേകതകളാണ്. 17ന് രാവിലെ 9 മണിക്ക് സി. എ. പ്രസിഡന്റ് പാസ്റ്റർ മോൻസി കെ. വിളയിൽ അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ എ. ജി. മഹാരാഷ്ട്ര വെസ്റ്റേൺ ഡിസ്ട്രിക്ട് സൂപ്രണ്ട് റവ. വി. ഐ. യോഹന്നാൻ ഉദ്ഘാടനം ചെയ്യും. ക്യാമ്പിൽ വിവിധ സെക്ഷനുകളിലായി അനുഗ്രഹീത കർത്തൃദാസന്മാർ ക്ലാസുകൾ നയിക്കും. ‘ഉണരുവാനുള്ള നാഴിക വന്നിരിക്കുന്നു’ (റോമ. 13:11) എന്നതാണ് ചിന്താവിഷയം. വിവിധ കമ്മറ്റികളുടെ നേതൃത്വത്തിൽ ക്യാമ്പിന് ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

## സംസ്ഥാന ജനറൽ ക്യാമ്പ്

**പായിപ്പാട്:** യുവത്വം ജീർണ്ണിച്ചാൽ സമൂഹം ജീർണ്ണിക്കും. യുവത്വത്തെ നേർപാതയിലേക്ക് നയിക്കുക എന്നതാണ് സഭയുടെ കടമയെന്നും പ്രതിസന്ധികളെ അതിജീവിക്കുവാൻ പരിശുദ്ധാത്മ ശക്തിയാൽ നിറയണമെന്നും സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് പ്രസ്താവിച്ചു. പായിപ്പാട് ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരി ചാപ്പലിൽ വെച്ച് ആഗസ്റ്റ് 25 മുതൽ 27 വരെ നടന്ന സണ്ടേസ്കൂൾ & ഫെലോഷിപ്പ് സംസ്ഥാന ജനറൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു. പാസ്റ്റർ കെ.എ. തോമസ് ചിന്താവിഷയം അവതരിപ്പിച്ചു. പാസ്റ്റർമാരായ റവ. സി.ഡി. ഷാജി, വി.സി. യോഹന്നാൻ, കെ.കെ. ജെയിംസ്, ഗോഡ്ലി ജോൺ, പ്രിൻസ് റാന്നി, ഡോ. ഐസക്ക് മാത്യു, ബേബി ജോൺ, സുവി. പി.സി. തോമസ്, സിസ്റ്റർ സാറാമ്മ സണ്ണി, തുടങ്ങിയവർ ശുശ്രൂഷിച്ചു. നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നതായിരുന്നു ക്യാമ്പിന്റെ ചിന്താവിഷയം. സമാപന സമ്മേളനത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് അവാർഡ് നൽകി ആദരിച്ചു. പാസ്റ്റർമാരായ വി.വി. സുരേഷ് കെ., ഐ. രാജേഷ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## 03 വേദപഠനം.....

ഇങ്ങനെ അഞ്ചുശുശ്രൂഷകന്മാരാണ് ഉള്ളത്, ഇനി മറ്റൊരു കൂട്ടരുമുണ്ട്, അവരാണ് ഡീക്കൻ അഥവാ ശുശ്രൂഷകന്മാർ, 1തിമൊ:3:8-13. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദാസന്മാർ, അദ്ധ്യക്ഷന്റെ 16 വിശേഷ ഗുണങ്ങൾ പറയുമ്പോൾ തന്നെ ശുശ്രൂഷകന്റെ 8 ശ്രേഷ്ഠ ഗുണങ്ങളേയും രേഖപ്പെടുത്തിയിട്ടുണ്ട് 1തിമൊ:3:8-13.

ഇന്നത്തെ വേർപെട്ട സഭകളിൽ കാണുന്ന രീതികൾ പട്ടത്വസഭകളെപോലും വെല്ലുവിളിക്കുന്ന ആചാരങ്ങളും സമ്പ്രദായങ്ങളുമാണ്. ബിഷപ്പില്ല പക്ഷെ ബിഷപ്പിനെക്കാൾ വലിയ ആളായിട്ടാണ് പാസ്റ്റർമാരും സെന്റർ പാസ്റ്റർമാരും. മുകളിലുള്ളവരെ പ്രസാദിപ്പിച്ചില്ലായെങ്കിൽ സംഗതി ആകെ കുഴപ്പത്തിലാകും. പലപ്പോഴും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു പകരം മനുഷ്യരെ പ്രസാദിപ്പിക്കുകയാണ്.ദൈവം സഭയുടെ അദ്ധ്യക്ഷന്മാരാക്കി ചിലരെ നിയമിക്കുന്നത് പദവിക്കുവേണ്ടിയോ പണത്തിനുവേണ്ടിയോ അല്ല മറിച്ച് സഭയുടെ ശുശ്രൂഷകന്മാരായിട്ടും സഭയുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയാണ്. എന്നാൽ ഇന്നു കാണുന്നത് കൈയൂക്കും വോട്ടുപിടുത്തവും സ്വജനപക്ഷപാതവും തമ്മിലടിയും കുപ്രചരണങ്ങളും അപവാദങ്ങളും ആക്ഷേപങ്ങളുമാണ്. നേതാക്കന്മാർ അഥവാ, സഭയുടെ പ്രസിഡന്റ്, സെക്രട്ടറി ഇവരൊക്കെ ചെയ്യേണ്ടത് മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠന്മാർ എന്നെണ്ണി ദൈവസഭയെ നയിക്കണം. സഭയുടെ അഭിവൃദ്ധിക്കു വേണ്ടി പ്രവർത്തിക്കണം.

(തുടരും...)

## 01 ആഷ്‌ലി മാഡിസൺ....

ഹ്രസ്വമാണ്, ഒരു അവിഹിത ബന്ധം സ്ഥാപിക്കുക” എന്ന തത്വത്തിൽ 2011-ലാണ് ഈ സൈറ്റ് തുടങ്ങിയത്. അനേകം വിശ്വാസികളെ തെറ്റിലേക്ക് നയിക്കാൻ ഇത് കാരണമായി. പരസ്യമായ ശുശ്രൂഷയും ആത്മീക പ്രവർത്തനങ്ങളുമായി ജീവിതം നയിക്കുന്നവർ രഹസ്യത്തിലും തങ്ങളുടെ ജീവിതവും പ്രസംഗവും കാത്തു സൂക്ഷിക്കണം എന്നതിന് ഉദാഹരണമാണ് ഈ സംഭവം. സ്വവർഗ്ഗവിവാഹ നിയമകുരുക്കുകളും പരസ്യമായ സാത്താന്യ ആരാധനയും ക്രൈസ്തവരെ വെല്ലുവിളിക്കുമ്പോൾ, ആഷ്‌ലി മാഡിസണിലെ പാസ്റ്റർമാരുടെ പേരുകൾ വിശ്വാസികളെ കുറച്ചൊന്നുമല്ല നിരാശരാക്കിയത്. പാശ്ചാത്യസഭകളുടെ നിലനിൽപ് തന്നെ ചോദ്യം ചെയ്യപ്പെടുന്ന ഈ സമയത്ത് ഇതുപോലെ ഉള്ള വാർത്തകൾ അധർമ്മ മൂർത്തിയുടെ സ്വാധീനത്തിന്റെ അടയാളങ്ങളാണ്.

വീക്ഷണം

# വിദേശ പണം– എൻ. ജി. ഒ.കൾ സംശയനിഴലിൽ



റോബിൻ സാമുവേൽ

സംഘപരിവാർ നേതൃത്വം നല്കുന്ന കേന്ദ്രസർക്കാർ ഈയടുത്ത സമയത്ത് ഗ്രീൻപീസ് എന്ന സംഘടനയ്ക്ക് വിദേശ ധനസഹായം സ്വീകരിക്കുന്നതിന് വിലക്കേർപ്പെടുത്തിയത് വലിയ വാർത്തയായിരുന്നു. രാജ്യത്ത് പ്രവർത്തിക്കുന്ന എൻജിഒകൾക്ക് വിദേശധനസഹായം സ്വീകരിക്കുന്നതിന് നിയന്ത്രണങ്ങളേർപ്പെടുത്താൻ പോകുന്നുവെന്നും വാർത്തകളുണ്ടായി. ധനസഹായം പറ്റുന്ന സംഘടനകൾ രാഷ്ട്രവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെടുന്നുവെന്ന് സംഘപരിവാർ സംഘടനകൾ ദീർഘകാലമായി ആരോപണമുയർത്തുന്നുണ്ട്. മതപരിവർത്തനത്തിനായി സുവിശേഷ പ്രസ്ഥാനങ്ങൾ കോടികൾ ഒഴുക്കുന്നുവെന്നതും ഇവരുടെ കാലങ്ങളായുള്ള ആക്ഷേപമാണ്.

കേന്ദ്രസർക്കാർ പുറത്തുവിടുന്ന കണക്കുകൾ പ്രകാരം ഏതാണ്ട് നാല്പത്തി അയ്യായിരം സന്നദ്ധസംഘടനകളാണ് (42273) വിദേശധനസഹായം സ്വീകരിക്കുന്നതിനായി കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. മൂന്ന് വർഷമെങ്കിലും സന്നദ്ധപ്രവർത്തനങ്ങളിലേർപ്പെട്ട് കൃത്യമായ ട്രാക്ക് റെക്കോർഡ് ഉള്ള സ്ഥാപനങ്ങൾക്കാണ് FCRA (The Foreign Contribution Regulation Act) പ്രകാരം രജിസ്ട്രേഷൻ നല്കുന്നത്. എന്നാൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം രജിസ്റ്റർ ചെയ്ത സംഘടനകൾക്കയച്ച ഒരു നോട്ടീസിനോട് പ്രതികരിക്കാതിരുന്നത് 8975 സംഘടനകളാണ്. 510 വിലാസങ്ങളിലേക്കയച്ച നോട്ടീസാക്കട്ടെ മടങ്ങിവരികയും ചെയ്തു. ഈയൊരു സംഭവത്തിലൂടെ, എൻ.ജി.ഒകളിൽ നല്ലൊരു ശതമാനവും പേപ്പർ സംഘടനകൾ മാത്രമാണെന്ന് സർക്കാരിന് ബോധ്യപ്പെടുകയുണ്ടായി. കൂടാതെ പല സംഘടനകളും തങ്ങൾക്ക് ലഭിക്കുന്ന പണം വഴിമാറ്റുന്നതായും സർക്കാരിനു തെളിവു ലഭിച്ചു. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എൻ ജി ഒകൾ വിദേശ പണം കൈപ്പറ്റുന്നതിനായി സ്വകാര്യ ട്രസ്റ്റുകൾ രൂപീകരിക്കുന്നതായും പണം രാഷ്ട്രീയ പാർട്ടികൾക്ക് ചെന്നെത്തുന്നതുമായൊക്കെ സർക്കാർ കണ്ടെത്തി.

ഇതിനെ തുടർന്നാണ് വിദേശ ഫണ്ട് ദുരുപയോഗം തടയുന്നതിനായി കേന്ദ്രസർക്കാർ FCRA -യിൽ പുതിയ ഭേദഗതികൾ കൊണ്ടുവരുന്നത്. FCRA -യിൽ വരുത്തുന്ന ഭേദഗതിയിലൂടെ വിദേശപണത്തിന്റെ ദുരുപയോഗം UAPA പോലും ചുമത്താവുന്ന കുറ്റമാക്കി മാറ്റാൻ പോവുകയാണ്; എന്നുവെച്ചാൽ ദേശവിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ ജാമ്യം പോലും ലഭിക്കാത്ത കുറ്റം. എൻ ജി ഒകളുടെ ബാങ്കിടപാടുകൾ നേരിട്ടു നിരീക്ഷിക്കാൻ കഴിയുന്ന തരത്തിലും സർക്കാർ ഇടപെടലുകൾ വരികയാണ്.

വിദേശധനസഹായം പറ്റുന്ന നിരവധി സുവിശേഷ സംഘടനകളെയും നിയന്ത്രിക്കാൻ നീക്കം നടക്കുന്നതായാണ് അറിയുന്നത്. സുവിശേഷ സംഘടനകൾ ഉൾപ്പെടെ കേരളത്തിൽ നിന്നും ശരാശരി 1500–ലധികം സംഘടനകളാണ് ഓരോ വർഷവും വിദേശ ധനസഹായം കൈപ്പറ്റുന്നത്.

കഴിഞ്ഞ 5 വർഷം കേരളത്തിൽ നിന്നും വിദേശ ധനസഹായം കൈപ്പറ്റിയ സംഘടനകൾ

| വർഷം | എണ്ണം |
|---|---|
| 2014–15 | 741* |
| 2013–14 | 1508 |
| 2012–12 | 1607 |
| 2011– 12 | 1647 |
| 2010 – 11 | 1671 |

*2015 സെപ്റ്റംബർ ഒന്നു വരെയുള്ള കണക്ക്

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകൾ ഓരോ സാമ്പത്തിക വർഷം കഴിയുമ്പോഴും വരവു ചെലവു കണക്കുകൾ മന്ത്രാലയത്തിനു സമർപ്പിക്കേണ്ടതുണ്ട്. ഇവ ആർക്കും പരിശോധിക്കാവുന്ന തരത്തിൽ മന്ത്രാലയം പുറത്തുവിടുന്നുമുണ്ട്. മതസംഘടനകൾക്കു പുറമെ നിരവധി എൻ ജി ഒകളും വിദേശ ധനസഹായം സ്വീകരിക്കുന്നതിന് കേരളത്തിൽ നിന്നും അനുമതി നേടിയിട്ടുണ്ട്. ശ്രീചിത്തിര തിരുനാൾ ആശുപത്രി, കില, സിഡിഎസ്, ആലുവ ജനസേവ ഭവൻ, കേരളാ സ്റ്റേറ്റ് വഖഫ് ബോർഡ് തുടങ്ങി ഉദാഹരണങ്ങൾ നിരവധിയാണ്.

മതസംഘടനകളുടെ കാര്യമെടുത്താൽ വിവിധ ഹിന്ദു മുസ്ലീം സംഘടനകളെ കൂടാതെ നിരവധി പൗരോഹിത്യ സഭകൾ, കോൺവെന്റുകൾ, മിഷൻ ആശുപത്രികൾ തുടങ്ങി പെന്തെക്കോസ്ത് സഭകൾ, ബൈബിൾ സെമിനാരികൾ തുടങ്ങി സഭാ നേതാക്കളുടെ സ്വകാര്യ ട്രസ്റ്റുകൾ വരെ വിദേശ ധനസഹായം കൈപ്പറ്റുന്നുണ്ട്. കൈപ്പറ്റുന്ന വിദേശ പണം സുവിശേഷത്തിന്റെ വളർച്ചയ്ക്കും സഭകളുടെ ആരാധനാലയങ്ങൾ, ശ്മശാനം തുടങ്ങിയവയുടെ നിർമ്മാണം, പുതിയ മിഷൻ പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ബൈബിൾ കോളേജുകളുടെ പുരോഗതി, ദൈവദാസന്മാർക്കുള്ള സഹായങ്ങൾ തുടങ്ങിയ വിധത്തിൽ ചെലവഴിക്കുന്നതായാണ് മിക്ക മിഷൻ സംഘടനകളുടെയും റിപ്പോർട്ട് വ്യക്തമാക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമാണ്.

ഈ പറഞ്ഞതിന്റെ അർത്ഥം എല്ലാ മിഷൻ സംഘടനകളുടെയും പ്രവർത്തനങ്ങൾ സംശയാതീതമാണെന്നല്ല. പല സംഘടനകളുടെയും വാർഷിക റിപ്പോർട്ടുകളും പ്രവർത്തനങ്ങളും ഇനിയും സുതാര്യമാക്കേണ്ടിയിരിക്കുന്നു. ശരിയായ മേൽവിലാസം പോലും നൽകാൻ മടിക്കുന്ന സംഘടനകളുടെ വാർഷിക റിപ്പോർട്ടുകൾ എങ്ങനെ നാം വിശ്വസിക്കും. പല മിഷൻ സംഘടനകളും വ്യക്തികളുടെ വിലാസത്തിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്; പോരാത്തതിന് ഒരേ വിലാസത്തിൽ ഒന്നിലധികം സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. എ.എം.റോഡ്, പെരുമ്പാവൂർ, കോട്ടയം എന്ന വിലാസത്തിലും, എ.എം.റോഡ്, പെരുമ്പാവൂർ, എറണാകുളം എന്ന വിലാസത്തിലും രണ്ട് സംഘടനകൾ വിദേശ സഹായം സ്വീകരിക്കുന്നുണ്ട്.

ഫോട്ടോസ്റ്റാറ്റ്, ഡി.റ്റി.പി സെന്ററുകളിൽ ചെലവ്, ടയർ കടകളിൽ ചെലവ്, പത്രപ്പരസ്യം നൽകൽ, പശുവളർത്തൽ, കൃഷി തുടങ്ങിയവയ്ക്കൊക്കെയായും തുകകൾ ചെലവഴിച്ച മിഷൻ സംഘടനകളുണ്ട്. അഫ്ഗാനിസ്ഥാനിൽ നിന്നു പോലും പണം കൈപ്പറ്റിയ മിഷൻ സംഘടനയും കേരളത്തിലുണ്ട്. 'നവഭാരതത്തിലെ ഒരു ദൈവസഭ' 2013 –14 സാമ്പത്തിക വർഷം സുവിശേഷത്തിന്റെ പേരിൽ കൈപ്പറ്റിയ തുകയിൽ ഒരു പങ്ക് SUCI എന്ന പേരിലറിയപ്പെടുന്ന സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇൻഡ്യ എന്ന തീവ്ര വിപ്ലവപ്പാർട്ടിക്ക് സംഭാവന നല്കിയതായും രേഖയുണ്ട്. അമേരിക്കൻ പ്രസിഡന്റിന്റെ ഇൻഡ്യാ സന്ദർശനത്തിനെതിരെ ശക്തമായി പ്രതിഷേധിച്ച സംഘടനയായ SUCI-യാണ് അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നും ലഭിച്ച പണത്തിന്റെ പങ്കു പറ്റിയതെന്നതാണ് രസകരം. കോൺഗ്രസും, കമ്യൂണിസ്റ്റും ബിജെപിയുമൊക്കെയുള്ള നാട്ടിൽ SUCI യ്ക്ക് മാത്രം സംഭാവന,എന്നതിന്റെ യുക്തിയും സംശയകരമാണ്. പെന്തെക്കോസ്ത് സംഘടനകളിൽ കൂടുതൽ വിദേശധനസഹായം പറ്റുന്ന തിരുവനന്തപുരം ആസ്ഥാനമായ ഒരു അസോസിയേഷന്റെ കാര്യവും ചിന്തനീയമാണ്. 2013 – 14 വർഷം പത്ത് കോടിയിലധികം തുക കൈപ്പറ്റിയ ഇവർക്ക് കേരളത്തിലെ പല സഭകൾക്കും സ്വന്തമായി ആരാധനാലയങ്ങളോ സെമിത്തേരികളോ ഇല്ല!.

മിഷൻ ലക്ഷ്യങ്ങൾക്കപ്പുറം ധനസമ്പാദനം ലക്ഷ്യമായിട്ടുള്ള സംഘടനകളാണ് കണക്കിൽ തിരിമറി നടത്തുന്നതും മുഴുവൻ മിഷൻ സംഘടനകൾക്കും പഴി കേൾപ്പിക്കുന്നതും, അതുകൊണ്ട് ഇത്തരം വഴിവട്ട നീക്കങ്ങൾ വിമർശിക്കപ്പെടേണ്ടതും തുറന്ന് കാട്ടേണ്ടതുമാണ്. ആരംഭകാലത്തെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാരണം പലപ്പോഴും വ്യാജന്മാർ തിരിച്ചറിയപ്പെടാതെ പോവുകയാണ്. പതിനായിരക്കണക്കിന് സംഘടനകൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് സമർപ്പിക്കുന്ന വാർഷിക കണക്കുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കപ്പെടാതെ പോവുന്നതും കൃത്യമായ പരാതികളുടെ അഭാവവുമാണ് ധനദുർവിനിയോഗം തുടരുന്നതിന് കാരണമാകുന്നത്.

"NGOS activists and foreign funds; antination industry" എന്ന പേരിൽ വിദേശഫണ്ടു പറ്റുന്ന സംഘടനകൾക്കെതിരെ പുസ്തകമിറക്കിയ സംഘപരിവാർ എൻ ജി ഒ വിരുദ്ധ നീക്കങ്ങൾക്ക് ആക്കം പകർന്നിരിക്കയാണ്. ഇന്നല്ലെങ്കിൽ നാളെ വിദേശഫണ്ടുകൾ സ്വീകരിക്കുന്നതിന് നിയന്ത്രണം വരുമെന്നതിൽ സംശയമില്ല. അതാകട്ടെ നേരെ ചൊവ്വേ സുവിശേഷ പ്രവർത്തനം നടത്തുന്ന ആരും കാരണമായിരിക്കയില്ല; മറിച്ച് അതിന്റെ പേരിൽ ധനസമാഹരണം മാത്രം ലക്ഷ്യമാക്കിയ ചിലർ കാരണമായയിരിക്കും. ചത്ത ഈച്ച തൈലം മുഴുവൻ നാറുമാറാക്കുമെന്നു ചുരുക്കം.

## കൺവൻഷൻ

**പൂയപ്പള്ളി:** പൂയപ്പള്ളി ഐ.പി.സിയുടെ പുത്രികാ സംഘടനായ പി.വൈ.പി.എ യുടെ ആഭിമുഖ്യത്തിൽ കൺവൻഷൻ സെപ്തംബർ 18,19,20 തീയതികളിൽ പൂയപ്പള്ളി നെയ്തോട് വച്ച് നടക്കും. പാസ്റ്റർമാരായ അജി ആന്റണി, ജെയ്സ് പാണ്ടനാട്, എബ്രഹാം എന്നിവർ പ്രസംഗിക്കും. പാസ്റ്റർ മനോജ് കുഴിക്കാല നേതൃത്വം നൽകും.

## ദുരുപദേശഖണ്ഡന സെമിനാർ

**കാഞ്ഞിരപ്പള്ളി:** പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യാ കാഞ്ഞിരപ്പള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ദുരുപദേശഖണ്ഡന സെമിനാർ സെപ്റ്റംബർ 19ന് രാവിലെമുതൽ കാഞ്ഞിരപ്പള്ളി ഗോൽഗോഥാ എ.ജി. ചർച്ചിൽ വച്ച് നടക്കും. വേദാദ്ധ്യാപകനും പ്രഭാഷകനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് ക്ലാസ് എടുക്കും. ഹൈപ്പർഗ്രേസ്, സമൃദ്ധിയുടെ സുവിശേഷം, അൾട്രാ കാൽവിനിസം, ആത്മവിവശത, അഗ്നി അഭിഷേകം, ഊതി വീഴ്ത്തൽ,ശാപം മുറിക്കൽ, ന്യൂജനറേഷൻ ദൈവശാത്രം എന്നീ വിഷയങ്ങളെപ്പറ്റി ചർച്ചകൾ നടക്കും. പാസ്റ്റർമാരായ ജോമോൻ ദേവസ്യ, സാബു കൊച്ചുമ്മൻ, തോമസ് നടുവത്താനി എന്നിവർ നേതൃത്വം നൽകും.
ഫോൺ. 9446188004, 9447564367

കല്ലുകടി

## പോസ്റ്റു വേണോ പോസ്റ്റ്

ചർച്ച് ഓഫ് ഗോഡിൽ ഇനി വരാൻ പോകുന്നത് ഇലക്ഷനുകളുടെ കാലമാണ്. ജനുവരിയിൽ കൗൺസിൽ ഇലക്ഷനും മെയ് മാസത്തിൽ ഓവർസിയർ ഇലക്ഷനും നടക്കും. ഓവർസിയർ സ്ഥാനത്തേക്ക് എത്തിച്ചേരുവാൻ റാന്നിക്കാരൻ കിണഞ്ഞു ശ്രമിക്കുകയാണ്. ഒരു പത്രത്തിൽ തനിക്കാണ് സാധ്യതയെന്ന് വാർത്ത വരുത്തിക്കഴിഞ്ഞു. ശുശ്രൂഷകർക്കെല്ലാം ഇദ്ദേഹത്തോട് പൊതുവേ അസംതൃപ്തിയാണ്. അതിനു കാരണങ്ങൾ പലതാണ്. അതുകൊണ്ടുതന്നെ ആളുകളെ കൂടെക്കൂട്ടാൻ സർവ്വതന്ത്രങ്ങളും പയറ്റുകയാണ് ഇദ്ദേഹം. അതിനുകണ്ട മാർഗ്ഗങ്ങളിൽ ഒന്നാണ് തന്നെ ഓവർസിയർ ആക്കിയാൽ പോസ്റ്റ് തരാമെന്ന് പറഞ്ഞ് പാസ്റ്റർമാരെ സ്വാധീനിക്കുക. പക്ഷെ, കക്ഷിക്ക് പറ്റുന്ന അബദ്ധം കക്ഷി മാത്രം അറിയുന്നില്ല. ഒരു പോസ്റ്റ് തന്നെ പലർക്ക് വാഗ്ദാനം ചെയ്യുന്നു. വാഗ്ദാനം കിട്ടിയവർ ഒത്തുകൂടുമ്പോൾ സംഗതി പരസ്യമാകുന്നു. ഉദാഹരണത്തിന് അസിസ്റ്റന്റ് ഓവർസിയർ സ്ഥാനം പലർക്ക് നൽകാമെന്നാണ് ഇദ്ദേഹം ഓരോരുത്തരോടും പറഞ്ഞിരിക്കുന്നത്. ഇപ്പോൾ തന്നെ നാലഞ്ചുപേരോട് ഈ സ്ഥാനം കൊടുക്കാമെന്ന് പറഞ്ഞുകഴിഞ്ഞു. വൈ. പി. ഇ. പ്രസിഡന്റ്, സണ്ടേസ്കൂൾ പ്രസിഡന്റ് തുടങ്ങി പല പദവികളും നൽകാമെന്ന് പലരോടും പറഞ്ഞു. ഡിസ്ട്രിക്ട് പാസ്റ്റർ സ്ഥാനം വാഗ്ദാനം കിട്ടിയവർക്കെല്ലാംകൂടി ആ പദവി നൽകിയാൽ ഐ. പി. സി., അസംബ്ലീസ് ഓഫ് ഗോഡ്, ശാരോൻ തുടങ്ങിയ സഭകൾ കൂടി ചർച്ച് ഓഫ് ഗോഡിൽ ചേർക്കേണ്ടിവരും. തന്നെ ശല്യപ്പെടുത്താതെയിരുന്നാൽ മീഡിയാ ഡയറക്ടർ ആക്കാമെന്ന് ബിലീവേഴ്സ് ജേണൽ എഡിറ്റർക്കും കിട്ടി വാഗ്ദാനം. ഇതേ വാഗ്ദാനം കിട്ടിയ മറ്റു രണ്ടുപേരെ കൂടി ജേണൽ എഡിറ്റർക്ക് കണ്ടെത്താനായി. പണ്ടുകാലത്ത് നാട്ടിൻപുറങ്ങളിൽ മിക്കവാറും കേൾക്കുന്ന ഒരു ശബ്ദമുണ്ടായിരുന്നു, കല്ലു കൊത്താനുണ്ടോ കല്ല്. ഇത് ഇപ്പോൾ പോസ്റ്റ് വേണോ പോസ്റ്റ് എന്നായിരിക്കുന്നു. പോസ്റ്റും ചുമ്മി നടക്കുന്ന ഓവർസിയർ സ്ഥാനമോഹിക്ക് പറ്റിയ ഒരു കൂട്ടും കിട്ടിയിട്ടുണ്ട്. ആ കഥയൊക്കെ ഇനിയൊരിക്കൽ പറയാം.

**അടിക്കുറിപ്പ്:** ഈനാംപേച്ചിക്ക് മരപ്പട്ടി കൂട്ട്.

02

## യുവജനപംക്തി.....

യായൊരു സ്ത്രീ പറഞ്ഞത്; 'അല്ല നിങ്ങളെന്തിനാ നിലവിളിക്കുന്നേ, "ഒന്നുകിൽ കുഞ്ഞിനെ എടുത്തുമാറ്റുക, അല്ലെങ്കിൽ കട്ടിൽ മാറ്റിയിടുക" അപ്പോഴാണ് പ്രശ്നത്തിന് സമാപ്തി ആയത്.

ഇതുപോലെയാണ് നമ്മിൽ പലരും സംഭവിക്കാൻ സാധ്യതയില്ലാത്തതിനെ ചൊല്ലി വരെ ഭയപ്പെടുന്നവർ ഉണ്ട്. ഭയത്തിനടിമപ്പെട്ടാൽ കരകയറുവാൻ ബുദ്ധിമുട്ടാണ്. പരീക്ഷയിൽ തോറ്റാലോ എന്ന് ഭയപ്പെടുന്ന കുട്ടിക്ക് തുടർന്ന് പഠിക്കുവാൻ കഴിയാതെ വരുന്നു.

രോഗം ബാധിച്ച് ഞാൻ മരിക്കും എന്ന് ഭയക്കുന്നയാൾക്ക് ജീവിക്കാനുള്ള ആഗ്രഹം ഇല്ലാതാകുന്നു.

പാമ്പ് കടിക്കുമോ? എന്ന് പേടിക്കുന്നയാൾ നടക്കുന്ന വഴിയിൽ എല്ലാം പാമ്പിനെ കാണാം. ഇല്ലെങ്കിൽ പോലും ഒരു ചെറിയ ഇല അനക്കം വരെ പാമ്പായി പരിഗണിക്കാം.

ശരീരത്തിലുണ്ടാകുന്ന ചെറിയ ലക്ഷണങ്ങൾപോലും ഭീകര രോഗലക്ഷണമായി കണ്ടിട്ട് ഭീതിപ്പെടുന്നവരും ഉണ്ട്.

**ദൈവാശ്രയം വർദ്ധിപ്പിക്കുക**

ഭയം പുറത്തുപോകണമെങ്കിൽ നമ്മുടെ ഉള്ളിൽ ദൈവാശ്രയവും വിശ്വാസവും വർദ്ധിക്കണം. വിശ്വാസം ദൈവവചനത്തിൽ നിന്നാണ് ലഭിക്കുന്നത്. ദൈവവചനത്തിന് ഹൃദയത്തിൽ സ്ഥാനം നൽകിയാൽ ഭയം താനേ പുറത്തുപോകും. ചിലരെങ്കിലും പ്രാർത്ഥനയാൽ ഭയം പുറത്തുപോകുമെന്ന് ധരിക്കുന്നവരാണ്. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥനക്ക് ഭയത്തെ പുറത്താക്കുവാൻ കഴിയും.

ഇതുപോലെ എത്രയോ ആശങ്കകൾക്കും ഭയങ്ങൾക്കും നാം വഴങ്ങി കൊടുക്കുന്നു. ഭയത്തെ പുറത്താക്കാം. "തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു" ഹൃദയത്തിൽ യേശുവിന് സ്ഥാനം കൊടുക്കാം. വിശ്വാസം ഹൃദയത്തിൽ നിറയട്ടെ. ഇനിയും ഭയത്തിന് എന്നിൽ സ്ഥാനം ഇല്ലെന്ന് ഉറക്കെ പ്രഖ്യാപിക്കാം.

(തുടരും...)

# ജയിലുകളിൽ സ്നേഹസാന്ത്വനമായി റവ. ഷാജി വർഗീസ്

പ്രിസൺ ഫെലോഷിപ്പ് ഇന്ത്യാ മഹാരാഷ്ട്ര റീജിയൻ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റ റവ. ഷാജി വർഗീസ് വ്യത്യസ്തമായ നിലയിൽ സുവിശേഷം പ്രവർത്തിപഥത്തിൽ എത്തിക്കുവാനുള്ള ദൗത്യത്തിലാണ്. ഇവാഞ്ചലിക്കൽ സഭയിലെ വൈദികനായിരുന്ന റവ. ഷാജി വർഗീസ് ജയിൽശിക്ഷ അനുഭവിക്കുന്നവരുടെ മക്കൾക്കായി തയ്യാറാക്കിയ പദ്ധതിയിലൂടെ അവരെ കൈപിടിച്ച് നടത്തുകയാണ്.

റാന്നി പൂവൻമലയിൽ നിന്ന് സൗത്ത് കർണ്ണാടകയിലെ ഇഞ്ചിലംപാടിയിലേക്ക് 1980-ൽ കുടിയേറിയതാണ് റവ. ഷാജി വർഗീസിന്റെ കുടുംബം. ഐ. പി. സി. വിശ്വാസികളായിരുന്ന ഈ കുടുംബം അവിടെയെങ്ങും പെന്തെക്കോസ്ത് ആരാധന ഇല്ലാതിരുന്നതിനാൽ ഇവാഞ്ചലിക്കൽ സഭയിൽ അംഗങ്ങളായി. സ്കൂൾ പഠനാനന്തരം വൈദീക പഠനത്തിലേക്ക് തിരിഞ്ഞ ഷാജി വർഗീസ് 2004-ൽ ഇവാഞ്ചലിക്കൽ സഭയിലെ വൈദീകനായി. പഠനകാലത്തുതന്നെ മിഷൻ ഫീൽഡുകളിൽ പ്രവർത്തിച്ചു വന്ന ഇദ്ദേഹം ബറോഡ, ചെങ്കൽപേട്ട്, ഭോപ്പാൽ, ബോംബെ തുടങ്ങിയ സ്ഥലങ്ങളിൽ വൈദീക സേവനം അനുഷ്ഠിച്ചു. കൗൺസിലിംഗ് ആന്റ് സൈക്കോ തെറാപ്പിയിൽ M.S. എടുത്ത ഇദ്ദേഹം 2010-ൽ ഭോപ്പാൽ ഇടവകയിൽ സേവനം അനുഷ്ഠിച്ചുവരവേ വൈദീകപട്ടം രാജി വെച്ചു. തുടർന്ന് മുംബൈ YMCAയുടെ ചുമതലയിൽ നടന്നുവന്ന കൗൺസിലിംഗ് സെന്ററിന്റെ കോർഡിനേറ്ററായി സേവനം അനുഷ്ഠിച്ചു. ഇപ്പോൾ മുംബൈ പെന്തെക്കോസ്ത് സമൂഹത്തിൽ സജീവമാണ് റവ. ഷാജി വർഗീസ്.

2014-ൽ പ്രിസൺ ഫെലോഷിപ്പിന്റെ മഹാരാഷ്ട്ര സ്റ്റേറ്റ് ചുമതല ഏറ്റെടുക്കുമ്പോൾ അത് തനിക്കുമുമ്പിൽ വലിയ വെല്ലുവിളിയായിരുന്നു. കൗൺസിലിംഗ് രംഗത്തെ തന്റെ പരിചയവും അനുഭവസമ്പത്തും ജയിലിലെ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായി. ജയിലുകൾ സന്ദർശിച്ച് ജയിൽപുള്ളികൾക്ക് വ്യക്തിപരമായ കൗൺസിലിംഗ് നൽകുന്ന ഇദ്ദേഹത്തിന്റെ സേവനം അനേകർക്ക് പ്രയോജകീഭവിച്ചു.

ജയിലിൽ കഴിയുന്നവരുടെ മക്കൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ഇപ്പോൾ തന്റെ പ്രധാന ദൗത്യം. പതിമൂന്ന് വയസ്സിൽ താഴെയുള്ള മുന്നൂറോളം കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുന്നത്. ചിൽഡ്രൻ ഓഫ് പ്രിസണേഴ്സ് പ്രൊജക്ട് എന്ന പേരിൽ നടത്തുന്ന ഈ പദ്ധതിയുടെ കീഴിൽ ഈ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകി വരുന്നു. മെഡിക്കൽ ഹെൽപ്പ്, പഠനോപകരണങ്ങൾ നൽകുക, പഠനാവശ്യത്തിന് സ്റ്റൈഫന്റ് നൽകുക തുടങ്ങിയ തുടർ സഹായ പദ്ധതിയാണ് ചിൽഡ്രൻ ഓഫ് പ്രിസണേഴ്സ് പ്രൊജക്ടിന്റെ കീഴിലുള്ളത്. അഞ്ച് മുഴുവൻ സമയ പ്രവർത്തകർ ഈ പദ്ധതിക്കായി സജീവമായി പ്രവർത്തിക്കുന്നു. മുംബൈയിലെ പൻവേലിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. തന്റെ സഹധർമ്മിണി കുഞ്ഞമ്മ ഷാജി മുഴുവൻ സമയ പ്രവർത്തകയായി ഷാജി അച്ചനോടൊപ്പം രംഗത്തുണ്ട്.

കൗൺസിലിംഗ് രംഗത്തുള്ള തന്റെ അനുഭവസമ്പത്ത് മറ്റുള്ളവർക്കുകൂടി പ്രയോജനപ്പെടുവാൻ പൻവേലിലുള്ള ഓഫീസിനോട് ചേർന്ന് ഗിൽഗാൽ കൗൺസിലിംഗ് ആന്റ് റിസേർച്ച് സെന്ററും റവ. ഷാജി വർഗീസിന്റെ ചുമതലയിൽ നടത്തപ്പെടുന്നു. പ്രീ മാരിറ്റൽ ആന്റ് യൂത്ത് കൗൺസിലിംഗിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന റവ. ഷാജി വർഗീസ് അനേക യൗവനക്കാരെ ശരിയായ ദിശയിലേക്ക് നടത്താൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ്.

മഹാരാഷ്ട്രയിലെ വിവിധ ജയിലുകളിലായി കഴിയുന്ന നൂറുക്കണക്കിന് ജയിൽപുള്ളികളുടെ കുടുംബങ്ങൾ തകർച്ചയുടെ വക്കിലാണ്. അവരുടെ കുട്ടികൾക്കുവേണ്ടി ഈ പ്രവർത്തനം വിശാലമാകുവാൻ പ്രാർത്ഥിക്കുകയാണ് ഇദ്ദേഹം. വേല വലിയതും വിശാലവുമായി മുന്നിലുണ്ട്. വ്യത്യസ്തമായ നിലയിൽ കർത്താവിന്റെ വേല ചെയ്യുന്ന ഈ പ്രീയപ്പെട്ടവർക്ക് നമ്മുടെ പിന്തുണയും സഹായവും ആവശ്യമാണ്.



റവ. ഷാജി വർഗീസ്, കുഞ്ഞമ്മ ഷാജി, സാം

## കൂടുതൽ വിവരങ്ങൾക്ക്

SHAJI VARGHESE
201, Rex Complex, Near St. Andrews School,
Malewadi Bus stop, Sukhapur,
New Panvel-410206,
Raighad-Dist, Maharashtra State.
Mob: 08692020944, 07506577008
Email: gcrcpanvel@gmail.com/ cpeducationmumbai@gmail.com

ലേഖനം

# നേതാവിന്റെ വാഴ്ചയും അണികളുടെ പ്രതീക്ഷയും



പാസ്റ്റർ കെ.കെ. സജി

ഒരു നേതാവിൽ നിന്ന് സാധാരണ അണികൾ പ്രതീക്ഷിക്കുന്നത് എന്തൊക്കെയായിരിക്കും?

സമൂഹത്തിൽ എല്ലാ തുറകളിലും നേതൃത്വം ദൃശ്യമാണ് - ബിസിനസ്സ്, രാഷ്ട്രീയം, കുടുംബം, കായികരംഗം, സൈന്യം, മതം, മാധ്യമം, ബൗദ്ധികം, വിനോദം, അക്കാദമികം ഇത്യാദി മേഖലകളിൽ ഓരോ കാലഘട്ടങ്ങളിലും പ്രസ്തുത മേഖലകളിലെല്ലാം നേതാക്കന്മാരെ തെരഞ്ഞെടുക്കുന്നത് അധികചുവടുകൾ വയ്ക്കുന്നതിനും ധാർമ്മിക മേഖലയിൽ എത്തുവാനും വേണ്ടിയാണ്. ഈ മനോഭാവത്തിൽ നിന്നും വ്യത്യസ്തമായി മറ്റുള്ളവരുടെ മേൽ അധീശത്വം പാടില്ല.

ഏതോരു നേതൃത്വപാടവത്തിൽ നിന്നും വളരെ വ്യത്യസ്തമായ നേതൃത്വപാടവമാണ് ക്രിസ്തീയ നേതൃത്വത്തിനുള്ളത്. ക്രിസ്തീയ നേതാക്കന്മാർ യജമാനന്മാരല്ല. അതിലുപരി ദൈവജനത്തിന്റെ ദാസന്മാരാണവർ. സഭാ നേതൃത്വം യജമാനത്വത്തിനുള്ള വേദിയല്ല. അതിന് വിനീതനായ ഒരു ദാസന്റെ സ്ഥാനമേയുള്ളൂ. ദൈവം നേതൃത്വപാടവം ഒരു വ്യക്തിക്ക് നൽകുന്നത് ഒരു ദാസന്റെ മനോഭാവത്തോടു കൂടി പ്രവർത്തിക്കാനാണ്. ക്രിസ്തീയ മനോഭാവത്തെക്കുറിച്ച് ബൈബിൾ വിശദീകരിക്കുന്നതും അതുതന്നെയാണ്.

നേതൃത്വപാടവത്തിന്റെ ഏറ്റവും വലിയ ഘടകം ആശയവിനിമയമാണ്. ആശയവിനിമയമെന്നത് ഒരാൾ എന്തുപറയുന്നു എന്നല്ല അതിലുമുപരി കേട്ടയാൾ എന്താണ് മനസ്സിലാക്കിയത് എന്നാണ്. ഭാഷ, വാക്കുകൾ, വ്യാകരണം, സംസാരിക്കുന്ന വേഗം എന്നിവ മാത്രമല്ല കേൾക്കുന്നയാളുടെ മനോവിചാരം, ഏകാഗ്രത, ശുഷ്കാന്തി, താൽപര്യം എന്നിവയെല്ലാം ആശയവിനിമയത്തെ സ്വാധീനിക്കുന്നു. ആശയങ്ങൾ നേതാവിൽ നിന്ന് സ്ഥിരമായി അണികളിലേക്കു ഒഴുകുവാനുള്ളതല്ല. ആ ഒഴുക്ക് ഇരുഭാഗത്തും ഉണ്ടാകണം. അപ്പോൾ മാത്രമാണ് നേതാവിന്റെ അഭിപ്രായത്തിനോടൊപ്പം അണികളുടെ അഭിപ്രായത്തിനും പ്രസക്തിയും മൂല്യവും ഉണ്ടാവുന്നത്.

ഏതൊരു നേതാവിന്റെയും വൈവിധ്യമാർന്ന സ്വഭാവ രീതികളും പെരുമാറ്റവും അണികളെയും പ്രസ്ഥാനത്തെയും വളരെ ബാധിക്കുന്നതാണ്. സൗഹൃദഭാവവും സൻമനസ്സും ഒരു നേതാവിന്റെ മുഖമുദ്രകളാണ്. ചിലർ വിചാരിക്കുന്നത് ഇതൊക്കെ പുറത്തു പ്രകടിപ്പിച്ചാൽ തനിക്ക് ലഭിക്കേണ്ട ആദരവ് ലഭിക്കുന്നില്ലെന്നതാണ്. അതുകൊണ്ട് തന്നെ ഗൗരവക്കാരന്റെയും, കടുപ്പക്കാരന്റേയും, പരുക്കന്റേയും ഇമേജ് സ്വയം ഉണ്ടാക്കികൊണ്ട് അണികളെ അഭിമുഖീകരിക്കുന്നു. മാംസപേശികൾ മുറുക്കി കൊണ്ടും, മസിൽ പിടിച്ചു കൊണ്ടും നടക്കുന്ന നേതാക്കന്മാർ ക്രിസ്തീയ നേതൃത്വത്തിനും കാലഘട്ടത്തിനും ഒട്ടും യോജിച്ചതല്ല. വിനയമുള്ളവരായും, ആർജ്ജവമുള്ളവരായും തുടരാൻ വിസമ്മതിക്കുന്ന ഏത് നേതാവിന്റെയും വീഴ്ച വളരെ വേഗത്തിലായിരിക്കും.

പ്രസന്നമായ മുഖഭാവത്തോടൊപ്പം ഹൃദയത്തിൽ നിന്നും ഉയരുന്ന പുഞ്ചിരിയുടെയും സൗഹൃദം വഴിയുന്ന മിഴികളോടെയും മുറിവേൽപിക്കാത്ത വാക്കുകളിലൂടെയും അണികളെ അഭിമുഖീകരിക്കുന്ന നേതാക്കളെയാണ് അണികൾ ഇഷ്ടപ്പെടുന്നത്. ഇങ്ങനെയുള്ള നേതാക്കൾക്ക് മാത്രമേ അണികളുടെ മനസ്സിൽ സ്ഥാനമുള്ളൂ. നേതാവിന്റെ സൗഹൃദഭാവവും പുഞ്ചിരിയും അദ്ദേഹത്തിന്റെ ദൗർബല്യം തെളിയിക്കുന്ന ശത്രുക്കളല്ല മറിച്ച് നേതാവിന്റെ ശക്തി പറഞ്ഞറിയിക്കുന്ന മിത്രങ്ങളാണ്. ഈ തിരിച്ചറിവ് പല നേതാക്കന്മാരും മറന്നു പോകുന്നു.

സ്ഥാപനവൽക്കരിക്കപ്പെട്ട പ്രസ്ഥാനങ്ങളിൽ അണികൾക്കുമുണ്ട് വിവിധങ്ങളായ പ്രതീക്ഷകൾ. അവരിൽ ചിലർ ഗുണമേന്മയിലും പരിപൂർണ്ണതയിലും താൽപര്യം പ്രകടിപ്പിക്കുന്നതായിരിക്കും. സമയം കൂടുതൽ എടുക്കുമെങ്കിലും അവരെ ഏൽപ്പിച്ച ജോലി തികച്ചും മികച്ചതായിരിക്കും. വേറെ ചിലർക്ക് അധികാരത്തിനുവേണ്ടിയുള്ള ത്വര അല്പം കൂടുതലാണ്. അല്പം അധികാരം ലഭിച്ചാൽ മതി അവർക്ക് കഷ്ടപ്പെട്ട് അദ്ധ്വാനിച്ച് കൂടുതൽ ഫലം കൊണ്ടു വരും. അധികാരത്തിന്റെ ഇടനാഴിയിൽ കൂടി സഞ്ചരിക്കുവാൻ ഇവർക്ക് വളരെ താൽപര്യമാണ്. മറ്റൊരു കൂട്ടർക്ക് സമൂഹത്തിൽ നിലയും വിലയും മാത്രം മതി. ഇങ്ങനെയുള്ളവർക്ക് പ്രതിഫലം ഒന്നും വേണമെന്നില്ല. സ്ഥാനപ്പേരും അല്പം ഗമയുമുണ്ടായാൽ മതി. അങ്ങനെ വിവിധങ്ങളായ ആവശ്യങ്ങളും, ആഗ്രഹങ്ങളും, ലക്ഷ്യങ്ങളും ഉള്ളവരാണ് അണികൾ. അണികളുടെ ഈ വിധത്തിലുള്ള താൽപര്യങ്ങളെ പ്രത്യക്ഷമായോ, പരോക്ഷമായോ പ്രയോജനപ്പെടുത്തുമ്പോഴാണ് നേതാവിന്റെ മുമ്പിൽ അണികൾ അണിനിരക്കുന്നത്.

അണികളുടെ അന്തഃസ്സിനെ സംരക്ഷിക്കുന്ന നേതാവിനെയാണ് അണികൾ ഹൃദയത്തിലേറ്റുന്നത്. ഇങ്ങനെയുള്ള നേതാക്കൾക്ക് മാത്രമേ അണികളിൽ നിന്നും ആദരവും ബഹുമാനവും ലഭിക്കുകയുള്ളൂ. അണികളെക്കുറിച്ച് വാത്സല്യവും വേവലാതിയും നേതാക്കൾക്ക് ഉണ്ടാകണമെന്ന് അണികൾ ആഗ്രഹിക്കുന്നു. തങ്ങൾ ചെയ്യുന്ന പ്രവർത്തിക്ക് നേതാവിൽ നിന്ന് അഭിനന്ദനം ആഗ്രഹിക്കുന്നവരാണ് അണികളിൽ പലരും. ശമ്പളം, ആനുകൂല്യം, അധികാരം, അന്തസ്സ് എന്നിങ്ങനെ ഇംഗ്ലീഷിൽ നാലു P ക്കു വേണ്ടി [Pay, Perks, Power, Prestige]മാത്രം നേതൃസ്ഥാനത്തിരിക്കുന്നവർക്ക് അധികം പിടിച്ചു നിൽക്കാനാവില്ല.



## ഡോ.കോര സംസാരിക്കുന്നു



1. ചർച്ച് ഓഫ് ഗോഡ് ഓവർസിയർ സ്ഥാനത്തേക്ക് പാസ്റ്റർ പി. സി. ചെറിയാന് സാധ്യതയെന്ന് ഒരു പത്രത്തിൽ വായിച്ചു കോര അറിഞ്ഞില്ലേ
- മോൻസി പത്തനംതിട്ട

*കാശു കിട്ടിയിൽ ആരെയും ഏതു സ്ഥാനത്തേക്കും ഉയർത്തിക്കാട്ടുന്ന പത്രമാകയാൽ കുറച്ച് കാശ് ചെലവായ ലക്ഷണമുണ്ട്. ഇനിയും ഇത്തരം ഉയർത്തിക്കാട്ടൽ പ്രതീക്ഷിക്കാം.*

2. ചർച്ച് ഓഫ് ഗോഡ് സഭക്കാർ ആട്സ് ആന്റ് സയൻസ് കോളജ് തുടങ്ങുവാൻ പദ്ധതിയിടുന്നതായി കോര അറിഞ്ഞോ?
- ഫിൽജോ തിരുവനന്തപുരം

*ഒരു ബൈബിൾ സ്കൂൾ ഉള്ളത് പണി പൂർത്തീകരിക്കാനോ അത് നേരെ ചൊവ്വെ നടത്താനോ കഴിയാത്ത പുള്ളികളാണ് ആർട്സ് ആന്റ് സയൻസ് കോളജ് നടത്താൻ പോകുന്നത്. ഇതിന്റെ പേരിൽ വല്ലതും അമുക്കാൻ പറ്റുമെങ്കിൽ ആവട്ടെ. കാട്ടിലെ തടി തേവരുടെ ആന വലിയെടാ വലി.*

3. പാസ്റ്റർ ജേക്കബ് ജോൺ നടത്തുന്ന ഭാരത പ്രാർഥനാ യാത്ര കുമ്പനാട്ട് എത്തുമ്പോഴേക്കും എന്തെങ്കിലും സംഭവിക്കുവാൻ സാധ്യതയുണ്ടോ കോരേ?
- എബി കുമ്പനാട്

*രാഷ്ട്രീയക്കാർ നടത്തുന്ന യാത്രകൾക്ക് ശേഷം സ്ഥാനചലനം, സ്ഥാനമാറ്റം ഒക്കെ സാധാരണമാണ്. ഇക്കുറി ജനറൽ കൗൺസിൽ അംഗങ്ങൾ ജാഗ്രതൈ.*

4. പെന്തെക്കോസ്ത് നേതാക്കന്മാർ രാഷ്ട്രീയത്തിലിറങ്ങിയാൽ ഇപ്പോഴുള്ള രാഷ്ട്രീയക്കാരുടെ അവസ്ഥയെന്താകും.
- സുബിൻ കുമ്പനാട്

*കുതികാൽ വെട്ട്, കാലുവാരൽ, അപവാദപ്രചരണം, തൊലിക്കട്ടി, ധനാപഹരണം തുടങ്ങിയ കാര്യങ്ങളിൽ ഇപ്പോൾ ഉള്ള രാഷ്ട്രീയക്കാർ നമ്മുടെ നേതാക്കന്മാർക്ക് ശിഷ്യപ്പെടേണ്ടിവരും. മാത്രമല്ല നമ്മുടെ നേതാക്കന്മാർ രാഷ്ട്രീയത്തിലിറങ്ങിയാൽ കേരളാ രാഷ്ട്രീയത്തിലെ മുടിചൂടാമന്നന്മാർ പണിയില്ലാതെ വീട്ടിൽ ഇരിക്കേണ്ടി വരും.*

## കൗൺസലിംഗ് റാലി സമാപിച്ചു



**കോട്ടയം:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസലിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ന് ലഹരി വിരുദ്ധ ബോധവൽക്കരണ റാലി നടന്നു.

രാവിലെ 8.30 മുതൽ രാത്രി 8.30 വരെ നടന്ന റാലിയിൽ ജില്ലയിലെ 12 പ്രധാന സ്ഥലങ്ങളിൽ റോഡ് ഷോ, സ്കിറ്റ്, ആക്ഷൻ സോങ്ങ്, പാട്ടുകൾ, പ്രസംഗം എന്നിവയിലൂടെ ആയിരക്കണക്കിനാളുകളിൽ ബോധവൽക്കരണം നടത്തുവാൻ സാധിച്ചു. കോട്ടയം ടൗൺ, ഈസ്റ്റ്, വെസ്റ്റ്, പാമ്പാടി, കാഞ്ഞിരപ്പള്ളി എന്നീ സെന്ററുകൾ സംയുക്തമായി നടന്ന റാലിയിൽ ഇരുനൂറ്റി അൻപതോളം പേർ സജീവമായി പങ്കെടുത്തു. 7000 ട്രാക്റ്റുകൾ വിതരണം ചെയ്തു. രാവിലെ 8-ന് ജില്ല പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി ഉത്ഘാടനം ചെയ്ത റാലി എക്സൈസ് കമ്മീഷണർ ഫ്ളാഗ് ഓഫ് ചെയ്തു. കൗൺസലിംഗ് ഡയറക്ടർ പാസ്റ്റർ എ.റ്റി.ജോസഫ് മുഖ്യസന്ദേശം നൽകി. പാസ്റ്റേഴ്സ് എം.ഒ.ഏലിയാസ്, പി.വി. ചെറിയാൻ, ആനി ചാക്കോ, ബെന്നി ശാമുവേൽ, കെ.ബെന്നി, ഒ.എം. തങ്കച്ചൻ, ആന്റണി ലോറൻസ്, പി.എം.ഫിലിപ്പ്, പ്രെയ്സ് തോമസ്, ജയ്മോൻ, ഷെർബിൻ വർഗീസ്, വിജു ദാനിയേൽ എന്നിവർ പ്രസംഗിച്ചു.

## ലഹരിവിരുദ്ധ ബോധവൽക്കരണ റാലി

**നിരണം:** നിരണം യു.പി.എഫിന്റെ ആഭിമുഖ്യത്തിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ലഹരി വിരുദ്ധ ബോധവൽക്കരണ റാലി സെപ്തംബർ 14 ന് രാവിലെ 9 മുതൽ നടക്കും. പരുമല തിക്കപ്പുഴയിൽനിന്നും ആരംഭിക്കുന്ന റാലി പുളിക്കീഴ് സബ് ഇൻസ്പെക്ടർ ശ്രീ. എസ്.എ. ബിജു ഫ്ളാഗ് ഓഫ് ചെയ്യും. റാലി പുളിക്കീഴ് സമാപിക്കും. പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യ പ്രഭാഷണം നടത്തും. പാസ്റ്റർമാരായ കെ.റ്റി. ഉമ്മൻ, ബിനോയി മാത്യു, ബ്രദർ സുരേഷ് തോമസ്, മാത്യു ജോർജ്ജ് എന്നിവർ കോ-ഓർഡിനേറ്റർമാരായിരിക്കും.

## വനിതാസെമിനാർ

**തൊടുപുഴ:** ചർച്ച് ഓഫ് ഗോഡ് തൊടുപുഴ ഡിസ്ട്രിക്ട് എൽ.എം.ഒരുക്കുന്ന ഏകദിന വനിതാ സെമിനാർ സെപ്റ്റംബർ 21ന് പൂമാല ചർച്ച് ഓഫ് ഗോഡ് ഹാളിൽവച്ച് നടക്കും. പ്രഭാഷകനും എഴുത്തുകാരനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യസന്ദേശം നൽകും. തൊടുപുഴ ഡിസ്ട്രിക്ട് പാസ്റ്റർ റവ. പി.ജി. ശാമുവേൽ അദ്ധ്യക്ഷത വഹിക്കും. എൽ.എം. ഓർഗനൈസർ സിസ്റ്റർ റീനാ സിനു നേതൃത്വം നൽകും.

## സെന്റർ ഭാരവാഹികൾ

**കീഴൂർ:** ഐപിസി കുറവിലങ്ങാട് സെന്റർ ഭാരവാഹികൾ പാസ്റ്റർമാരായ സുരേഷ് കീഴൂർ (പ്രസിഡന്റ്), സുനിൽ വേട്ടമല (വൈസ് പ്രസിഡന്റ്), ഷാജി കുമ്പളപ്പള്ളിൽ ( സെക്രട്ടറി & പബ്ലിസിറ്റി കൺവീനർ), ബ്രദർ വി.സി. സജി (ജോ.സെക്രട്ടറി), ബ്രദർ സി. ജോസഫ് (ട്രഷറാർ) എന്നിവരടങ്ങിയ പതിനൊന്ന് അംഗ കമ്മിറ്റിയെ തിരഞ്ഞെടുത്തു.

## കൺവൻഷൻ




**അഗർത്തല:** ഐ.പി.സി തൃപുര സ്റ്റേറ്റ് ഒൻപതാമത് വാർഷിക കൺവൻഷനും പ്രവർത്തക സമ്മേളനവും ആഗസ്റ്റ് 8,9 തീയതികളിൽ ഗോമതി ജില്ലയിലുള്ള മുഹറം കമ്മ്യൂണിറ്റി ഹാളിൽ നടന്നു. സ്റ്റേറ്റ് പ്രസിഡന്റ് ഡോ. ജോർജ്ജ് മാത്യു ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ ഐ.പി.സി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ മുഖ്യപ്രഭാഷകനായിരുന്നു.

പ്രാർത്ഥനയാൽ അസാദ്ധ്യമായത് ഒന്നുമില്ല. ഭാരതത്തിലെ ദൈവജനങ്ങൾ പ്രശ്നപരിഹാരത്തിനും സമാധാനത്തിനുമായി മനുഷ്യമുഖത്തേക്ക് നോക്കാതെ പ്രാർത്ഥനയിൽ പോരാടണം എനന്ന അദ്ദേഹം ആഹ്വാനം ചെയ്തു. കൺവൻഷനോടനുബന്ധിച്ച് പാസ്റ്റർ ജേക്കബ് ജോർജ് നടത്തുന്ന അഖിലേന്ത്യാ പ്രാർത്ഥനാ യാത്രയുടെ ഉദ്ഘാടനവും നടന്നു. പ്രാർത്ഥനയ്ക്കായി മുന്നോടട്ട വന്ന അനേകർ കർത്താവിനായി തങ്ങളുടെ ജീവിതം സമർപ്പിച്ചു. പാസ്റ്റർമാരായ സുകുമാർ, അനിൽ, അജോയി തുടങ്ങിയവർ നേതൃത്വം കൊടുത്ത കൺവൻഷനിൽ വിവിധ ഗോത്രവർഗ്ഗ കുട്ടികളുടെ കൾച്ചറൽ പ്രോഗ്രാം നടന്നു.

## സ്വാതന്ത്ര്യദിന റാലി



**ചങ്ങനാശ്ശേരി:** ന്യൂ ഇൻഡ്യാ ദൈവസഭയുടെ ചങ്ങനാശ്ശേരി സെന്റർ YPCAയുടെ സ്വാതന്ത്ര്യദിന ലഹരിവിരുദ്ധ ബൈക്ക് റാലി ബോട്ട്ജെട്ടിയിൽ നിന്ന് സി. എഫ്. തോമസ് (എം. എൽ. എ) പതാക YPCA ജനറൽ സെക്രട്ടറി ഷിബു സക്കറിയ്ക്ക് കൈമാറുകയും നൂറുകണക്കിനു യുവജനങ്ങൾ ബൈക്ക് റാലിയിലും സുവിശേഷ പ്രവർത്തനത്തിലും പങ്കെടുത്തു. ചിങ്ങവനത്ത് സമാപിക്കുകയും ചെയ്തു. പാസ്റ്റർ റ്റി. എം. കുരുവിള, പാസ്റ്റർ സ്റ്റീഫൻ ജേക്കബ്, പാസ്റ്റർ ടോമിച്ചൻ മുഴുവങ്കൽ എന്നിവർ പ്രസംഗിച്ചു. YPCA യ്ക്കുവേണ്ടി പാസ്റ്റർ ലിജോ ജോസഫ് തടിയൂർ, റെജി പി. കുരുവിള, വിജേഷ് നിലമ്പൂർ, തോമസുകുട്ടി എന്നിവർ നേതൃത്വം നൽകി.



ലേഖനം

# പ്രസംഗകരുടെ ശ്രദ്ധക്ക്: പ്ലേജിയറിസം ദയവായി ഒഴിവാക്കുക



ചെറിയാൻ കെ. വി.

ആശയ വിനിമയത്തിൽ എഴുത്തുകാരും പ്രത്യേകിച്ചു പ്രസംഗകരും പുലർത്തേണ്ടതായ അടിസ്ഥാന ധർമ്മങ്ങളിൽ ഒന്നാണിത്.

പ്രസംഗ ശാസ്ത്രം എന്ന വിഷയം പഠിപ്പിച്ച അധ്യാപകനിൽ നിന്നുമാണ് ഈ വിഷയം ഞാൻ മനസ്സിലാക്കിയത്.

മറ്റുള്ളവരുടെ പ്രസംഗമോ, പ്രസംഗത്തിന്റെ കാതലായ ഭാഗമോ, മറ്റാരെങ്കിലും എഴുതിയ പുസ്തകമോ ഗാനങ്ങളോ, ആശയമോ നമ്മുടെതാണ് എന്ന രീതിയിൽ അവതരിപ്പിക്കുന്നതാണ് പ്ലേജിയറിസം. സാഹിത്യ മോഷണം(മോഷണവും അവതരണവും) എന്ന് മലയാളത്തിൽ ഇതിനു അർത്ഥം കൊടുക്കാവുന്നതാണ്. ആൻഡ്രിയൻ റോഡ്ജേർസ് എന്ന ദൈവദാസി ഇതിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞിട്ടുണ്ട്. മറ്റുള്ളവരുടെ പ്രസംഗം കേൾക്കുകയും പുസ്തകങ്ങൾ വായിക്കുകയും ചെയ്യുന്നത് നല്ലത് തന്നെ: പരസ്പരം സഹായിക്കുന്നു. എന്നാൽ നമ്മുടെതാണ് എന്ന ഭാവത്തിൽ അവതരിപ്പിക്കരുത്. കാരണം അത് നമ്മുടെ അനുഭവത്തിൽ നിന്നുള്ളതല്ല. അനുഭവം ഇല്ലാത്തവർ അവതരിപ്പിച്ചാൽ ചിലപ്പോൾ അനുഭവിക്കേണ്ടിവരും.

കേരളത്തിലെ ഒരു ദൈവദാസന്റെ പിതാവിനുണ്ടായ അനുഭവം വളരെ രസകരമാണ്. ദൈവദാസനു വിളിയും കൃപയും ഉണ്ടെങ്കിലും പിതാവു സഭയോഗത്തിന് പോലും പോകുന്ന വ്യക്തിയല്ല പോയാൽതന്നെ താമസിച്ചു പോകുകയും നേരത്തെ മടങ്ങി വരികയും ചെയ്യും. ഒരു മഴക്കാലത്ത് തന്റെ മകന്റെ സുഹൃത്തിന്റെ സഭയിലേക്ക് പോകേണ്ടതായി വന്നു. എല്ലാ ദിവസവും മഴയായതിനാൽ തന്റെ കഴുകിയിട്ടിരുന്ന ഷർട്ട് ഉണങ്ങിയിരുന്നില്ല. അവസാനം തന്റെ മകൻ ഉപയോഗിക്കുന്ന ജുബ എടുത്തിട്ടുകൊണ്ട് പോയി. അവിടെ മകന്റെ സുഹൃത്തിന്റെ സഭയിൽ ഉപവാസ പ്രാർത്ഥന നടക്കുകയായിരുന്നു. ഇദ്ദേഹത്തിന്റെ ജുബയും വാക്കുകളും ശ്രദ്ധിച്ചു നോക്കിയപ്പോൾ മകനെ പോലെ പിതാവും പ്രസംഗകനെന്നു അവർക്ക് തോന്നി; എന്തുവന്നാലും അച്ചായൻ തന്നെ ഇന്നു പ്രസംഗിക്കണം എന്ന് അവർ നിർബന്ധിച്ചു. വളരെ അത്യാവശ്യമായി തിരിച്ച് ഭവനത്തിൽ എത്തിച്ചേരേണ്ടതായിട്ടുണ്ട് എന്ന് പറഞ്ഞു രക്ഷപ്പെട്ടു. ഇതിൽ നിന്നും ഒരു കാര്യം നാം മനസ്സിലാക്കണം മറ്റുള്ളവരുടെ ഉണങ്ങിയ ജുബയെക്കാൾ നല്ലത് നമ്മുടെ നനഞ്ഞ പ്രസംഗം തന്നെ.

ദൈവം നമ്മെ വിളിച്ച ശുശ്രൂഷയിൽ വിശ്വസ്തരായി അധ്വാനിക്കുക എന്നുള്ളതല്ലാതെ പ്ലേജിയറിസം ഒഴിവാക്കുവാൻ കുറുക്കുവഴിയൊന്നുമില്ല. വിശുദ്ധ വേദപുസ്തകം പ്രാർത്ഥനയോടെ വായിക്കുക. അപ്പോൾ പ്രകാശനം ലഭിക്കുന്ന ഭാഗം പ്രസംഗം, കവിത, ലേഖനം, കാർട്ടൂൺ എന്നിവയാക്കി മാറ്റുക. ആനുകാലിക വിഷയങ്ങൾ വചനാടിസ്ഥാനത്തിൽ വിവരിക്കുക. ഒരു കടയിൽ നിന്നും വാങ്ങിയ അരി ഉപയോഗിച്ചു ഒരു വീട്ടിൽ കഞ്ഞി വെയ്ക്കുന്നു. വേറൊരു വീട്ടിൽ ചോറ് ഉണ്ടാക്കുന്നു. മറ്റൊരിടത്ത് അപ്പമോ പായസമോ ഉണ്ടാക്കുന്നു. എല്ലാറ്റിലും അടങ്ങിയിരിക്കുന്ന അരി ഒന്ന് തന്നെ പക്ഷേ ചേരുവകയ്ക്കും തയ്യാറാക്കിയ വിധത്തിനും വ്യത്യാസമുണ്ടെന്നു മാത്രം. അതുപോലെ നമുക്ക് ലഭിച്ച പ്രകാശനം ഏതു രൂപത്തിലായാലും (ശുശ്രൂഷ) ഏറ്റവും നന്നായി തയ്യാറാക്കുക. കഞ്ഞിയായലും കപ്പയായാലും നന്നായി തയ്യാറാക്കിയാൽ ആവശ്യക്കാരും കൂടും. അപ്പോൾ തന്നെ നമ്മുടെ സ്കിൽ ലെവൽ കുറച്ചു കൂടി മൂർച്ചയാകും. നാം മറ്റുള്ളവരുടെ സൃഷ്ടി മോഷ്ടിച്ച് കൊണ്ടു വന്നു എത്രകാലം വിളമ്പുവാൻ കഴിയും? അത് മാത്രമല്ല പ്ലേജിയറിസം കൊണ്ടു സംഭവിക്കുന്ന ദോഷങ്ങൾ ചില്ലറയല്ല.

ദൈവീക ശുശ്രൂഷയിൽ ദൈവം നമ്മുക്കു നല്കിയ കഴിവുകൾക്കു മൂർച്ചയില്ലാതെ ആയിത്തീരുന്നതാണ് അവയിലൊന്ന്. അമേരിക്കയിലും മറ്റു പല രാജ്യങ്ങളിലും ഉള്ളതായ പാർക്കുകളിൽ കടന്നു വരുന്ന സന്ദർശകർ അവിടെ കാണുന്നതായ ജീവികൾക്ക് ആഹാരം കൊടുക്കുന്നതിനും വിലക്കേർപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ കൊടുക്കുന്നത് ഭക്ഷിച്ചു പലവിധ ദഹന പ്രശ്നങ്ങളും രോഗങ്ങളും പിടിപെടുക മാത്രമല്ല തനിയെ ഇര തേടുവാനുള്ള കഴിവും നഷ്ടപ്പെടുന്നു. സന്ദർശകരുടെ വരവ് കുറയുന്ന സമയം ഇവ പട്ടിണിയാകയും ചെയ്യും.

മറ്റുള്ളവരുടെ പ്രസംഗമോ, പുസ്തകമോ മോഷ്ടിച്ച് കുറച്ചു കാലം തള്ളിനീക്കി പ്രസംഗ ശുശ്രൂഷയിൽ പിടിച്ചു നിൽക്കുന്നവരുണ്ട്. നാം മറ്റുള്ളവരുടെ സൃഷ്ടി മോഷ്ടിച്ച് കൊണ്ടുവന്നു എത്രകാലം വിളമ്പുവാൻ കഴിയും? ഒരു ദിവസം മോഷണം അവസാനിക്കും. ഇരപ്പാൻ എനിക്ക് മനസ്സില്ല, കിളപ്പാൻ എനിക്കു കഴിവുമില്ല എന്നു എഴുതിയിരിക്കുന്നത് പോലെ പുതിയ മെസ്സേജ് തയ്യാറാക്കുവാൻ മനസ്സുമില്ല മോഷ്ടിപ്പാൻ ഒട്ടു കഴിയുന്നുമില്ല എന്ന നിലവാരത്തിലേക്ക് എത്തിച്ചേരും. പിന്നീട് ഒരു പുതിയ മണ്ഡലത്തിലാണത്രേ (അവരുടെ അവകാശവാദ പ്രകാരം) ശുശ്രൂഷ. കുറിവാക്യം വായിച്ചശേഷം എന്തെങ്കിലും കഥ പറയും. പ്രസംഗം ആരംഭിച്ചു 15 – 30 മിനിറ്റു കഴിഞ്ഞാലും സമയമില്ല. സമയ പരിമിതിയുള്ളതിനാൽ എന്നിങ്ങനെ ഇടവിടാതെ പറഞ്ഞു കൊണ്ടിരിക്കും. ചിലർ പ്രസംഗിക്കുന്നതിനു പകരമായി പ്രെയ്സ് ആൻഡ് വർഷിപ്പ് ശരിയായില്ല (സാധാരണയായി ഗാനശുശ്രൂഷ കഴിഞ്ഞ ശേഷമാണല്ലോ പ്രസംഗം) എന്ന രീതിയിൽ ഒരു പാട്ടു പാടി പ്രസംഗത്തിന് അനുവദിച്ചതിൽ നല്ല പങ്കും അപഹരിക്കും. മറ്റു ചിലർ വാക്യം വായിച്ചശേഷം മൗനമായി കുറേനേരം മൈക്കിന്റെ മുൻപിൽ നിൽക്കും. എന്തോ വലിയ സംഭവം പോലൊരു നില്പ്, അപ്പോസ്തലനായ പൗലോസിനു വെളിപ്പെടാത്ത ഒരു മർമ്മം തനിക്കു വെളിപ്പെട്ടത് പോലെ. പിന്നെ ജിംനേഷ്യത്തിൽ വലിയ ഭാരം തൂക്കുന്നത് പോലെ തോൾഭാഗം മുകളിലോട്ടും താഴോട്ടും ചലിപ്പിക്കും. പിന്നെ ഓട്ടം, ചാട്ടം ......(ഹൃദയത്തിൽ ഉള്ളതായ വചനത്തിന്റെ നിറവു കൊണ്ടും പരിശുദ്ധാത്മാവ് നിറവിൽ ഉള്ളതായ വികാരത്തിൽ നിന്നും ഇങ്ങനെ ചെയ്യുന്നതിനെക്കുറിച്ചല്ല ഞാൻ പറയുന്നത്) പ്രസംഗകനു പ്രകാശനം ലഭിച്ച കാര്യം കേൾക്കാൻ ശ്രദ്ധിച്ചിരിക്കുന്ന ജനത്തോടു അവസാനം പ്രസംഗകൻ പറയും "എനിക്കറിയില്ല, നിങ്ങൾക്കറിയാമോ ആർക്കറിയാം. ആരെയും നിരാശപ്പെടുത്താനോ, ഹൃദയത്തിൽ മുറിവേല്പ്പിക്കാനോ, പരിഹസിക്കാനോ അല്ല ഇത്രയും എഴുതിയത്, സുവിശേഷ വിരോധികളിൽ നിന്ന് പുറത്തു നിന്നുള്ള ആക്രമണവും, ദുരുപദേശകരിൽ നിന്ന് അകമേയുള്ള ആക്രമണവും ദൈവസഭ നേരിടുന്ന ഈ സമയം പ്രസംഗകരും എഴുത്തുകാരും അലസരായി തീരരുത് എന്നുള്ള ആഗ്രഹത്തിൽ മാത്രമാണ് ഈ കുറിപ്പ്. ഈ നാളുകളിൽ ദൈവവചന പ്രസംഗം കേൾക്കുവാനായി ജനത്തിനു ഒരു വലിയ ആഗ്രഹം ഉള്ളതായി ഞാൻ കാണുന്നു. പെന്തെക്കോസ്തിലെ പ്രസംഗകർ അലസരായി ജനം ന്യൂ ജനറേഷൻ ദുരുപദേശ കൂട്ടായ്മകളിലേക്ക് നീങ്ങുവാനുള്ള സാധ്യത കൂടുതലാണ്. പ്രത്യേകിച്ച് പട്ടണ പ്രദേശങ്ങളിൽ അതിനുള്ള അവസരങ്ങളും ഗ്രാമങ്ങളെ അപേക്ഷിച്ചു കൂടുതലാണല്ലോ. ദൈവവചനം പ്രസംഗിക്കണം എന്ന ആഗ്രഹം ഒരു വ്യക്തിയിലുള്ളത് നല്ല കാര്യം. എന്നാൽ പ്ലേജിയറിസം അതിനു ഗുണം ചെയ്യില്ല. അടിസ്ഥാന നിയമങ്ങൾ പഠിപ്പിക്കുന്ന പുസ്തകങ്ങൾ വാങ്ങുക, വായിക്കുക. ഈ നിയമങ്ങൾ അറിയാവുന്ന ബൈബിൾ സ്കൂൾ അധ്യാപകരെ സമീപിക്കുകയും അവരിൽ നിന്നും പഠിക്കുകയും ചെയ്യുക. സമയവും അവസരവും ലഭിക്കുന്നതനുസരിച്ചു കുറച്ചു മാസമെങ്കിലും ബൈബിൾ സ്കൂളിൽ പഠിക്കുക. നമുക്കു പ്രായം എത്ര കൂടിയാലും അറിവ് നേടുവാനായി ഈ കാര്യങ്ങൾ ചെയ്യുന്നതിൽ ലജ്ജിക്കാതെ അഭിമാനം കൊള്ളേണം. പ്രസംഗിക്കുന്ന അവസരത്തിൽ നാം അവതരിപ്പിക്കുന്ന വിഷയമോ, ഭാഗമോ എവിടെ നിന്നും ലഭിച്ചു എന്ന് കേൾവിക്കാർക്ക് പ്രസംഗത്തിലുള്ള ശ്രദ്ധ നഷ്ടപ്പെടുത്താതെ ഏറ്റവും ചുരുക്കമായി പറയുക. ഞാൻ ഇങ്ങനെ കേട്ടിട്ടുണ്ട്, കാണുവാനിടയായി, വായിക്കുവാനിടയായി, കേട്ടതായ കാര്യം ഓർമ്മ വരുന്നു എന്നിങ്ങനെ പറയേണം. കർത്താവിൽ പ്രസിദ്ധരായവരുടെ വാചകങ്ങൾ ഉപയോഗിക്കുമ്പോൾ അവരുടെ പേരു മാത്രം പറയാതെ ഇവാഞ്ചലിസ്റ്റ് ബില്ലി ഗ്രഹാം, ഡോക്ടർ രവി സക്കറിയാസ്, ആദരണീയമായ കാനം അച്ചൻ എന്നിങ്ങനെ പറയുക.

ഏറ്റവും പ്രാധാന്യം അർഹിക്കുന്നതും ശ്രദ്ധിക്കേണ്ടതുമായ വസ്തുത, യേശുകർത്താവു തന്റെ പരസ്യ ശുശ്രൂഷയിൽ പഴയ നിയമ ഭാഗങ്ങൾ ഉദ്ധരിച്ചപ്പോൾ ഒരു പ്രത്യേക പദം പറഞ്ഞിട്ടുണ്ട്. ആ പദം മത്തായി 4:4മുതൽ കാണുന്നതായ "എഴുതിയിരിക്കുന്നുവല്ലോ (It is written)" എന്നുള്ളതായ പദമാണ്. സാക്ഷാൽ വചനമായവൻ വചനം കൈകാര്യം ചെയ്ത ഉന്നത നിലവാരം നാം ഇതിൽ നിന്നും പഠിക്കേണം. അപ്പോസ്തലനായ പത്രോസും പൗലോസും പഴയ നിയമ ഭാഗങ്ങൾ ഉദ്ധരിച്ചപ്പോൾ "എഴുതിയിരിക്കുന്നുവല്ലോ (It is written)" എന്ന് പറയുവാൻ മടി കാണിച്ചിട്ടില്ല.

മറ്റുള്ളവർ അദ്ധ്വാനിച്ച അദ്ധ്വാനം നാം അംഗീകരിക്കുന്നതല്ലേ നമുക്കു മാന്യത. അങ്ങനെ നാം ചെയ്യുമ്പോൾ മറ്റുള്ളവരുടെ കാഴ്ചപ്പാടിലോ വ്യാഖ്യാനത്തിലോ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അത് ഉപയോഗിക്കുന്നതുമൂലം നമുക്കു ബാധ്യതയാകുകയുമില്ല. ഡോ. ചാൾസ് സ്വിൻഡോൾ (charles swindoll) പറയുന്ന ഒരു സംഭവ കഥയുണ്ട്. അമേരിക്കയിലെ രണ്ടു ദൈവദാസന്മാർ ഒരു പ്രസംഗ പര്യടനം നടത്തുവാൻ തീരുമാനിച്ചു. ഓരോ ആഴ്ചയിലും ഓരോ സഭ വീതം ഏതാനും മാസങ്ങൾ കൊണ്ടു ചില സംസ്ഥാനങ്ങൾ സന്ദർശിക്കേണം. പ്രസംഗം ആരംഭിച്ചു ചില ആഴ്ചകൾ പിന്നിട്ടപ്പോൾ ഒന്നാമനു ഒരു സത്യം മനസ്സിലായി. താൻ എല്ലാ സഭയിലും പുതിയ വിഷയം പ്രസംഗിക്കുന്നു എങ്കിലും തന്റെ സുഹൃത്ത് ഒരു വിഷയം തന്നെ എല്ലാ സഭയിലും പ്രസംഗിക്കുന്നു. അങ്ങനെ എല്ലാ ആഴ്ചയും തന്റെ സുഹൃത്തിന്റെ പ്രസംഗം തുടർച്ചയായി കേട്ടതിനാൽ ആ പ്രസംഗം തൻ മനപാഠമാക്കി. പര്യടനം അവസാനിക്കുന്ന രാത്രിയിൽ തന്റെ സുഹൃത്തിനു ഒരു വെല്ലുവിളി കൊടുക്കുവാൻ തീരുമാനിച്ചു. ഒന്നാമൻ പ്രസംഗിക്കുവാൻ കയറി തന്റെ സുഹൃത്ത് എല്ലാ ആഴ്ചയും എല്ലായിടത്തും പ്രസംഗിച്ച വിഷയം താൻ അവതരിപ്പിച്ചു കൊണ്ടു തന്റെ സുഹൃത്തിനെ നോക്കി എന്നാൽ തന്റെ സുഹൃത്ത് പ്രസംഗം തീരുന്നത് വരെ പുഞ്ചിരിച്ചു കൊണ്ടിരിക്കുന്നത് തന്നെ അത്ഭുതപ്പെടുത്തി. തന്റെ പ്രസംഗം അവസാനിച്ചപ്പോൾ സുഹൃത്ത് തികച്ചും വ്യത്യസ്തമായ വിഷയം പ്രസംഗിച്ചു. അന്നു രാത്രിയിൽ താൻ സുഹൃത്തിനെ കളിയാക്കിക്കൊണ്ട് ചോദിച്ചു "എന്റെ പ്രസംഗം എങ്ങനെയുണ്ടായിരുന്നു" എന്നാൽ സുഹൃത്തിന്റെ മറുപടി കേട്ട താൻ ഞെട്ടിപ്പോയി "കഴിഞ്ഞ വർഷം ഇതേ പ്രസംഗം ഈ സഭയിൽ ഇതിനെക്കാൾ നന്നായി ഞാൻ പ്രസംഗിച്ചതാണ്" "ദൈവം നമ്മുക്കു കൃപയാൽ നൽകിയ കഴിവുപയോഗിക്കേണ്ടത് മോഷ്ടിച്ചു മറ്റുള്ളവരുടെ പരിമിതികൾ വെളിപ്പെടുത്തുവനല്ല എന്നു മറക്കരുത് അങ്ങനെ നാം ചെയ്താൽ അത് നമുക്കു ഗുണത്തെക്കാളേറെ ദോഷം ചെയ്യും.

ഒരു മനുഷ്യനു ഈ ഭൂമിയിൽ ലഭിക്കാവുന്നതിൽ വെച്ചേറ്റവും ഏറ്റവും പദവിയായ ദൈവീക ശുശ്രൂഷ പ്രത്യേകിച്ച് വചന ശുശ്രൂഷ വിശ്വസ്തതയോടെ പൂർത്തീകരിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# യൂത്ത് അറ്റ് വർഷിപ്പ് ടൈം റിട്രീറ്റ് സംഗീത ശുശ്രൂഷ

## സ്വയത്തെ നിയന്ത്രിച്ച് സമൂഹത്തിന് ദിശാബോധം നൽകണം: പാസ്റ്റർ വർഗീസ് മത്തായി



ഐ.പി.സി ആയൂർ സെന്റർ പി.വൈ.പി.എയുടെയും സണ്ടേ സ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന യൂത്ത് അറ്റ് വർഷിപ്പ് ടൈം റിട്രീറ്റ് സംഗീത ശുശ്രൂഷയും പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്യുന്നു. സമീപം: മാത്യു.ടി.ജോൺ, ജസ്റ്റിൻ മാത്യു, പാസ്റ്റർ ജോസഫ് മാത്യു.

**ആയൂർ:** സ്വയത്തെ നിയന്ത്രിക്കുന്നവർക്കു മാത്രമേ ജീവിതത്തിൽ മുന്നേറുവാനും സമൂഹത്തിന് ശരിയായ ദിശാബോധം നൽകുവാനും കഴിയൂ എന്ന് ഐ.പി.സി. സംസ്ഥാന പ്രസ്ബിറ്റർ പാസ്റ്റർ വർഗീസ് മത്തായി വെളിപ്പെടുത്തി. ഐ.പി.സി ആയൂർ സെന്റർ പി.വൈ.പി.എയുടെയും സണ്ടേ സ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ മലപ്പേരൂർ ബഥേൽ ഹാളിൽ നടത്തിയ യൂത്ത് അറ്റ് വർഷിപ്പ് ടൈം റിട്രീറ്റും സംഗീത ശുശ്രൂഷയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കരുണയും സ്നേഹവും സമാധാനവും മറ്റുള്ളവർക്ക് പങ്കുവച്ച ക്രിസ്തുവിന്റെ മാതൃക ഉൾകൊണ്ട്, ആത്മീയ ദർശനത്തോടെ യുവാക്കൾ സമൂഹത്തിന്റെ വെളിച്ചമായി മാറണമെന്ന് പാസ്റ്റർ വർഗീസ് മത്തായി തുടർന്നു പറഞ്ഞു.

എന്നെ നിയന്ത്രിക്കുന്നതാര് ? എന്ന വിഷയം മാത്യു.ടി.ജോൺ, ജസ്റ്റിൻ മാത്യു എന്നിവരും നമ്മുടെ ജീവിതത്തിലെ ദാർശനിക നേതൃത്വം എന്ന വിഷയം ഡോ.മാത്യൂസ് കെ. ലൂക്കോസും അവതരിപ്പിച്ചു. പാസ്റ്റർമാരായ ജോസഫ് മാത്യു, പി.ഐ.എബ്രഹാം, ആന്റണി ചാക്കോ എന്നിവർ വിവിധ സെഷനുകൾക്കു നേതൃത്വം നൽകി. പാസ്റ്റർ ജോർജ്ജ് രാജൻ, അലൻ പള്ളിവടക്കൻ, ലിബിൻദാസ് എന്നിവർ പ്രസംഗിച്ചു.

Please Visit Us
Website: www.beljourn.com

Email
beljourn@gmail.com

## സഹായിക്കുക



**കോട്ടയം:** പുനലൂർ ബഥേൽ ബൈബിൾ കോളേജ് അദ്ധ്യാപകൻ പാസ്റ്റർ ഡി. ജോയി ജി.ബി.എസ് സിൻഡ്രോം എന്ന് രോഗം ബാധിച്ച് തിരുവല്ല പുഷ്പഗിരി ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടിരിക്കുന്നു. പേശികൾ ദുർബലമായി ശരീരം ബലഹീനമാകുന്ന ഒരു അപൂർവ്വ രോഗമാണിത്.

ചില ദിവസങ്ങൾക്ക് മുമ്പ് ക്ഷീണവും തളർച്ചയുമുണ്ടായെങ്കിലും അത് സ്വാഭാവികമെന്നു കരുതി. തൊട്ടടുത്ത ദിവസം കോളേജ് ആഫീസിലേക്ക് പോകുന്ന വഴിയിൽ വീണു പോവുകയും പിന്നീട് എഴുന്നേറ്റ് നില്ക്കുവാൻ കഴിയാത്ത അവസ്ഥയുമായി. സാധാരണ പരിശോധനയിലൊന്നും രോഗം കണ്ടെത്തുവാൻ കഴിഞ്ഞില്ല. വിശദമായ പരിശോധനകൾക്കൊടുവിലാണ് രോഗം കണ്ടെത്തിയത്.

പുഷ്പഗിരി ആശുപത്രിയിലെ സൂപ്പർസ്പെഷ്യാലിറ്റി വിഭാഗത്തിൽ ചികിത്സയിലായിരിക്കുന്ന പാസ്റ്റർ ജോയിക്ക് അഞ്ച് ദിവസത്തെ പ്രത്യേക ചികിത്സയ്ക്ക് തന്നെ ഏകദേശം 3 ലക്ഷം രൂപ വേണ്ടിവരും. ആദ്യഘട്ട ചികിത്സകൾക്ക് തന്നെ 6 മുതൽ 7 ലക്ഷം രൂപവരെ ചിലവാകുമെന്ന് കണക്കാക്കുന്നു.

പ്രീഡിഗ്രി പഠനാനന്തരം 17-ാം വയസ്സിൽ ബഥേലിൽ പഠിക്കാനെത്തിയ ജോയി അവിടെ തന്നെ ലൈബ്രേറിയനായും തുടർന്ന് അദ്ധ്യാപകനായും നിയമിതനായി. കോളേജിലെ ഉത്തരവാദിത്വങ്ങൾക്കൊപ്പംതന്നെ പൊതു ശുശ്രൂഷയിലും ശ്രദ്ധിച്ചു. കുട്ടികൾക്കിടയിലെ പ്രവർത്തനങ്ങളിൽ കാൽ നൂറ്റാണ്ടായി പ്രവർത്തിക്കുന്ന പാസ്റ്റർ ജോയിയെ കുട്ടികൾ അങ്കിൾ ജോൺ എന്നാണ് വിളിക്കുന്നത്.

പാസ്റ്റർ ദേവദാസിന്റെ മകനായി പിറന്ന സി. ജോയിയുടെ ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടിയത് ഫെയ്ത്ത് ഹോമുകളിലും സുവിശേഷ വീടുകളിലുമാണ്. വിശ്വാസം മാത്രം കൈമുതലുണ്ടായിരുന്ന ഒരു കുടുംബത്തിന്റെ ഭാഗമെന്ന നിലയിൽ പാസ്റ്റർ ജോയിക്ക് ഈ അവസ്ഥയിൽ എല്ലാവരുടെയും പ്രാർത്ഥന അത്യാവശ്യമാണ്.

കേരളത്തിലെ നിരവധി സഭകളിൽ ക്ലാസ്സുകൾക്കും വി.ബി.എസിനും എത്തിച്ചേർന്ന് കുട്ടികളുടെ അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിച്ച ഈ ദൈവദാസനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം. കുഞ്ഞുമനസ്സുകളിലേയ്ക്ക് ദൈവസ്നേഹം പകരുന്നതിന് അത്ഭുത ഉപകരണമായി ദൈവം ഉപയോഗിച്ച ഈ ഭക്തന്റെ രോഗസൗഖ്യത്തിലൂടെ തിരിച്ചുവരവിനുവേണ്ടി, പെട്ടിയിൽ അടുക്കിവച്ചിരിക്കുന്ന 20ലധികം പാവകളിലൂടെ കുഞ്ഞുമനസ്സുകളിലേക്ക് ദൈവസ്നേഹം പകരുവാൻ ആ പേശികൾക്ക് ബലം നൽകു ദൈവമേ എന്ന് പ്രാർത്ഥിക്കാം..... ഒപ്പം ഉള്ളുതുറന്ന് ഒരു സഹായവും.......

**ഫോൺ: 9846467565**

**Bank Details:**

ഷീജ ജോയി - 066905300001744

South Indian Bank, Punalur, IFSC - SIBL 0000669

## സഹായിക്കുക



ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ പാമ്പാടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ദൈവസഭയുടെ നെടുമാവ് സഭ ശുശ്രൂഷകൻ പാസ്റ്റർ സി.ജി ജോയിയുടെ മൂത്തമകൾ ജിൻസി സി.കെ (19 വയസ്സ് ബിഎസ്സ് സി ഫൈനൽ സ്റ്റുഡന്റ്) കഴിഞ്ഞ രണ്ട് ആഴ്ചകൾക്ക് മുമ്പുണ്ടായ ശാരീരിക അസ്വസ്ഥതയെ തുടർന്ന് കോട്ടയം മെഡിക്കൽ കോളജ് ഹോസ്പിറ്റലിൽ എത്തിക്കുകയും തുടർന്നു നടന്ന ടെസ്റ്റുകളുടെ അടിസ്ഥാനത്തിൽ ബ്ലഡ് ക്യാൻസർ ആണെന്നു സ്ഥിരീകരിക്കപ്പെട്ടതിനാൽ ഇപ്പോൾ തുടർ ചികിത്സിക്കായി തിരുവനന്തപുരം ആർ.സി.സി ഹോസ്പിറ്റലിൽ കഴിയുന്നു. പാസ്റ്റർ ജോയിയും തന്റെ കുടുംബവും കഴിഞ്ഞ 20-ൽ പരം വർഷങ്ങളായി വടക്കേ ഇന്ത്യയിലും കേരളത്തിലും കർത്താവിന്റെ വേല ചെയ്തു വരുന്നു. സുവിശേഷം എത്തിയിട്ടില്ലാത്ത ഇടങ്ങളിൽ കർത്താവിന്റെ വേല ചെയ്തു വരുന്നു. ഈ പ്രീയ ദൈവദാസന്റെ മകളുടെ വിടുതലിനായി പ്രാർത്ഥിക്കുക.

A/c No: 67218286042

SBT Koottickal Branch,

IFSC Code: SBTR 0000131

## ബൈബിൾ ക്ലാസ്

**മല്ലപ്പള്ളി:** മല്ലപ്പള്ളി യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ ബൈബിൾ പഠന ക്ലാസ് സെപ്റ്റംബർ 11,12,13 തീയതികളിൽ മല്ലപ്പള്ളി- മങ്കുഴിപ്പടി ജംഗ്ഷനിൽ തോപ്പിൽ ബിൽഡിംഗിൽ വൈകിട്ട് 6.30 മുതൽ നടക്കും. "കർത്താവിന്റെ വരവും ലോകസംഭവങ്ങളും" എന്ന വിഷയത്തെ ആസ്പദമാക്കി പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻ ക്ലാസെടുക്കും. പാസ്റ്റേഴ്സ് കെ.വി. ചാക്കോ, റ്റി.സി. ചെറിയാൻ, റ്റി.വി. പോത്തൻ എന്നിവർ നേതൃത്വം നൽകും.

കൂടുതൽ വിവരങ്ങൾക്ക് ഏരിയ കോർഡിനേറ്റർ പാസ്റ്റർ സുരേഷ് കുമാർ കെ.യുമായി ബന്ധപ്പെടുക.ഫോൺ: 9446606244

**ധ്യാനം**

# പ്രാർത്ഥനാലയം വാഴുന്ന പരീശത്വം



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

നിരർത്ഥക പാരമ്പര്യങ്ങളെ ചോദ്യം ചെയ്തുകൊണ്ടുള്ള യേശുവിന്റെ പരസ്യകാല ശുശ്രൂഷകൾ പലതും പരീശ ശാസ്ത്രി സംഘങ്ങളെ പരവശരാക്കിയിട്ടുണ്ട്. പള്ളിയിൽ കടന്നു വരുന്ന സാധാരണക്കാരുടെ നീതി നിഷേധത്തിന്റെയും അവകാശ ധ്വംസനങ്ങളുടെയും പരീശമനോഭാവങ്ങളെ യേശു മുഖവിലക്കെടുത്തില്ല. വ്യർത്ഥമായ ഇവരുടെ പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും ആവശ്യക്കാരന് ലഭിക്കേണ്ട വിടുതലുകളെ പലപ്പോഴും തടയുക പതിവായിരുന്നു. മോശവശം ലഭിച്ച ലിഖിത നിയമങ്ങൾക്കൊപ്പം അവർ രൂപപ്പെടുത്തിയ അലിഖിതമായ പ്രമാണങ്ങൾ പലതും കൂട്ടിച്ചേർത്തുണ്ടാക്കിയ പരീശമതത്തിന്റെ നിയമാവലികൾ, ക്രിസ്തുവിലൂടെ ജനത്തിനു ലഭിക്കേണ്ട നന്മകൾക്കെതിരായിരുന്നു. യവന സംസ്കാരത്തിന്റെ സ്വാധീനതകളിൽ നിന്നും യഹൂദമതത്തെ സംരക്ഷിച്ചു നിറുത്താൻ നടത്തിയ തീവ്ര ധാർമ്മിക പോരാട്ടങ്ങളുടെ പൂർവ്വകാലാനുഭവങ്ങൾ സമ്മാനിച്ച കേവലം മത ഭക്തി പിന്നീടങ്ങോട്ട് കപട ഭക്തിയുടെയും അഭിനയ ആത്മീകരുടെയും വക്താക്കളാക്കി അവരെ മാറ്റി. ക്രിസ്തുവിന്റെ ഉപദേശങ്ങളും പഠിപ്പിക്കലുകളും ഈ പരീശവൃന്ദത്തിന്റെ ഔപചാരിക ധാർമ്മികതയുടെ വികലസിദ്ധാന്തങ്ങളോട് പലപ്പോഴും കൊമ്പു കോർത്തിട്ടുണ്ട്. യേശു എവിടെയെല്ലാം തന്റെ ശുശ്രൂഷകൾക്കായി പോകുന്നോ, അവിടെയെല്ലാം ഈ കൂട്ടർ അവനെ അനുഗമിച്ചിരുന്നു. അവർ പിന്തുടർന്ന് വന്ന പ്രമാണങ്ങൾക്കും പാരമ്പര്യങ്ങൾക്കും കീഴിൽ നിൽക്കാതെ യേശു അതിനെ ലംഘിക്കുന്നുണ്ടോ എന്നതായിരുന്നു അവരുടെ അനുഗമനത്തിന്റെ പിന്നിലെ ലക്ഷ്യം. എന്നാൽ യേശു ഇവരുടെ കപട വാദങ്ങളുടെ വികലത അവരെ ബോധ്യപ്പെടുത്താൻ കിട്ടിയ അവസരങ്ങൾ എല്ലാം ഉപയോഗിച്ചിരുന്നു!

മർക്കോസ് സുവിശേഷം 3-ാം അദ്ധ്യായത്തിന്റെ പ്രഥമ ഭാഗത്ത് അതിനൊരു ദൃഷ്ടാന്തം കാണാം. യേശു പിന്നെയും പള്ളിയിൽ ചെന്നു എന്ന് പറഞ്ഞുകൊണ്ടാരംഭിക്കുന്ന ആ സംഭവത്തിൽ പള്ളിയിൽ വച്ച് വരണ്ട കയ്യുള്ള ഒരു മനുഷ്യനെ താൻ കാണുകയുണ്ടായി. അന്ന് ശബത്തായിരുന്നു എന്നതാണ് ഈ സംഭവത്തിലെ മുഖ്യ വിഷയം. അന്നത്തെ ദിവസം തന്നെ യേശു ഈ മനുഷ്യന്റെ സൗഖ്യത്തിനായി തിരഞ്ഞെടുത്തതിനു പിന്നിൽ ആ മനുഷ്യന്റെ വിടുതലിനേക്കാൾ ഔപചാരിക ധാർമ്മികരുടെ മുടന്തുള്ള പാരമ്പര്യത്തിന്റെ മുനയൊടിക്കുകയായിരുന്നു ലക്ഷ്യം. ശബത്തു ദിവസം പള്ളിയിൽ എത്തിയ യേശുവിന് ഈ വരണ്ട കയ്യുള്ള മനുഷ്യനെ സൗഖ്യമാക്കുവാൻ പരീശ നിയമങ്ങൾ അനുവദിച്ചിരുന്നില്ല. മരണാസന്നനായി ഗുരുതരാവസ്ഥയിൽ കിടക്കുന്ന ആൾക്കു മാത്രം വൈദ്യ സഹായം അനുവദിക്കപ്പെട്ടിരുന്ന, കയ്യോ കാലോ ഉളുക്കിയാൽ അതിലേക്കു തണുത്ത വെള്ളം പോലും ഒഴിക്കുവാൻ വിലക്കേർപ്പെടുത്തിയിരുന്ന ശബത്തു ദിവസത്തിൽ തന്നെ, യേശു വിപ്ലവകരമായ ഈ പ്രവർത്തി ചെയ്തതിലൂടെ യുക്തി രഹിത നീതിശാസ്ത്രങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കുകയായിരുന്നു-പരീശത്വങ്ങളുടെ നിഷ്ക്രിയത്വങ്ങൾക്ക് മേൽ ആഞ്ഞാഞ്ഞു പ്രഹരിക്കുകയായിരുന്നു-പ്രയോജനരഹിതമായ നിയമക്കുരുക്കുകളുടെ നൂലാമാലകളെ അവിടുന്ന് അറുത്തുമാറ്റുകയായിരുന്നു!! ഈ വരണ്ട കയ്യുള്ള മനുഷ്യൻ തീവ്രമായ അപകടാവസ്ഥയിൽ ഉള്ള ആൾ ആയിരുന്നില്ല. അടുത്ത ദിവസത്തേക്ക് വേണമെങ്കിൽ യേശുവിനു ആ മനുഷ്യന്റെ കാര്യം നീട്ടിവയ്ക്കാമായിരുന്നു. എന്നിരുന്നിട്ടും അന്ന് തന്നെ അവനെ സൗഖ്യമാക്കിക്കൊണ്ട് ഈ അഭിനയ വിശുദ്ധരുടെ അത്യാചാര വിമർശന മേധാവിത്വത്തിനെതിരെ യേശു തുറന്നടിച്ചു!

ആത്മാവിന്റെ ശുശ്രൂഷകളിലൂടെ ദൈവമഹത്വമിറങ്ങി ആവശ്യക്കാരന് വേണ്ടി ദൈവീക സമക്ഷത്തുനിന്നും വിടുതലുകൾ ആലയങ്ങളിൽ സംഭവിക്കേണ്ടതിനു പകരം പരസ്പരം ചോദ്യം ചെയ്യലുകളും കുറ്റാരോപണങ്ങളുമായി ആത്മീക കൂടിവരവുകൾ അലങ്കോലപ്പെടുകയാണ്. ദൈവ സഭകളിൽ പരീശന്മാർ ആധിപത്യം സ്ഥാപിക്കുന്നു. പരീശത്വം ആലയത്തെ പിടിമുറുക്കുന്നു..ദൈവവചനത്തിനു പുറത്തുനിന്നും രൂപപ്പെടുത്തിയ അക്ഷരത്തിന്റെ നിയമാവലികൾ അളവുകോലാക്കി ആത്മാവിന്റെ ശുശ്രൂഷകളുടെയും ദൈവീക വിടുതലുകളെയും തടയുന്ന നവപരീശത്വങ്ങളുടെ വരേണ്യമേധാവിത്വങ്ങൾ മൂലം ആലയത്തിൽ വരുന്നവന് അവിടെ നിന്നും ലഭിക്കേണ്ട സൗഖ്യങ്ങളും പരിവർത്തനങ്ങളും കേവലം സ്വപ്നങ്ങളായി തുടരുന്നു. കാലങ്ങളായി അനുഷ്ഠിച്ചു പോരുന്ന ഇത്തരം കപട നയങ്ങളെ ചോദ്യം ചെയ്യുന്നതൊന്നും ആലയത്തിൽ നടക്കാൻ പാടില്ല എന്നതായിരിക്കുന്നു ഇന്നത്തെ സ്ഥിതി. ന്യായപ്രമാണത്തിന്റെ വചനങ്ങൾ അക്ഷരങ്ങളാക്കി പ്രദർശിപ്പിക്കുന്ന കുപ്പായങ്ങളും ധരിച്ചു മോശയുടെ പീഠങ്ങളിൽ ഇരുന്നുകൊണ്ട് ആത്മാവിന്റെ ശുശ്രൂഷകൾക്ക് വിലയിടുന്ന ഈ പരീശത്വ സമീപനങ്ങൾ ക്രിസ്തു എന്ന തലയോളം നാം വളർന്നതിന്റെ ലക്ഷണമല്ല മറിച്ച് നാം നേരിടുന്ന ആത്മീക പാപ്പരത്വത്തിന്റെ പ്രകടമായ തെളിവാണ്. ഉള്ളു തകരുന്ന വേദനയോടെ ദൈവസന്നിധിയിൽ ഹൃദയം പകരാനെത്തിയ ഹന്നയുടെ പ്രാർത്ഥനയുടെ ഞരക്കങ്ങൾ പോലും വീഞ്ഞ് കുടിച്ചതിന്റെ അനന്തരഫലമായി വ്യാഖ്യാനിക്കുന്ന ഏലിയുടെ നിരീക്ഷണങ്ങൾ, ദീർഘവർഷങ്ങളിലെ പൗരോഹിത്യ പാരമ്പര്യം തനിക്കുമേൽ സ്വാധീനിച്ച പരീശത്വത്തിന്റെ മറ്റൊരു വശമാണ്. പൗരോഹിത്യ ശുശ്രൂഷയുടെ കാലപ്പഴക്കത്തിൽ പഠിച്ചു വച്ചതിനപ്പുറമൊന്നു ആലയത്തിൽ സംഭവിച്ചപ്പോൾ അതിനെതിരെ വിമർശന ഭാവത്തിൽ പ്രതികരിക്കുന്ന ആത്മീക വൈകല്യം!

ദൈവാലയത്തിലെ കുരുടരും മുടന്തരും വരണ്ട കൈക്കാരും ചെകിടരും പക്ഷവാതക്കാരും ഒക്കെ വികല ആത്മീകതയുടെ വ്യത്യസ്ത മേഖലകളെ പ്രതിനിധീകരിക്കുന്നവർ ആണ്. ന്യായപ്രമാണം വിലക്കേർപ്പെടുത്തിയ പലതിനെയും ആലയത്തിനുള്ളിൽ ഇവർ അനുവദിക്കുന്നുണ്ടെങ്കിലും ഇവരുടെ പ്രശ്നങ്ങളെ ചികിത്സിക്കാനുള്ള ദൈവവചനാധിഷ്ഠിതമായ ശുശ്രൂഷകൾക്ക് ഈ കൂട്ടർ എതിരാണ്. കാലങ്ങളും സമയങ്ങളും നോക്കി ദൈവീക പ്രവർത്തിയെ നിജപ്പെടുത്താനുള്ള ഇത്തരം പള്ളിപ്രമാണിമാരുടെ നയങ്ങൾ ആത്മീകമായി അംഗഭംഗം വന്നവരെ സൃഷ്ടിക്കാൻ മാത്രമേ കാരണമാകു. അതുകൊണ്ട് തന്നെ പ്രാർത്ഥനാലയം വാഴുന്ന പരീശത്വങ്ങൾക്ക് നേരെ യേശു സ്വീകരിച്ച നയത്തോട് നമുക്കും ചേർന്നു നിൽക്കാം!!.

## ഭാരവാഹികൾ

**വയനാട്:** പി. വൈ. പി. എ. വയനാട് സോണലിന് പുതിയ നേതൃത്വം. പാസ്റ്റർ ജോബിൻ ജോൺ (പ്രസിഡന്റ്), ബ്രദർ ടിങ്കു (വൈസ് പ്രസിഡന്റ്), ബ്രദർ സന്ദീപ്, വെളുമ്പുകണ്ടം (സെക്രട്ടറി), പാസ്റ്റർ സിജോ മീനങ്ങാടി (ജോയിന്റ് സെക്രട്ടറി), ബ്രദർ ബൈജു (ട്രഷറാർ), കമ്മിറ്റി അംഗങ്ങൾ ബ്രദർ ജെയിസൺ വർഗീസ്, ബ്രദർ സോജൻ. സോണലിന്റെ പ്രവർത്തന ഉദ്ഘാടനം സെപ്റ്റംബർ 6-ന് ഉച്ചയ്ക്ക് 3 മണിക്ക് മീനങ്ങാടി ക്ഷീരവികസന ഓഡിറ്റോറിയത്തിൽ നടത്തി. കേരളാ സ്റ്റേറ്റ് പി.വൈ.പി.എ പ്രസിഡന്റ് ബ്രദർ സുധി കല്ലുങ്കൽ നിർവ്വഹിച്ചു.

## സെന്റർ കൺവൻഷൻ

**കീഴൂർ:** ഐപിസി കുറവിലങ്ങാട് സെന്റർ വാർഷിക കൺവൻഷൻ 2016 ഫെബ്രുവരി 4 മുതൽ 7 വരെ നടക്കും. പാസ്റ്റർമാരായ സുരേഷ് കീഴൂർ, ബാബു ചെറിയാൻ, വർഗീസ് എബ്രഹാം, കെ.സി തോമസ്, രാജു ആനിക്കാട്, ,ഷാജു സി. ജോസഫ് എന്നിവർ പ്രസംഗിക്കും.

## ഉപവാസ പ്രാർത്ഥന

**കീഴൂർ:** ഐപിസി കുറവിലങ്ങാട് സെന്റർ ഐക്യ ഉപവാസ പ്രാർത്ഥന സെപ്റ്റംബർ 12-ന് രാവിലെ 10 മുതൽ മുട്ടുചിറ സഭയിൽ നടക്കും. പാസ്റ്റർ സുരേഷ് കീഴൂർ നേതൃത്വം നല്കും.

കാലികം

# യോഗയും, നിലവിളക്കും, ശിരോവസ്ത്രവും നൽകുന്ന മുന്നറിയിപ്പ്



സജി നെടുങ്കണ്ടം
9495669391

ദേശീയ രാഷ്ട്രീയം ഏറെ ചർച്ച ചെയ്യപ്പെട്ട യോഗ ദിനാചരണവും കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്ന വകുപ്പ് മന്ത്രി ശ്രീ അബ്ദുൾറബിന്റെയും വിളക്ക് വിവാദവും ഒടുവിൽ അഖിലേന്ത്യ മെഡിക്കൽ പ്രവേശന പരീഷയ്ക്ക് എത്തിയ സന്യാസി സമൂഹത്തിൽ പെട്ട ഒരു സഹോദരിക്ക് പ്രവേശനാനുമതി നിക്ഷേധിച്ച ശിരോവസ്ത്രതിരസ്ക്കരണവും അൽപ്പ നേരത്തേക്ക് എങ്കിലും രാഷ്ട്രീയ കേരളം ഏറെ ചർച്ച ചെയ്തു. ജാതി, മത, വർഗ്ഗചിന്തകൾ അതീതമായി രാജ്യത്തിലെ നിയമം നിൽക്കുമ്പോഴും ജൂലൈ 27-ലെ മാതൃഭൂമിയിൽ വന്ന കെ.പി.സി.സി പ്രസിഡന്റ് ശ്രീ വി.എം, സുധീരന്റെ പ്രസ്താവന ശിരോവസ്ത്രം അനുവദിക്കാത്തത് പൗരാവകാശ ലംഘനമായി പോയി എന്നാണ്. ഏതൊരു മതത്തിൽ പെട്ടവരുടെയും ആചാര അനുഷ്ഠാനങ്ങൾ സംരക്ഷിക്കുന്നതിന് ഇൻഡ്യൻ ഭരണഘടന ഉറപ്പ് നൽകുന്നുണ്ട്. നിലവിളക്ക് കൊളുത്താൻ തയ്യാറാകാതെ നിന്ന മന്ത്രിയെ അതെ സ്റ്റേജിൽ മറ്റൊരു മുസ്ലീം കലാകാരൻ വിമർശിക്കുന്നുണ്ട്. മുസ്ലീംലീഗിലാകട്ടെ കത്തിക്കാം കത്തിക്കാതിരിക്കാം എന്നി രണ്ട് ആശയങ്ങൾ ഉരുത്തിരിഞ്ഞുവന്നു എങ്കിലും നിലവിളക്ക് കൊളുത്തുന്നതിനെ നിശിതമായി എതിർത്തു കൊണ്ടുള്ള ഔദ്യോഗിക പ്രഖ്യാപനമാണ് പാർട്ടിയുടെ ഭാഗത്തു നിന്ന് ഉണ്ടായത്. രാജ്യത്തിന്റെ നിയമങ്ങൾക്ക് ഏതൊരു പൗരനും വിധേയപ്പെടണം. അല്ലാത്ത പക്ഷം നീതിനിർവ്വഹണ സമിതി അവരെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് ശിക്ഷിക്കും. ഇതിന്റെ എല്ലാം പിന്നിൽ മറശീലയ്ക്ക് പുറകിൽ നടപ്പിൽ വരുത്താൻ വെമ്പൽ കൊള്ളുന്ന ചില ഹിഡൻ അജണ്ടകൾ ഉണ്ട് എന്നതാണ് യാഥാർത്ഥ്യം. ന്യൂനപക്ഷ സംരക്ഷണം എന്നതിൽ ഉപരി നാടുകടത്തൽ എന്ന സമ്പ്രദായത്തിനാണ് ഭാരതത്തിൽ മത മൗലീകവാദികളായ രാഷ്ട്രീയകക്ഷികൾ ഒത്തുപിടിക്കുന്നത്. ഇന്ത്യയിൽ ആശയപരമായി ഒത്തുപോകാൻ കഴിയുന്ന കക്ഷികളെല്ലാം ഭൂരിപക്ഷ മത ഐക്യത്തിന്റെ പിന്നിൽ അണിചേരുകയാണ്. ന്യായമായ സംശയം ഉന്നയിക്കുന്ന ന്യൂനപക്ഷത്തോട് നിങ്ങൾ പാകിസ്ഥാനിലോ, അമേരിക്കയിലോ പോകുക എന്നാണ് ഇവർ പറയുന്നത്. ഇതെല്ലാം ചേർത്ത് കൂട്ടി വായിച്ചാൽ അരിആഹാരം കഴിക്കുന്ന ഏതൊരു വ്യക്തിക്കും ഇതിന്റെ പിന്നിലെ അജണ്ട പകൽ പോലെ വ്യക്തമാകും. ഭാരതത്തിന്റെ ഐക്യതയും അഖണ്ഠതയും തച്ച് ഉടയ്ക്കുന്ന മതരാഷ്ട്രീയ വെറിയന്മാർ ഈ നാനാത്വത്തിൽ ഏകത്വം എന്ന ഭാരതീയന്റെ ഉത്കൃഷ്ട സംസ്കാരത്തെ തെരുവിൽ തച്ച് ഉടയ്ക്കാൻ ശ്രമിക്കുന്നു.

ഇവിടെ വേർപാടും വിശുദ്ധിയും എന്നി ദൈവീക പദ്ധതി ഉയർത്തിപ്പിടിക്കേണ്ട ദൈവജനം ബൈബിൾ വചന നിലപാടുകളിൽ ഉറച്ചു നിൽക്കണം. നാട് ഓടുമ്പോൾ നടുവേ ഓടുന്നവരല്ല ദൈവമക്കൾ. അവർക്ക് യേശുവിന്റെ ക്രൂശ് മരണത്തിലൂടെ പുതിയൊരു നിയമം ലഭിച്ചിരിക്കുന്നു. മൂർച്ചയേറിയ വാളിന്റെ മുന്നിൽ കഴുത്ത് നീട്ടേണ്ടി വന്നാലും ദൈവവചനം വിട്ട് ഇടത്തോട്ടോ വലത്തോട്ടോ പെന്തെക്കോസ്തുകാർ തിരിയരുത്. യഹൂദാ ബാലന്മാർ ആയിരുന്ന ശദ്രക്ക്, മേശക്ക്, അബേദ്നഗോ എന്നീ ചെറുപ്പക്കാരോട് രാജ്യത്തിന്റെ ഭരണാധികാരിയായ നെബുക്കദ്നേസർ കൽപ്പന പുറപ്പെടുവിച്ചു. ദൈവപ്രമാണം ഉള്ള ഇവർ ബിംബത്തെ നമസ്ക്കരിക്കണം. അതിന് തയ്യാറാകാത്തവർക്ക് ലഭിക്കുന്ന ശിക്ഷ ആളിക്കത്തുന്ന തീയിലേക്ക് അവരെ വലിച്ചെറിയും. മരണത്തിന്റെ മുമ്പിലും അവർ പഠിച്ച് ആചരിച്ച് വരുന്ന പ്രമാണം അടിയറവു വയ്ക്കാൻ തയ്യാറായില്ല. “ഞങ്ങളുടെ ദൈവം വിടുവിച്ചാലും വിടുവിച്ചില്ലെങ്കിലും രാജാവേ നീ നിർത്തിയ ബിംബത്തെ നമസ്കരിക്കുകയില്ല”. ഒടുക്കം തീരുമാനത്തിൽ ഉൾപ്പെട്ടവർ തീപൊയ്കയിൽ വീണെങ്കിലും അഖിലാണ്ഡത്തിന്റെ ഉടമസ്ഥൻ അവരെ അവിടെയും കൈവിട്ടില്ല. ഒരു മുസ്ലീമിന് നിലവിളക്ക് കൊളുത്താൻ അനുവാദമില്ല. അതുകൊണ്ട് ജനങ്ങൾ വോട്ടു രേഖപ്പെടുത്തി മന്ത്രി ആക്കിയാതാണെങ്കിലും താൻ തന്റെ നിലപാടിൽ ഉറച്ചു നിന്നു. മതാചാരപ്രകാരം ഒരു കന്യസ്ത്രീക്ക് ലഭിച്ചിട്ടുള്ള ഔദ്യോഗിക വസ്ത്രധാരണത്തിന്റെ ഭാഗമായ ശിരോവസ്ത്രം പൊതുജനസമക്ഷം ഊരാൻ പാടില്ല. അഖിലേന്ത്യ മെഡിക്കൽ പരീക്ഷ എഴുതാൻ കഴിഞ്ഞില്ല എങ്കിലും അവർ അവരുടെ നിലപാടിൽ ഉറച്ചു നിന്നു. സത്യ ദൈവത്തെ യഥാർത്ഥമായി ആരാധിക്കുന്ന പെന്തെക്കോസ്തുകാരനാണ് ഇങ്ങനെ ഒരു പരീക്ഷണം വരുന്നതെങ്കിൽ അവർ എടുക്കുന്ന നിലപാട് ഓർക്കുമ്പോൾ ഉത്കണ്ഠ തോന്നുന്നു. കാരണം വിശുദ്ധ സഭായോഗം മുടക്കാൻ പാടില്ല എന്ന് ദൈവീക ഉപദേശം ലഭിച്ചിട്ടും സഭായോഗം മുടക്കി വിവാഹത്തിന് പോകുന്നവരുടെ എണ്ണം നമ്മുടെ ,സമൂഹത്തിൽ ഏറെയല്ലേ? ദൈവവചനം ഏറെ ഏറെ പ്രസംഗിക്കുമെങ്കിലും വചനത്തിന് കൊടുക്കേണ്ട ബഹുമാനവും മാന്യതയും വേർപെട്ടവരുടെ ഇടയിൽ വിവാദങ്ങളും രാഷ്ട്രീയ ചർച്ചകളും നമ്മുടെ സമൂഹത്തിൽ ഏറെ കൊട്ടിഘോഷിക്കപ്പെടുമ്പോൾ ഈ വിഷയത്തിൽ പെന്തെക്കോസ്തുകാരന്റെ നിലപാട് ഇപ്രകാരം ഉള്ളത് എന്ന് വ്യക്തമാക്കി കൊണ്ട് ക്രൈസ്തവ പത്രങ്ങളിലെങ്കിലും ഒരു ലേഖനം എഴുതാൻ നമ്മുടെ നേതൃത്വം മുന്നോട്ട് വരണം. കല്യാണത്തിന് കൈമടക്ക് വാങ്ങിച്ചും കടലിനക്കരെ കവർ മോഹിച്ചും മാത്രം തങ്ങളുടെ ഭരണകാലം സുഖത്തോടെ കഴിച്ച് കൂട്ടുന്ന അനങ്ങാപ്പാറനയത്തിൽ നിന്നും നമ്മുടെ നേതൃത്വം പുറത്തുകടക്കണം. കാലം അതിന്റെ അന്ത്യത്തിലേക്ക് നീങ്ങുന്നു. ദൈവ സഭ പീഡയുടെ കവാടത്തോട് ഏറെ അടുത്തിരിക്കുന്നു. സഭ സംഘടന വ്യത്യാസം ഇല്ലാതെ പെന്തെക്കോസ്തുകാർ ഒരു കുടക്കീഴിൽ അണിചേരണം. ദൈവസഭ നേരിടുന്ന വെല്ലുവിളികൾ പരസ്പരം ചർച്ച ചെയ്യണം പ്രാർത്ഥിക്കണം. മതിലിൻമേൽ ചിതറിയുള്ള ഈ പെന്തെക്കോസ്തുകാരന്റെ അയഞ്ഞ സമീപനം സഭയ്ക്കു നാളെ ഏറെ ദോഷം ചെയ്യും. ഐക്യതയുടെ ആത്മാവ് വേർപെട്ട സഭകളെ കൂട്ടമായി ഭരിക്കട്ടെ. കാലഘട്ടത്തിന്റെ വെല്ലുവിളികളെ കൂട്ടമായ് നേരിടാം. ഐ.പി.സിയും, ഏ.ജിയും, ശാരോനും, ചർച്ച് ഓഫ് ഗോഡുകാരനും സർവ്വസ്വതന്ത്രരും കാഹളശബ്ദത്തിന്റെ മുമ്പിൽ കുലം കുലമായും ഗോത്രം ഗോത്രമായും അണിചേരട്ടെ. പെന്തെക്കോസ്തുകാരുടെ ഐക്യത്തിന് ഇനി ഒരു കാലതാമസം ഉണ്ടായാൽ നിത്യതയിൽ പോലും ഈ കൂട്ടർ ഒത്തൊരുമിക്കുകയില്ല എന്ന് വിശ്വസിക്കാം. ഒരു ഏകീകരണം നമ്മുടെ ഇടയിൽ ഉണ്ടാകുവാൻ വിശുദ്ധന്മാർ പ്രാർത്ഥിക്കട്ടെ. അപ്പോഴേക്കും അടുത്ത വിവാദത്തിന് കേരള രാഷ്ട്രീയം വെടിമരുന്ന് നിറച്ചു കഴിയും.

കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748



MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 17
BELIEVERS JOURNAL
PUBLISHED ON 10/09/2015
BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Posted at RMS Thiruvalla
Annual Sub. ₹ 150
RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

# ഐ.പി.സി മിഡ്‌വെസ്റ്റ് റിജിയൻ പി.വൈ.പി.എ കൺവൻഷൻ


വെസ്ലി ആലുംമൂട്ടിൽ


ബ്ലിസ് വർഗീസ്

**ഹൂസ്റ്റൺ:** മിസ്‌വെസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ സെപ്റ്റംബർ 4,5,6 തീയതികളിൽ ഐ.പി.സി ഹെബ്രോൻ ഹാളിൽ നടക്കും. സുവി. ബ്ലിസ് വർഗീസ് ന്യൂയോർക്ക് ദൈവവചനം പ്രസംഗിക്കും. ഉത്ഘാടനം മിഡ് വെസ്റ്റ് റീജിയൻ പ്രസിഡന്റ് വെസ്ലി ആലുംമൂട്ടിൽ നിർവ്വഹിക്കും. 5-ാം തീയതി രാവിലെ 9 മണി മുതൽ താലന്ത് പരിശോധന നടക്കും. വാർഷിക കൺവൻഷന് വിപുലമായ ക്രമീകരണങ്ങൾ തുടങ്ങികഴിഞ്ഞുവെന്ന് പബ്ലിസിറ്റി കൺവീനർ ജിജോ ജോർജ് അറിയിച്ചു.

# ഭാരവാഹികൾ


പാസ്റ്റർ കെ.സി.ജോൺ


ഇവ.അജു അലക്സ്


സുധി കല്ലുങ്കൽ

**തിരുവല്ല:** ഇന്ത്യൻ പെന്തക്കോസ്ത് ദൈവസഭ തിരുവല്ല ഡിസ്ട്രിക്റ്റിലെ 2015-16 ലെ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഐ.പി.സി ഗോസ്പൽ സെന്ററിൽ വച്ച് നടന്ന ജനറൽ ബോഡിയിൽ പാസ്റ്റർ കെ. സി. ജോൺ (പ്രസിഡന്റ്), ഇവ. അജു അലക്സ് (സെക്രട്ടറി), സുധി കല്ലുങ്കൽ (ട്രഷറർ), പാസ്റ്റർ രാജു പൂവക്കാല, പാസ്റ്റർ പി.വി. ഐസക്ക് (ജനറൽ മിനിസ്റ്റേഴ്സ്), പാസ്റ്റർ ചാക്കോ ജോൺ (വൈസ് പ്രസിഡന്റ്) ജോസഫ് പി. സൈമൺ (ജോ. സെക്രട്ടറി) റോയി ആന്റണി (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തെരഞ്ഞെടുത്തു.

## സ്കൂൾ ഓഫ് ജേർണലിസം ആരംഭിക്കുന്നു

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡിലെ എഴുത്തുകാരുടെയും പ്രസാധകരുടെയും വേദിയായ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് സ്കൂൾ ഓഫ് ജേർണലിസം ആരംഭിക്കുന്നു. ഈ ഹ്രസ്വകാല കോഴ്സിൽ കേരളത്തിലെ മുഖ്യാധാര എഴുത്തുകാരും ജേർണലിസ്റ്റുകളും പ്രമുഖ അധ്യാപകരും ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപയാണ്. ഫീൽഡ് വർക്കും സ്റ്റഡി ടൂറും ഉണ്ടായിരിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. അക്കമഡേഷൻ ഉണ്ടായിരിക്കുന്നതല്ല. ആഴ്ചയിൽ മൂന്നു ദിവസം വീതമുള്ള മൂന്നു മാസത്തെ ക്ലാസുകൾ കുമ്പനാട് ആസ്ഥാനമാക്കി ആയിരിക്കും നടക്കുന്നത്. സഭാ സംഘടന വ്യത്യാസം ഇല്ലാതെ ആർക്കും ഈ കോഴ്സിൽ പങ്കെടുക്കാം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

9847340246, 9447455820, 9447368795

*E-mail:* jaisepandanad@gmail.com

# ഓസ്ട്രേലിയൻ ഐ. പി. സി. കോൺഫറൻസ് മെൽബണിൽ



**മെൽബൺ:** ഓസ്ട്രേലിയയിലുള്ള ഇൻഡ്യൻ പെന്തെക്കോസ്തൽ സഭകളുടെ ആറാമത് ഫാമിലി കോൺഫറൻസ് 2016 മാർച്ച് 25,26,27 തീയതികളിൽ മെൽബണിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. കൂനംങ്ങ് സെക്കന്റ് സ്കൂളിൽ വെച്ചു നടന്ന ഐപിസി ഓസ്ട്രേലിയ റീജിയന്റെയും ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തെക്കോസ്തൽ കോൺഫറൻസിന്റെയും നാഷണൽ കമ്മിറ്റികളുടെ സംയുക്ത യോഗത്തിൽ പാസ്റ്റർ തോമസ് ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു.

മെൽബൺ കോൺഫറൻസിനു വേണ്ടി പാസ്റ്റർ തോമസ് ജോർജ്ജ്, പാസ്റ്റർ മാത്യു തര്യൻ, പാസ്റ്റർ പ്രകാശ് ജേക്കബ്, പാസ്റ്റർ വർഗീസ് ഉണ്ണുണ്ണി, പാസ്റ്റർ ഏലിയാസ് ജോൺ, പാസ്റ്റർ സജിമോൻ സ്കറിയ, പാസ്റ്റർ എബ്രഹാം ജോർജ്, പാസ്റ്റർ, ഷിബു വർഗീസ്, പാസ്റ്റർ സുനിൽ പണിക്കർ, ബ്രദർ ബിന്നി സി മാത്യു, ബ്രദർ ജോബിൻ എ. ജെയിംസ്, ബ്രദർ ടോമി വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ രൂപികരിച്ച് പ്രവർത്തനമാരംഭിച്ചു.

ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ്
**സ്കൂൾ ഓഫ് ജേർണലിസം**
ഡിപ്ലോമ ഇൻ ക്രിസ്ത്യൻ ജേർണലിസം (DCJ) കോഴ്സിലേക്ക്
സെപ്റ്റംബർ 16 മുതൽ അഡ്മിഷൻ ആരംഭിക്കുന്നു
പ്രഗത്ഭരായ ജേർണലിസ്റ്റുകൾ ക്ലാസുകൾ എടുക്കുന്നു
മികച്ച അക്കാദമിക് നിലവാരം,
ഫീൽഡ് വർക്കിനും സ്റ്റഡി ടൂറിനും അവസരം
നിങ്ങൾക്കും പത്രപ്രവർത്തകരാകാൻ ഇതാ ഒരു സുവർണ്ണാവസരം
കാലാവധി മൂന്ന് മാസം
യോഗ്യത SSLC/ PLUS 2
കൂടുതൽ വിവരങ്ങൾക്ക്:
ജനറൽ സെക്രട്ടറി
ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇന്ത്യ
C/o ബിലീവേഴ്സ് ജേണൽ
കണ്ടങ്കേരിൽ ബിൽഡിംഗ്, കുമ്പനാട് പി. ഒ. , തിരുവല്ല - 689 457
Email: beljourn@gmail.com/ jaisepandanad@gmail.com
9847340246, 9447455820, 9447368795

# നവജ്യോതി ആയുർവേദ ഹോം ഹെറിറ്റേജ് ഹോസ്പ്പിറ്റലിന്റെ പുതിയ ശാഖ

## തിരുവല്ലയ്ക്കടുത്ത് പായിപ്പാട് പ്രവർത്തനം ആരംഭിക്കുന്നു



6 വർഷമായി സോറിയാസിസ്, ഡിസ്ക് തകരാറുകൾ, ഡയബെറ്റിക്, ഹാർട്ട് ബ്ലോക്ക് തുടങ്ങിയ വിവിധ രോഗങ്ങൾക്ക് ഏറെ ഫലപ്രദമായ ആയുർവേദ പച്ചമരുന്ന് ചികിത്സ നടത്തിവരുന്ന നവജ്യോതി ആയുർവേദ ഹോം ഹെറിറ്റേജ് ഹോസ്പിറ്റൽ പയ്യന്നൂർ (കണ്ണൂർ) എന്ന സ്ഥാപനത്തിന്റെ പുതിയ ശാഖ 2015 സെപ്റ്റംബർ 17ന് വ്യാഴാഴ്ച 4 പി. എമ്മിന് തിരുവല്ലയ്ക്കടുത്തുള്ള പായിപ്പാട് പ്രവർത്തനം ആരംഭിക്കുന്നു.

ചർച്ച് ഓഫ് ഗോഡ് കർണ്ണാടക മലയാളം സഭകളുടെ അഡ്മിനിസ്ട്രേറ്റർ പാസ്റ്റർ എം. കുഞ്ഞപ്പിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ പവർവിഷൻ ചാനൽ ചെയർമാൻ പാസ്റ്റർ കെ. സി. ജോൺ പ്രാർത്ഥിച്ച് സമർപ്പിക്കുകയും ബഹു. സ്പോർട്സ് ഗതാഗത വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുകയും ചെയ്യും. മുഖ്യ അതിഥി ശ്രീ രാജു എബ്രഹാം റാന്നി എം. എൽ. എ. തെക്കൻ കേരളത്തിലെ രോഗികൾക്ക് ദീർഘദൂരം യാത്രചെയ്ത് പയ്യന്നൂരിൽ എത്തുന്നതിനു പകരം സ്വദേശത്തു തന്നെ ചികിത്സാ സൗകര്യം ലഭിക്കുന്നത് ഏറെ അനുഗ്രഹപ്രദമാണ്.

ഹോസ്പിറ്റൽ എം. ഡി. ശ്രീ. കെ. എം. ബിനോയ് വൈദ്യർ സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ പായിപ്പാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സി. ബി. ഏബ്രഹാം, വിവിധ മതരാഷ്ട്രീയ സാമൂഹിക നേതാക്കൾ തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിക്കും. ഉദ്ഘാടന സമ്മേളനത്തിലേക്കും തുടർന്നും എല്ലാവരുടെയും സാന്നിദ്ധ്യ സഹായ സഹകരണങ്ങൾ സാദരം അഭ്യർത്ഥിക്കുന്നു.

**ഫോൺ: 9496214000, 9048712570, 9400566214**

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.